G. ~~46~~ 47

# ഗൌതമബുദ്ധൻ.

T. Janaky,
S. S. L. C. Class,
B. M. G. H. School
Palghat.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

പുന്നനൂർ രാമപിഷാരടി.

A. Janaky
S.S.L.C. class
2/01/43

# GOUTAMA BUDHA.

BY

**PAZHAYANUR RAMA PISHARODY.**

*(Author of Asoka, Karuna, Ratnamala,
~~Chilappathikaram, Manimekhala~~, Swarnakumari,
Mohanasundaram, Etc.)*

# ഗൌതമബുദ്ധൻ.

ഗ്രന്ഥകാരൻ:
പഴയന്നൂർ രാമപിഷാരടി.

മൂന്നാം പതിപ്പ്.

THE EDUCATIONAL SUPPLIES DEPOT.
Book-Sellers,
Publishers &
Stationers.
PALGHAT.

*Publisher:*
T. KRISHNA PISHARODY.
Pazhayanur, Via Ottapalam.

PRINTED AT THE NORMAN PRINTING BUREAU, CALICUT.

# BOOKS CONSULTED.


1. Light of Asia, *by E. Arnold.*

2 Goutama, the Budha, *by Edith Holland.*

3 The Prince Wonderful, *by Richard Wilson.*

4. Goutama Budha, *by E. D Watkins.*

Quotations from *'Sree Budha Charitham'* and *'Pourasthya Deepam'*


294.3
RAM

A. Tanaky
S.S.L.C. cl
B.M.G.H. Sch
Palghat

# FOREWORD.

The proprietors of the Strand Magazine asked Mr. H. G. Wells to mention the six greatest men known to History, and he gave the names of Christ, Buddha, Aristotle, Asoka, Abraham Lincoln and Roger Bacon. When I read Mr. Wells' article on the subject I formed an idea of writing the life-sketches of all these greatest men as well as those of Alexander, Akbar and Napolean. "Goutama Buddha" is the second of the series, "Asoka" having been published more than a year ago. "Akbar" is just going through the press and will be out shortly.

My idea in writing these brief sketches is to present to the students in particular some of the noblest ideals set forth by these world's greatest men.

The present volume has been prepared in such a manner as to avoid all allegorical details of the Buddha's life, and the Jataka Tales have, therefore, been mostly left out.

PALGHAT,
20TH DECEMBER 1931. R. P.

A Janaky
S.S.L.C. Class.

# ഗൌതമബുദ്ധൻ

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

## ഒന്നാം അദ്ധ്യായം.

### ജനനവും ചെറുപ്പകാലവും.

പവിത്രഭൂമിയായ നേപ്പാളത്തിന്റെ മനോജ്ഞ പരിസരങ്ങളിൽ ഏറക്കുറെ രണ്ടായിരത്തിഅഞ്ഞൂറു കൊല്ലങ്ങൾക്കുമുമ്പ് ശാക്യവംശാധിപനായി ശുദ്ധോദനൻ എന്ന ഒരു രാജാവുണ്ടായിരുന്നു. നീതിജ്ഞനും പ്രജാക്ഷേമതല്പരനുമായ അദ്ദേഹത്തെ സകല ശാക്യരും അത്യന്തമാദരിച്ചുപോന്നിരുന്നു. അക്കാലത്ത് ഭാരതഖണ്ഡത്തിലുണ്ടായിരുന്ന മിക്ക രാജാക്കന്മാൎക്കും ശുദ്ധോദനൻ ഒരു മാതൃകാപുരുഷനായി ഭവിച്ചു. ശാക്യന്മാരെപ്പോലെ രാജഭക്തി മററാൎക്കുമില്ലെന്നുള്ള ഖ്യാതി അദ്ദേഹത്തിന്റെ പ്രജകൾക്കും സിദ്ധിച്ചു. ഇപ്രകാരം ലോകപ്രസിദ്ധന്മാരായ്ത്തീൎന്ന ശാക്യവംശക്കാരുടെ ഭാഗ്യലക്ഷ്മി കപിലവസ്തു എന്ന തലസ്ഥാനനഗരത്തിൽ പ്രകൃതിയുടെ രമണീയതയാലും ശില്പവിദ്യയുടെ മഹനീയതയാലും ഉത്തരോത്തരം വിലസിക്കൊണ്ടിരുന്നു.

എന്നാൽ, ശുദ്ധോദനനു പുത്രനുണ്ടായിരുന്നില്ല. അതുനിമിത്തം മററു ഭാഗ്യങ്ങളൊന്നും അദ്ദേഹത്തിന്നു യഥാൎത്ഥമായ സുഖം നൽകിയില്ല. ദാനം, പ്രാൎത്ഥന,

തപസ്സ എന്നിവയൊന്നും ഫലപ്രദമായി കാണായ്കയാൽ തന്റെ വംശം കുററിയററുപോകുമെന്നുതന്നെ അദ്ദേഹം തീരുമാനിച്ചു. അദ്ദേഹത്തിന്റെ ആശയെല്ലാം നശിച്ചു. തന്റെ വാത്സല്യഭാജനങ്ങളായ പ്രജകളുടെ ഭാവിയെപ്പററി അദ്ദേഹത്തിന്ന് എന്തെന്നില്ലാത്ത ആശങ്കയുണ്ടായിത്തീരുകയും ചെയ്തു.

അങ്ങിനെയിരിക്കെ രാജപത്നിയായ മായാദേവി ഒരു സ്വപ്നംകണ്ടു. മായാദേവി തന്റെ ഭർത്താവിന്റെ സമീപത്തിൽ നിദ്രചെയ്കയായിരുന്നുവെന്നും ആ സമയത്ത് അതിധവളമായ ഒരു നക്ഷത്രം ആകാശമണ്ഡലം വിട്ട് ശീഘ്രഗതിയിൽ മായാദേവിയുടെ ഗർഭപാത്രത്തിൽ പ്രവേശിച്ചുവെന്നുമായിരുന്നു സ്വപ്നം. ഉടനെതന്നെ മായാദേവി ഉണരുകയും സ്വപ്നവൃത്താന്തം ഭർത്താവിനെ അറിയിക്കുകയും ചെയ്തു. ഇതുകേട്ടു പരിഭ്രമിച്ചു രാജാവ് പിറെറന്നു കാലത്ത് സ്വപ്നഫലം പറയുന്നവരെ വരുത്തി, അവരോട് സ്വപ്നത്തിന്റെ അർത്ഥമെന്തെന്നു ചോദിച്ചു. ജ്ഞാനികളായ അവർ അതിനെപ്പററി വഴിപോലെ ആലോചിച്ചുശേഷം ഇപ്രകാരമാണ് പറഞ്ഞതു:– "പ്രഭോ! രാജ്ഞിയുടെ ഈ സ്വപ്നം ഇവിടുത്തെ രാജവംശത്തിന്നുണ്ടാകാൻ പോകുന്ന അവർണ്ണനീയമായ ഭാഗ്യത്തെയാണ് സൂചിപ്പിക്കുന്നതു. രാജ്ഞി പരമശ്രേഷ്ഠനും സർവ്വജനപ്രിയനുമായ ഒരു പുത്രനെ പ്രസവിക്കും. ആ പുത്രൻ എല്ലാ ലോകങ്ങളേയും ഉദ്ധരിക്കുന്നവനും പല കലകളോടുകൂടിയവനുമായിരിക്കും."

ഈ വൃത്താന്തം കേട്ടപ്പോൾ രാജാവിന്ന് അതുലമായ സന്തോഷമുണ്ടായി. അദ്ദേഹം സ്വപ്നഫലം പറ

ത്തവൎക്ക വിശേഷപ്പെട്ട സമ്മാനങ്ങൾ കൊടുത്ത് അ
വരെ സംതൃപ്തരാക്കി അയച്ചു. തങ്ങളുടെ രാജാവിന്നു
പുത്രനുണ്ടാകുവാൻ പോകുന്നുവെന്നു കേട്ടിട്ടു് പ്രജകളും
സന്തോഷഭരിതരായ്ത്തീൎന്നു.

ഇങ്ങിനെ ഒമ്പതുമാസം കഴിഞ്ഞു. പത്നിയുടെ ഗ
ൎഭം പുഷ്ടിപ്പെട്ടുവന്നതോടുകൂടി രാജാവിന്റെ സന്തോഷ
വും വൎദ്ധിച്ചു. അനന്തരം, പൂൎണ്ണഗൎഭയായ മായാദേവി ഒ
രു പുത്രനെ പ്രസവിച്ചു. ആ സമയത്ത് ലോകത്തിൽ
പല വിശേഷസംഭവങ്ങളുമുണ്ടായി. പുണ്യവാനും ലോ
കരക്ഷകനുമായ ഒരു ജീവൻ അവതരിച്ചതറിഞ്ഞ് സ
ൎവ്വചരാചരങ്ങളും സംതൃപ്തിയടഞ്ഞുപോൽ!

രാജാവാകട്ടെ, പുത്രലാഭത്തെയോൎത്ത് ദേവാലയ
ങ്ങളിൽ ഉത്സവം നടത്തുകയും വിശിഷ്ടന്മാൎക്ക പലവിധ
ദാനങ്ങൾ നല്കുകയും ദരിദ്രന്മാൎക്ക് അന്നവസ്ത്രാദികൾ
കൊടുക്കുകയുംചെയ്തു. ശാക്യരുടെ ഇടയിൽ അന്നത്തെ
പ്പോലുള്ള ഒരു വിശേഷസന്ദൎഭം പണ്ടു് ഒരുകാലത്തുമു
ണ്ടായിട്ടില്ല.

പുത്രജനനം സംബന്ധിച്ച ആഘോഷങ്ങളിൽ
പങ്കുകൊള്ളുവാനായി അന്യദിക്കുകളിൽനിന്ന് കപില
വസ്തുവിലേക്കു വന്ന ജനങ്ങളുടെ കൂട്ടത്തിൽ അസിതൻ
എന്ന ഒരു വൃദ്ധതാപസനുമുണ്ടായിരുന്നു. അദ്ദേഹം സ
ൎവ്വസംഗപരിത്യാഗിയും ജ്ഞാനദൃഷ്ടികൊണ്ടു് ലോകവൃ
ത്താന്തം മുഴുവൻ അറിവാൻ കഴിയുന്നവനുമായിരുന്നു,
പരമഭാഗവതനായ ആ മഹൎഷിയുടെ മുഖത്തു തിളങ്ങി
ക്കൊണ്ടിരുന്ന ബ്രഹ്മതേജസ്സും ഗാംഭീൎയ്യവും കണ്ടു് രാജാ
വ് അദ്ദേഹത്തെ ഭക്തിപൂൎവ്വം സ്വീകരിച്ചു. മായാദേവി

പുത്രനെ എടുത്ത് അദ്ദേഹത്തിൻെറ പാദാരവിന്ദത്തിൽ വെക്കുവാൻ തുടങ്ങി. അപ്പോൾ ആ വൃദ്ധതാപസൻ അതു സമ്മതിക്കാതെ കുട്ടിയുടെ മുമ്പാകെ സാഷ്ടാംഗം നമസ്കരിച്ചു, ഭക്തന്മാർ ദേവന്മാരുടെ സന്നിധിയിൽ ഉച്ചരിക്കുമ്പോലെ, പല സ്തോത്രങ്ങളും ഉച്ചരിച്ചു. ഇതു കണ്ടുനിന്നിരുന്നവരെല്ലാം ആശ്ചൎയ്യഭരിതരായ്തീൎന്നു. അനന്തരം ആ തപോധനൻ, കുട്ടിയെനോക്കി ഇപ്രകാരം പറഞ്ഞു:—"അല്ലയോ പുണ്യാത്മാവായ കുമാര! നിന്നെ ഞാനിതാ ഭക്തിപൂൎവ്വം നമസ്കരിക്കുന്നു. നീ ധൎമ്മോപദേശംനല്കി പരമഭാഗ്യപദവിയായ നിൎവ്വാണത്തെ സൎവ്വൎക്കും സാധിപ്പിക്കും. എൻെറ നിൎവ്വാണകാലം അടുത്തിരിക്കുന്നതിനാൽ എനിക്ക് ആ ധൎമ്മോപദേശം കേൾപ്പാൻ സാധിക്കയില്ല. യഥാൎത്ഥധൎമ്മത്തെപ്പററി നിൻെറ മുഖകമലത്തിൽനിന്നു നേരിട്ടു കേട്ടറിവാൻ എനിക്കു ഭാഗ്യമില്ലാതെ വന്നതിൽ ഞാൻ വളരെ വ്യസനിക്കുന്നു. എങ്കിലും നിൻെറ പാദാരവിന്ദത്തിൽ നമസ്കരിപ്പാനെങ്കിലും എനിക്ക് ഇന്ന് സാധിച്ചുവല്ലൊ. അതുതന്നെ വലിയ കാൎയ്യമായിയെന്നാണ് ഞാൻ വിചാരിക്കുന്നതു."

പിന്നീടു അദ്ദേഹം രാജാവിനെനോക്കി ഇപ്രകാരം പറഞ്ഞു:—"ഭാഗ്യവാനായ രാജാവെ! അങ്ങയുടെ പുത്രൻ കപിലവസ്തുവിലെ മാത്രമല്ല, ലോകത്തിലെയെല്ലാം ചക്രവൎത്തിയായ്തീരും. എന്നാൽ, അങ്ങയുടെ ഭാഗ്യം കളങ്കരഹിതമാണെന്നു വിചാരിക്കേണ്ടാ. അങ്ങക്ക് അസഹനീയമായ ദുഃഖം സംഭവിക്കും. എങ്കിലും സൎവ്വജനവന്ദ്യനായ്തീരുവാൻ പോകുന്ന ഈ പുത്രനെ ഓൎത്ത്

മറെറല്ലാ ദുഃഖങ്ങളും തൃണവൽഗണിക്കുക.” ഇതെല്ലാം കേട്ട് ഭയവിഹ്വലനായ്തീൎന്ന രാജാവിന്ന് ആ താപസനോട് യാതൊരു മറുപടിയും പറവാൻ ധൈൎയ്യമുണ്ടായില്ല; താപസനാകട്ടെ, രാജാവ് മറുപടിപറവാൻ തുടങ്ങുന്നതിന്നുമുമ്പുതന്നെ അവിടം വിട്ടു പോകുകയും ചെയ്തു.

രാജകുമാരന്ന് സിദ്ധാൎത്ഥൻ എന്നാണ് നാമകരണം ചെയ്തതു. എന്നാൽ ശുദ്ധോദനന്റെ രാജവംശത്തിന്ന് ഗൌതമവംശം എന്ന പേരുണ്ടായിരുന്നതിനാൽ സിദ്ധാൎത്ഥനെ ഗൌതമനെന്നും വിളിച്ചുവന്നിരുന്നു. പുത്രജന്മത്തിന്നുശേഷം ഒരാഴ്ചമുഴുവൻ അരമനയിലും രാജ്യത്തിലൊട്ടാകയും പല ആഘോഷങ്ങളുമുണ്ടായി. എന്നാൽ സിദ്ധാൎത്ഥൻ ജനിച്ചു ഏഴാംദിവസം രാത്രിയിൽ മായാദേവി ദുഃഖമയമായ ഇഹലോകവാസം വെടിഞ്ഞു. അന്നുമുതൽ രാജകുടുംബത്തിൽപ്പെട്ട പ്രജാപതി എന്ന ഗൌതമിയാണ് സിദ്ധാൎത്ഥന്റെ ഉപമാതാവായി ഭവിച്ചത്. മാതൃനാശദുഃഖം അറിയുവാനിടവരാതിരിക്കത്തക്കവണ്ണം ശുദ്ധോദനരാജാവും ശിശുപരിപാലനത്തിൽ ജാഗരൂകനായി വൎത്തിച്ചു.

ഇങ്ങിനെ ബാലന്ന് എട്ടുവയസ്സുപ്രായമായപ്പോൾ രാജാവ് തന്റെ മന്ത്രിമുഖ്യന്മാരോടെല്ലാമാലോചിച്ചശേഷം അയാളെ വേണ്ടതതക്ക വിദ്യാഭ്യാസം ചെയ്യിപ്പാനായി വിശ്വാമിത്രൻ എന്ന ഒരു പണ്ഡിതൻവശമേല്പിച്ചു. അതുപ്രകാരം വിശ്വാമിത്രൻ അരമനയിലെത്തുകയും ക്രമപ്രകാരമുള്ള ചടങ്ങുകളോടുകൂടി സിദ്ധാ

ത്ഥൻ വിദ്യാഭ്യാസം തുടങ്ങുകയും ചെയ്തു. ആദ്യമായു ണ്ടായത് ശ്രുതിലിഖനമാണ്. ഇതു കുറച്ചുനേരമേ ഉ ണ്ടായുള്ളു. എന്തെന്നാൽ, ആചാൎയ്യൻ ഉച്ചരിച്ചതായ മ ഹാമന്ത്രങ്ങളെല്ലാം രാജകുമാരൻ യാതൊരു പ്രയാസവും കൂടാതെ വേഗത്തിൽ എഴുതിത്തീൎത്തു. ഇതുകണ്ടു അത്ഭുത പ്പെട്ട ആചാൎയ്യൻ "എഴുതിയതു മതി. ഇനി എണ്ണുവാൻ പഠിക്കാം. ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങിനെ നൂറുവരേ യും, ആയിരംവരേയും പതിനായിരംവരേയും എണ്ണുക," എന്നുപറഞ്ഞു. ഉടനെ രാജകുമാരൻ എണ്ണുവാനാരംഭി ച്ചു. എന്നാൽ ആചാൎയ്യൻ പറഞ്ഞേടിക്കിൽ നിൎത്താതെ അവിടുന്നും കടന്നെണ്ണുവാൻ തുടങ്ങി. വലിയ മണൽ കുന്നുകളിലെ മണൽത്തരികളേയും സമുദ്രജലത്തിലെ തുള്ളികളേയും ആകാശത്തിലെ നക്ഷത്രങ്ങളേയുമെണ്ണു വാനുപയോഗിക്കാവുന്ന കോടിമുതൽ മഹാകല്പംവരെ യുള്ള തുകകൾ ഇന്നിന്നവയെന്നു ആ ബാലൻ പറഞ്ഞു. അനന്തരം അയാൾ, "പ്രഭോ! വേണമെങ്കിൽ ഇനിയും തുടൎന്നു പറയാം. പതിനായിരം കൊല്ലത്തിന്നുള്ളിൽ ലോകത്തിലൊട്ടാകെ പെയ്യുന്ന മഴവെള്ളത്തിലെ തുള്ളി കളെ എണ്ണുവാനുപയോഗിക്കാവുന്ന സംഖ്യകൾപോ ലും പറയാവുന്നതാണ്," എന്നു സാവധാനത്തിൽ പ്ര സ്താവിച്ചു.

ഇതുകേട്ടു് ആശ്ചൎയ്യപരതന്ത്രനായ്ത്തീൎന്ന ആചാൎയ്യൻ സിദ്ധാൎത്ഥന്റെ പാദങ്ങളിൽവീണു നമസ്കരിച്ചു്, "അ ല്ലയോ ബുദ്ധ! നീ സകല ഗുരുനാഥന്മാരുടേയും ഗുരുവാ കുന്നു! എനിക്കു് നിന്നെ പഠിപ്പിപ്പാനായി യാതൊന്നും തന്നെയില്ല. നേരേ മറിച്ചു്, നിന്നിൽനിന്നു് എനിക്കാ

ണ്ട് പലതും മനസ്സിലാക്കുവാനുള്ളൂ. രാജകുമാര! നിന്നെ ഞാനിതാ ആരാധിക്കുന്നു. സർവ്വവിദ്യയും സവിശേഷം നിനക്ക് ഹൃദിസ്ഥമായ്ത്തീൎന്നിട്ടുണ്ട്. എങ്കിലും പ്രായം കൂടിയവരെ ബഹുമാനിക്കേണ്ടതു സർവ്വോപരിയായ ധൎമ്മമാണെന്നു കാണിപ്പാൻ മാത്രമാകുന്നു നീ എന്റെ ശിഷ്യസ്ഥാനം അംഗീകരിച്ചിരിക്കുന്നതു," എന്നുപറഞ്ഞു.

സിദ്ധാൎത്ഥന്ന് സകലശാസ്ത്രങ്ങളിലും പാണ്ഡിത്യം. സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന് വിശ്വാമിത്രൻ അഭിപ്രായപ്പെട്ടുകയാൽ, രാജാവ് അദ്ദേഹത്തെ മൃഗയാവിനോദം, കായികാഭ്യാസം മുതലായവയിൽ വിദഗ്ദ്ധന്മാരായവരുടെവശം ഏല്പിച്ചു. എന്നാൽ കാലതാമസംകൂടാതെ ആ വകയിലും ബാലന്നു നിസ്തുലമായ ചതുരതയുണ്ടായി. സിദ്ധാൎത്ഥനേക്കാൾ സമൎത്ഥനായ വില്ലാളിയോ അശ്വാരൂഢനോ അദ്ദേഹത്തിന്റെ സഹപാഠികളുടെയിടയിൽ ആരുംതന്നെയുണ്ടായിരുന്നില്ല. എന്നാൽ വേട്ടയാടിക്കൊണ്ടിരിക്കുന്നതിന്നിടയിൽ മാൻ മുതലായ മൃഗങ്ങളെ അദ്ദേഹം പലപ്പോഴും വെറുതെ വിട്ടയക്കും; മൃഗങ്ങൾ ജീവരക്ഷക്കായി അങ്ങുമിങ്ങും പായുന്നതുകണ്ട് ചിന്താമഗ്നനായി കുറെനേരം വെറുതെ നില്ക്കും. തേർപന്തയത്തിൽ ഒട്ടുമുക്കാലും ജയിച്ചിരുന്നാലും കുതിര കഷ്ടപ്പെടുന്നതുകണ്ടാൽ പന്തയം തോററാലും ആ സാധുമൃഗത്തെ കഷ്ടപ്പെടുത്തിക്കൂടെന്നുവെച്ച് അദ്ദേഹം പന്തയത്തിൽനിന്നു പിന്മാറിയും. ഇങ്ങിനെ കാലക്രമത്തിൽ അദ്ദേഹം പരമദയാലുവായ്ത്തീൎന്നു. മനുഷ്യൎക്ക മാത്രമല്ല, യാതൊരു പ്രാണികൾക്കും ദുഃഖമുണ്ടാകുന്നതു അദ്ദേഹത്തിന്നു കണ്ടുകൂടാതായി.

അങ്ങിനെയിരിക്കെ വസന്തകാലത്തിലെ ഒരു മനോഹരമായ ദിവസത്തിൽ സിദ്ധാത്ഥൻ രാജധാനിയോടു തൊട്ടുള്ള ഉദ്യാനത്തിൽ പ്രകൃതിസൌന്ദൎയ്യത്തെ കണ്ടു് ആനന്ദിച്ചുനില്ക്കയായിരുന്നു. അപ്പോൾ ഒരു കൂട്ടം അരയന്നങ്ങൾ ഹിമവൽപാശ്വത്തിലെ അവയുടെ കൂട്ടുകളിലേക്കു് കളനാദത്തോടെ പറന്നുപോയ്ക്കൊണ്ടിരുന്നു. അതേസമയത്തു് ഉദ്യാനത്തിന്റെ മറെറാരു ഭാഗത്തു തന്റെ പിതൃവ്യപുത്രനായ ദേവദത്തനും കളിക്കുന്നുണ്ടായിരുന്നു. പ്രേമഗീതം മുഴക്കിക്കൊണ്ടു് ആകാശത്തിൽക്കൂടെ പറന്നുപോയിരുന്ന ഹംസങ്ങളുടെ തലവനെ ദേവദത്തൻ അമ്പെയ്തു താഴത്തുവീഴ്ത്തി. അമ്പേററ അരയന്നം സിദ്ധാത്ഥന്റെ സന്നിധിയിലാണു് വീണതു. അതു ചത്തിട്ടുണ്ടായിരുന്നില്ലെങ്കിലും ധവളമായ അതിന്റെ ചിറകുകൾ രക്തധാരയാൽ മലിനമായ്ത്തീന്നിരുന്നു. മമ്മഭേദകമായ ആ കാഴ്ച കണ്ടു സിദ്ധാത്ഥൻ വ്യാകുലപ്പെട്ടു. തൽക്ഷണം അദ്ദേഹം അരയന്നത്തെയെടുത്തു മടിയിൽവെച്ചു സാവധാനത്തിൽ തലോടിക്കൊടുത്തു. അദ്ദേഹത്തിന്റെ മൃദുലമായ കരപല്ലവം അരയന്നത്തലവന്റെ ശരീരത്തിൽ തട്ടിയപ്പോൾ അതിന്നു് അല്പം ആശ്വാസമുണ്ടായി. അനന്തരം സിദ്ധാത്ഥൻ ആ മൂച്ചയേറിയ അമ്പിനെ പതുക്കെ പറിച്ചെടുത്തു് മുറിയിൽ പച്ചിലച്ചാറുകളും തേനും പുരട്ടി പക്ഷിയെ ആശ്വസിപ്പിക്കുകയും ചെയ്തു. അതുവരെയായി കായികമായ വേദനയുടെ യാതൊരു വിവരവും രാജകുമാരനുണ്ടായിരുന്നില്ല. എന്നാൽ ആ അമ്പു് പറിച്ചെടുത്ത അവസരത്തിൽ അബദ്ധത്തിൽ അതിന്റെ മുന അദ്ദേഹ

ത്തിൻെറ ശരീരത്തിൽ കൊണ്ടു. അപ്പോൾ അദ്ദേ ഹം ഒന്നു നടുങ്ങി! അമ്പിൻെറ ഒരു ചെറുഭാഗം മാത്രം ശരീരത്തിൽ കൊണ്ടാൽ ഇത്രത്തോളം വേദന യുണ്ടാകുമെങ്കിൽ ആ സാധുപ്പക്ഷിക്കു എത്ര വേദനയു ണ്ടായിരിക്കണമെന്നുള്ള ആലോചന അദ്ദേഹത്തെ വ ല്ലാതെ വ്യാകുലപ്പെടുത്തി. അതിനാൽ അദ്ദേഹം വീ ണ്ടും അതിനെ വാത്സല്യത്തോടെ തലോടിക്കൊണ്ടി രുന്നു.

അപ്പോഴയ്ക്കും ദേവദത്തൻെറ ഒരു ദൂതൻ സിദ്ധാ ത്ഥൻെറ അരികിൽ ചെന്ന് അയാൾ എയ്തുവീഴ്ത്തിയിരു ന്ന അരയന്നത്തെ ആവശ്യപ്പെട്ടു. അപ്പോൾ സിദ്ധാ ത്ഥൻ, "അരയന്നം മരിച്ചിട്ടില്ലാത്തതിനാൽ അതു ദേവ ദത്തന്ന് അവകാശപ്പെട്ടതല്ല. അതിനാൽ ഇതിനെ ഞാൻ അയാൾക്കു തന്നയക്കുന്നതുമല്ല. സ്വച്ഛനീലിമ യോടുകൂടിയ ആകാശത്തിൽക്കൂടെ ഭംഗിയേറിയ ചിറ കുകൾ വിടൎത്തിക്കൊണ്ട് പറന്നുപോയ്ക്കൊണ്ടിരുന്ന ഈ മനോഹരജീവിയുടെ വേഗതയെ കുറയ്ക്കുകമാത്രമേ എൻെറ പിതൃവ്യജൻ ചെയ്തിട്ടുള്ളൂ," എന്നു സിദ്ധാത്ഥൻ വ്യസനപൂൎവ്വം ആ ദൂതനോടു മറുപടി പറഞ്ഞയച്ചു.

ഈ വിവരം ദൂതൻ ദേവദത്തനെ അറിയിച്ചപ്പോൾ തൻെറ അവകാശത്തെ സ്ഥാപിപ്പാനായി അയാൾത ന്നെ സിദ്ധാത്ഥൻെറ അരികിലേക്കു ചെന്ന്, "ആകാശ ത്തിലായിരുന്നപ്പോൾ ഈ പക്ഷി യാതൊരാൾക്കും അ വകാശപ്പെട്ടതായിരുന്നില്ല. എന്നാൽ ഇപ്പോൾ നില ത്തു പതിച്ചിരിക്കുകയാൽ, അപ്രകാരം നിലത്തു പതിച്ച തു ആരുടെ പ്രയത്നത്താലാണോ അയാളുടെ സ്വത്താ

യ്തീന്നിരിക്കുന്നു ഈ അരയന്നം," എന്നു പ്രസ്താവിച്ചു. ആ സമയത്ത് സിദ്ധാൎത്ഥൻ അരയന്നത്തെ തന്റെ മുഖത്തോടു ചേൎത്തുപിടിച്ചുകൊണ്ടു്, "ഇതു ന്യായമല്ല; ദയാലുത്വത്താലും സ്നേഹജനകമായ അധികാരത്താലും ഈ അരയന്നം എന്റേതായ്തീന്നിരിക്കുന്നു. ഇനിയും ഇതിനെപ്പററി നിങ്ങൾക്കു് ആക്ഷേപമുണ്ടെങ്കിൽ നീതിജ്ഞരുടെ അഭിപ്രായപ്രകാരം പ്രവൎത്തിപ്പാൻ ഞാൻ സന്നദ്ധനാണ്," എന്നു പറഞ്ഞു. അതുപ്രകാരം ചെയ്യാൻ ദേവദത്തൻ സമ്മതിക്കുകയാൽ കാൎയ്യം രാജസഭയിൽ എത്തി. അവിടെവെച്ചു് പലരും പല അഭിപ്രായങ്ങളും പറഞ്ഞുകൊണ്ടിരിക്കെ, യാതൊരാൾക്കും പരിചിതനല്ലാത്ത ഒരു യതിവൎയ്യൻ എഴുനീററുനിന്നു് ഇപ്രകാരം പറഞ്ഞു:—"യാതൊരാളാണോ ഒരു ജീവനെ രക്ഷിക്കുന്നതു് അവനാണു് അതിന്നു് യഥാൎത്ഥമായി അവകാശിയായ്തീരുന്നതു; അതല്ലാതെ, ആ ജീവനെ നശിപ്പിപ്പാൻ ആഗ്രഹിച്ചവനല്ല. അതിനാൽ ഹംസത്തെ ലഭിപ്പാനുള്ള അവകാശം സിദ്ധാൎത്ഥന്നാകുന്നു. ന്യായപ്രകാരം പ്രവൎത്തിക്കേണമെന്നാഗ്രഹിക്കുന്നുവെങ്കിൽ പക്ഷിയെ സിദ്ധാൎത്ഥന്നു കൊടുക്കുക." മധുരഗംഭീരമായ സ്വരത്തിൽ പ്രസ്താവിക്കപ്പെട്ടതായ ഈ തീൎപ്പു് എത്രയോ ശരിയായിട്ടുള്ളതാണെന്നു് രാജസഭയിലുള്ളവരെല്ലാം സമ്മതിക്കുകയും അരയന്നത്തെ സിദ്ധാൎത്ഥന്നുതന്നെ കൊടുക്കുകയും ചെയ്തു. അനന്തരം രാജാവു് ആ വിധികൎത്താവിന്നു് സമ്മാനം കൊടുപ്പാനായി അന്വേഷിച്ചപ്പോൾ അദ്ദേഹത്തെ യാതൊരിടത്തും കണ്ടില്ല; എന്നാൽ അതേ സമയത്തു് ഒരു സൎപ്പം പെട്ടന്നു് രാജസ

ഭയിൽനിന്നു പുറത്തേക്കു പാഞ്ഞുപോകുന്നതായി പല രും കാണുകയുമുണ്ടായി. ഇതുപ്രകാരം ദേവന്മാർ ചില പ്പോഴ് വേഷംമാറി വന്നേക്കാമെന്നു രാജസഭയിലുള്ള വക്ക് വിശ്വാസമുണ്ടായിരുന്നതിനാൽ, ദേവന്മാരിൽ ഒ രാളായിരിക്കണം ആ വിധികൎത്താവെന്നാലോചിച്ച് അവർ സമാധാനപ്പെടുകയും ചെയ്തു.

അരയന്നത്തിന്റെ വ്രണം ഭേദമായ ഉടനെ രാജ കുമാരൻ അതിനെ സ്വച്ഛാസഞ്ചാരത്തിന്നായി വിട്ടയ ച്ചു. അരയന്നമാകട്ടെ, തന്നെ തേടിക്കൊണ്ടു ആ പ്രദേ ശത്തുതന്നെ ചുററിപ്പറന്നിരുന്ന അരയന്നങ്ങളുടെ കൂട്ട ത്തിൽ ചെന്നുചേരുകയും ചെയ്തു. ഒരൊററ ശരപ്രയോ ഗത്താൽ പത്തോ, നൂറോ വിഹഗങ്ങളെ താഴത്തു പ തിപ്പിക്കുന്ന ഒരു വിദഗ്ദ്ധനായ വില്ലാളിക്കുണ്ടാവുന്നതി നേക്കാൾ എത്രയോ അധികം സന്തോഷം, സ്വാത ന്ത്ര്യം ലഭിച്ച ആ അരയന്നം ശ്രുതിമനോഹരമായ ഗാ നത്തോടുകൂടി മേല്പോട്ടു പറന്നുപോകുന്നതു കണ്ടപ്പോ ൾ സിദ്ധാൎത്ഥന്നുണ്ടായി.

ഇങ്ങിനെ കുറച്ചുനാൾ ചെന്നശേഷം ഒരുദിവസം സിദ്ധാൎത്ഥനും ശുദ്ധോദനരാജാവുംകൂടി പ്രകൃതിവിലാ സം കാണുവാനായി രാജധാനിവിട്ടു നാട്ടുപുറത്തേക്കു പുറപ്പെട്ടു. അപ്പോൾ വസന്തകാലമായിരുന്നു. പച്ചപ്പു ല്ലുകളും സുഗന്ധപുഷ്പങ്ങളും ഭംഗിയേറിയ ചെടിപ്പടപ്പു കളും നാനാഭാഗത്തും മന്ദമാരുതനാൽ ആദരിക്കപ്പെട്ടു വിലസിക്കൊണ്ടിരുന്നു. ഗ്രാമീണരെല്ലാം താന്താങ്ങളുടെ കുലത്തൊഴിലുകളെ ക്രമപ്രകാരം ചെയ്തുപോരുന്ന തും, വൃക്ഷസമൂഹങ്ങളിൽ പക്ഷികൾ കളനാദമുണ്ടാക്കി

ക്കൊണ്ടിരിക്കുന്നതും, കാള, പശു മുതലായ ഗൃഹ്യമൃഗങ്ങൾ അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കുന്നതും, വസന്തത്തിലെ മനോജ്ഞമായ സൂൎയ്യപ്രകാശത്തിൽ സൎവ്വവസ്തുക്കളും സന്തോഷജനകമാംവണ്ണം പ്രകാശിക്കുന്നതും രാജകുമാരൻ കാണുമാറായി. എന്നാൽ, ഇവയിലെല്ലാം അന്തൎല്ലീനമായിക്കിടക്കുന്ന പല സങ്കടാവസ്ഥകളേയും ആ ബാലൻ തന്റെ പിതാവിനേക്കാളധികം സൂക്ഷ്മതയോടെ വീക്ഷിപ്പാൻ സാധിച്ചു. ഉദരപൂരണത്തിന്നായി കൃഷീവലന്മാർ തങ്ങളാലാവുന്നതിലധികം പ്രയത്നം ചെയ്യുന്നതും മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ മുതലായവ അന്യോന്യം മത്സരിച്ചും, ശക്തിയില്ലാത്തവയെ ശക്തിയുള്ളവ ഭക്ഷിച്ചും ജീവിക്കുന്നതുകണ്ട് സിദ്ധാൎത്ഥൻ തുലോം വ്യാകുലചിത്തനായ്തീൎന്നു. അതിനാൽ അദ്ദേഹം കുതിരസ്സവാരിനിൎത്തി, ഒരു ജംബുവൃക്ഷത്തിന്റെ ചുവട്ടിലിരുന്ന് ഈവക സംഗതികളെപ്പററി ചിന്തിപ്പാൻ തുടങ്ങി. ഇങ്ങിനെ അദ്ദേഹം പൎയ്യാകുലമനസ്കനായി ഉച്ചതിരിയുന്നതുവരെ ആ വൃക്ഷത്തിന്റെ ചുവട്ടിൽത്തന്നെ വീരാസനത്തിൽ ഇരുന്നു. അന്നു ആ വൃക്ഷത്തിന്റെ നിഴൽ നീങ്ങുകയേ ഉണ്ടായില്ലത്രെ! ഇതുകണ്ട് ഒരു പാന്ഥൻ, "ഈ മഹാൻ ആരാണ്? ഇദ്ദേഹത്തിന്റെ ശിരസ്സിൽ കിരീടാകൃതിയിൽ പീതരശ്മികൾ തിളങ്ങിക്കൊണ്ടിരിക്കുന്നുണ്ടല്ലോ! തീൎച്ചയായും ഇദ്ദേഹം ബുദ്ധനാണ്," എന്നു പറഞ്ഞു് ആശ്ചൎയ്യപ്പെട്ടുകൊണ്ടുപോയി. അപ്പോൾ, "രാജകുമാരന്റെ ഏകാകിതത്തിന്ന് വിഘ്നം വരുത്താതിരിക്കുക. അദ്ദേഹത്തിന്റെ മനസ്സിലുള്ള നിഴൽ നീങ്ങുന്നതുവരെ എന്റെ നിഴലും നീങ്ങുന്നതല്ല," എന്നു

ആ വൃക്ഷം പ്രസ്താവിക്കുന്നതുപോലെ പാന്ഥന്ന് തോന്നിപോൽ! ഇങ്ങിനെ സിദ്ധാൎത്ഥൻ ആനന്ദമത്തനായി കുറെനേരം കഴിച്ചപ്പോഴേക്കും, രാജദൂതന്മാർ വന്ന് അദ്ദേഹത്തെ അരമനയിലേക്കുതന്നെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു.

---

## രണ്ടാം അദ്ധ്യായം.

### ശുദ്ധോദനന്റെ ആശങ്ക.

സിദ്ധാൎത്ഥന്ന് പതിനെട്ടു വയസ്സ് പ്രായമായപ്പോൾ അയാളുടെ സുഖജീവിതത്തിന്നായി 'ശുഭം', 'സുരമ്യം', 'രമ്യം' എന്ന മൂന്നു പ്രത്യേകമന്ദിരങ്ങൾ നിൎമ്മിച്ചു. അവയിലൊന്നു കുളിർകാലത്തേക്കുള്ളതും, പിന്നൊന്നു ഉഷ്ണകാലത്തേക്കുള്ളതും, മൂന്നാമതൊന്നു വസന്തകാലത്തേക്കുള്ളതുമായിരുന്നു. ആദ്യത്തേത് കുളിർകാലത്തിലെ തണുപ്പുബാധിക്കാത്തവിധം സുഖകരമായിട്ടുള്ളതും, രണ്ടാമത്തേത് വേനൽക്കാലത്തിലെ ഉഷ്ണം ബാധിക്കാത്തവിധത്തിൽ കുളിൎമ്മയോടുകൂടിയതും, മൂന്നാമത്തേത് വസന്തകാലത്തിലെ നയനാനന്ദകരങ്ങളായ കാഴ്ചകൾ കാണ്മാൻ സൌകൎയ്യമുള്ളതുമായി പണിചെയ്യപ്പെട്ടവയായിരുന്നു. ഈ മൂന്നുമന്ദിരങ്ങളും സുരഭിലങ്ങളായ പൂക്കൾ നിറഞ്ഞ വിസ്തൃതവും മനോഹരവുമായ ഉദ്യാനത്തിന്റെ ഇടയിലാണ് പണിചെയ്യപ്പെട്ടിരുന്ന

ു. ഈ ഉദ്യാനത്തിൽ പലേടങ്ങളിലും ചെറിയ നീച്ചാലുകളും ഭംഗിയുള്ള മൈതാനങ്ങളുമുണ്ടായിരുന്നു. രാജാവ്, സിദ്ധാത്ഥൻെറ സുഖവാസത്തിന്നായിക്കൊട്ടുത്ത ഈ ഉദ്യാനവും മന്ദിരങ്ങളും അദ്ദേഹത്തിൻെറ മനസ്സിനെ ആകഷിച്ചു. ഇങ്ങിനെ മനുഷ്യജീവിതത്തെ പരമാനന്ദകരമാക്കിത്തീക്കുന്ന എല്ലാ സുഖങ്ങളും രാജകുമാരന്നുണ്ടായിരുന്നുവെങ്കിലും ഇടയ്ക്കിടയ്ക്കു അതിയായ വിഷാദവും അസ്വാസ്ഥ്യവും അദ്ദേഹത്തിൻെറ നിമ്മലമനസ്സിനെ അലങ്കോലപ്പെടുത്തിക്കൊണ്ടിരുന്നു.

പുത്രൻെറ ഈ വ്യാകുലതകണ്ടു പരിഭ്രമിച്ച് ശുദ്ധോദനൻ തൻെറ മന്ത്രിമുഖ്യന്മാരെ വരുത്തി ഈ കാൎയ്യത്തിൽ എന്താണ് പ്രവത്തിക്കേണ്ടതെന്ന് അവരോടാലോചിച്ചു. തൻെറ പുത്രൻ സവ്വശക്തനും രാജാധിരാജനുമായ്ത്തീരേണമെന്നായിരുന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നതു. ഈ ആഗ്രഹം സഫലമാകുമോ? അതല്ല, സിദ്ധാത്ഥൻ സകലജനങ്ങളുടേയും ഹൃദയകമലത്തെ വികസിപ്പിക്കുന്ന തരുണഭാസ്കരനും ആത്മാവിന്നു നിത്യശാന്തി നൽകുന്ന കരുണാകരനും ആയ്ത്തീരുമോ? ഇതിൽ ഏതാണ് സംഭവിക്കുക?

ശുദ്ധോദനൻെറ മന്ത്രിമുഖ്യന്മാരിലൊരാൾ, "അല്ലയോ മഹാരാജാവേ! രാജകുമാരൻെറ നിസ്സാരമായ ഹൃദയചാഞ്ചല്യത്തെ നീക്കംചെയ്യാൻ യാതൊരു പ്രയാസവുമില്ല. ഇനി ഒട്ടും താമസിയാതെ രാജകുമാരന്ന് ഒരു വിവാഹം നടത്തുക. സുന്ദരിയായ പത്നിയുടെ മുഖകമലം തീച്ചയായും അയാളുടെ പാരവശ്യത്തെ ഉന്മൂലനം

ചെയ്യും. അതിനാൽ നമ്മുടെ നാട്ടിലുള്ള ലാവണ്യവതികളായ കന്യകമാരെയെല്ലാം ഒരു സൌന്ദൎയ്യപരീക്ഷക്കായ് ക്ഷണിച്ചുവരുത്തുക. അവൎക്കുള്ള സമ്മാനങ്ങൾ സിദ്ധാൎത്ഥനെക്കൊണ്ടുതന്നെ കൊടുപ്പിക്കുക. കന്യകാരത്നങ്ങളിലോരോരുത്തരും അദ്ദേഹത്തിന്റെ സന്നിധിയിൽക്കൂടെ കടന്നുപോകുമ്പോൾ അവരിൽ ആരെങ്കിലുമൊരാൾ അദ്ദേഹത്തിന്റെ മനസ്സിനെ ആകൎഷിക്കാതിരിക്കയില്ല," എന്നു പ്രസ്താവിച്ചു.

ഈ ഉപദേശം സ്വീകാൎയ്യമായിട്ടുള്ളതാണെന്നു മറ്റെല്ലാ മന്ത്രിമാരും സമ്മതിച്ചു. അതിനാൽ കാലതാമസംകൂടാതെ രാജധാനിയിൽവെച്ച് വലുതായ ഒരു ഉത്സവം നടത്തുവാനുള്ള ഏൎപ്പാടുകളെല്ലാം ആരംഭിച്ചു. രാജദൂതന്മാർ ഈ ഉത്സവത്തിന്റെ വൃത്താന്തം മുഴുവൻ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വിളംബരപ്പെടുത്തി. ഉത്സവത്തിന്നു ചെല്ലുന്ന സുന്ദരിമാരായ സകല യുവതികൾക്കും രാജകുമാരൻ നേരിട്ട് സമ്മാനങ്ങൾ കൊടുക്കുന്നതാണെന്നും അധികമധികം സൌന്ദൎയ്യമുള്ളവൎക്ക അധികമധികം വിലപിടിച്ച സമ്മാനങ്ങൾ ലഭിക്കുമെന്നും രാജദൂതന്മാർ വിളംബരപ്പെടുത്തിയതിനെ അറിഞ്ഞ് സൎവ്വാംഗസുന്ദരിമാരായ അനേകം കന്യകാരത്നങ്ങൾ വിശേഷവസ്ത്രാലങ്കാരങ്ങളോടുകൂടി നിശ്ചിതദിവസം രാജധാനിയിൽ എത്തിച്ചേൎന്നു. അലങ്കാരധോരണിയോടുകൂടിയ ഒരു മഹാശാലയിൽ രാജകുമാരൻ ആസനസ്ഥനായി. അദ്ദേഹത്തിന്റെ സന്നിധിയിൽക്കൂടെ അനേകം യുവതികൾ പോയ്ക്കൊണ്ടിരുന്നിട്ടും അദ്ദേഹം നിൎവ്വികാരനായിട്ടാണ് കാണപ്പെട്ടത്. സുന്ദരിമാരായ

കന്യകമാർ രാജകുമാരന്റെ സന്നിധിയിലേക്ക് പോയ്ക്കൊണ്ടിരുന്നപ്പോൾ സഭാവാസികളിൽ പലരും "ഇവൾ നിശ്ചയമായും രാജകുമാരന്റെ മനസ്സിനെ ആകർഷിക്കാതിരിക്കയില്ല," എന്ന് ഓരോരിക്കലും പ്രസ്താവിച്ചുകൊണ്ടിരുന്നു. എന്നാൽ രാജകുമാരൻ മാത്രം നിശ്ചലചിത്തത്തോടും തന്റെ മുമ്പിൽ കാണുന്ന വസ്തുക്കളിൽനിന്നെല്ലാം അകന്നുനില്ക്കുന്നമാതിരിയിലുമാണ് കാണപ്പെട്ടതു്. തന്നെപ്പോലെ മററാക്കും സൌന്ദര്യമില്ലെന്നു അഭിമാനിച്ചുകൊണ്ടു രാജകുമാരന്റെ അരികിൽ ച്ചെന്ന് ഓരോ കന്യകമാരും അവരവൾക്കുള്ള സമ്മാനങ്ങൾ വാങ്ങി നമ്രമുഖികളായി അവരുടെ സഖിമാരുടെ സംഘത്തിലേക്ക് ശീഘ്രഗതിയിൽ തിരിച്ചുപോരികയേ ഉണ്ടായുള്ളു.

സമ്മാനദാനം അവസാനിക്കാറായിരുന്നു. അതുവരെ യാതൊരു കന്യകയും സിദ്ധാൎത്ഥന്റെ മനസ്സിനെ ആകർഷിച്ചില്ല. ഇതുനിമിത്തം ശുദ്ധോദനന്റെ മന്ത്രിമാർ വ്യാകുലചിത്തന്മാരായ്ത്തീൎന്നു. അങ്ങിനെയിരിക്കെ യശോധരയെന്ന ഒരു കന്യകയാണ് ഒടുവിൽ സമ്മാനം വാങ്ങുവാൻ ചെന്നതു. അവളെ കണ്ടമാത്രയിൽ രാജകുമാരന്റെ പ്രകൃതിക്ക് അല്പം ഒരു മാററം സംഭവിച്ചു. സുന്ദരീരത്നമായ യശോധര രാജകുമാരന്റെമുമ്പിൽച്ചെന്ന്, ശരിക്ക് അദ്ദേഹത്തിന്റെ മുഖത്തുനോക്കി, മൃദുസ്വരത്തിൽ "എനിക്കു സമ്മാനമുണ്ടോ?" എന്നു ചോദിച്ചു. അതിന്നുത്തരമായി സിദ്ധാൎത്ഥൻ, "സമ്മാനം കൊടുപ്പാനുള്ള വസ്തുക്കളെല്ലാം അവസാനിച്ചിരിക്കുന്നു. എന്നാൽ ഇതാ ഈ വിശേഷപ്പെട്ട മാല നീ എടുത്തുകൊൾക,"

എന്നുപറഞ്ഞു് തന്റെ കഴുത്തിലുണ്ടായിരുന്ന മരതകമാല എടുത്തു് അവൾക്കു സമ്മാനിച്ചു. അനന്തരം, അദ്ദേഹം അവളെ ആപാദചൂഡം ഒന്നു നോക്കുകയും അവളാണു് തന്റെ പത്നിയായിരിപ്പാൻ യഥാർത്ഥമായ അർഹതയുള്ളവളെന്നു് മനസ്സിൽ തീർച്ചപ്പെടുത്തുകയും ചെയ്തു.

ഇതെല്ലാം സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്ന മന്ത്രിമാർ ധൃതിപ്പെട്ടു് രാജധാനിയിൽച്ചെന്നു് സന്തോഷപൂർവ്വം വിവരമെല്ലാം രാജാവിനെ അറിയിച്ചു. കാര്യം സഫലമായതിൽ രാജാവിനു് അളവററ സന്തോഷമുണ്ടായി. ഉടനെതന്നെ അദ്ദേഹം യശോധരയെ തന്റെ പുത്രനു് വിവാഹം ചെയ്തുകിട്ടുവാനായി അവളുടെ പിതാവിന്റെ അരികിലേക്കു് ദൂതന്മാരെ അയച്ചു. അപ്പോൾ യശോധരയുടെ പിതാവു് ഇപ്രകാരമാണു് മറുപടി പറഞ്ഞതു്:— "കുലീനനായ ഒരാളുടെ പുത്രിയെ വിവാഹംചെയ്വാനാഗ്രഹിക്കുന്ന യുവാവു് ഒന്നാമതായി തന്റെ യുദ്ധപാടവത്തെ തെളിയിക്കേണമെന്നുള്ളതു് പുരാതനമായ ഒരു സമ്പ്രദായമാണു്. മഹാശക്തനും നീതിജ്ഞനുമായ ശുദ്ധോദനമഹാരാജാവിന്റെ അപേക്ഷയെ സ്വീകരിപ്പാൻപോലും ഈ പുരാതനരീതിയെ മാററിക്കൂടാത്തതാകുന്നു. അതിനാൽ രാജകുമാരൻ, എന്റെ പുത്രിയെ വിവാഹംചെയ്വാനാഗ്രഹിക്കുന്ന മററു യുവാക്കന്മാരേക്കാൾ ധനുർവ്വിദ്യ, ഖഡ്ഗവിദ്യ, കുതിരസ്സവാരി എന്നിവയിൽ പാണ്ഡിത്യംകൂടിയവനാണെന്നു തെളിയിക്കട്ടെ. അദ്ദേഹം വീരന്മാരിൽ വെച്ചു് വീരനായിരിക്കണം. എന്നാൽ മാത്രമേ സുന്ദരിമാരിൽവെച്ചു

സുന്ദരിയായ എന്റെ പുത്രിയെ വിവാഹംചെയ്യാൻ അദ്ദേഹത്തിന്നു് അവകാശമുള്ളു. ഇതുകാലം തപോവിചാരം ചെയ്തുകൊണ്ടു് കാലംനയിച്ച ഒരു യുവാവിന്നു് ഇതെല്ലാം എങ്ങിനെയാണു് സാധിക്കുകയെന്നു് ഞാൻ അറിയുന്നില്ല!"

ഈ വിവരം അറിവുകിട്ടിയപ്പോൾ രാജാവു് വളരെ പരിഭ്രമിച്ചു. അക്കാലത്തെ യോഗ്യന്മാരായ യുദ്ധവീരന്മാർ യശോധരയെ ലഭിപ്പാനാഗ്രഹിച്ചിരുന്നുവെന്നു് അദ്ദേഹത്തിന്നറിയാമായിരുന്നു; തന്റെ പുത്രന്റെ കായികശക്തിയെക്കുറിച്ചു് അദ്ദേഹത്തിന്നു് വലിയ വിശ്വാസമുണ്ടായിരുന്നതുമില്ല. എന്നാൽ രാജകുമാരൻമാത്രം വർത്തമാനം മനസ്സിലാക്കിയപ്പോൾ മന്ദഹസിക്കയാണുണ്ടായതു. അദ്ദേഹം തന്റെ കൂടെയുണ്ടായിരുന്നവരോടു്, "ഈ വക വിദ്യകളും ഞാൻ അഭ്യസിച്ചിട്ടുണ്ടു്. ഇന്നത്തെ പ്രസിദ്ധന്മാരായ യോദ്ധാക്കന്മാർപോലും എന്നെ ജയിച്ചു് യശോധരയെ കൊണ്ടുപോയ്ക്കളയുമെന്നു് എനിക്കു തോന്നുന്നില്ല," എന്നു പ്രസ്താവിച്ചു. അതിനാൽ അന്നുമുതൽ ഏഴാംനാൾ സിദ്ധാർത്ഥരാജകുമാരൻ സുന്ദരിയായ യശോധരയെ ലഭിപ്പാൻ ശക്തിപരീക്ഷയിൽ ഏതൊരു യുവാവിനോടും നേരിടുവാൻ തയാറാണെന്നു രാജാവു് വിളംബരപ്പെടുത്തുകയും ചെയ്തു.

നിശ്ചിതദിവസം വിവാഹാർത്ഥികളായ യുവാക്കന്മാരും, ആയുധപരീക്ഷ കാണ്മാനുള്ള അനേകം ജനങ്ങളും ഒരു വിസ്തൃതമായ മൈതാനത്തിൽ ഒന്നിച്ചുകൂടി. നവവധുവിന്നുചേർന്ന വസ്ത്രാലങ്കാരങ്ങളോടുകൂടി ബന്ധുക്കളൊന്നിച്ചു യശോധരയും ആ മൈതാനത്തിലേക്കു

ചെന്നു. ദേവദത്തൻ, അർജ്ജുനൻ മുതലായ രാജവംശജന്മാർ കാലേക്കൂട്ടി അവിടെ ചെന്നുകൂടീട്ടുണ്ടായിരുന്നു. സിദ്ധാർത്ഥനാകട്ടെ, ജനാവലിയെക്കണ്ടു ഹേഷാരവം മുഴക്കിക്കൊണ്ടിരുന്ന 'കാന്തകം' എന്ന അശ്വത്തിൻെറ പുറത്തു കയറി പ്രസന്നവദനനായി മൈതാനത്തിലേക്കു ചെന്നു. അങ്ങിനെ ജനക്കൂട്ടത്തിന്നിടയിൽക്കൂടെപോയ്ക്കൊണ്ടിരുന്നപ്പോൾ ചുററുപാടും നിറഞ്ഞിരുന്ന ജനങ്ങളെ അദ്ദേഹം ശ്രദ്ധാപൂർവ്വം വീക്ഷിച്ചു. അപ്പോൾ രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയുമെന്നപോലെതന്നെ, ഈ സാധാരണജനങ്ങളുടേയും ജീവിതം സുഖദുഃഖസമ്മിശ്രമായിരിക്കണം. എന്നാൽ ഇവരുടെ സ്ഥിതികളെക്കുറിച്ച് ലോകം വിലവെക്കുന്നില്ലല്ലോ!" എന്നുള്ള പരിതാപമാണ് അദ്ദേഹത്തിന്നുണ്ടായതു. ഇങ്ങിനെ ഓരോ സൂക്ഷ്മസംഗതികളെപ്പററി ചിന്തിച്ചുകൊണ്ടു കുതിരസ്സവാരിചെയ്തു ചെന്ന സിദ്ധാർത്ഥൻ യശോധരയെക്കണ്ട ഉടനെ മന്ദഹാസത്തോടെ കാന്തകത്തിൻെറ പുറത്തുനിന്ന് താഴത്തു ചാടി ഉച്ചസ്വരത്തിൽ,

"പേടമാൻകണ്ണിമാരൊക്കെ മുടിയതിൽ
ചൂടുന്നരത്നമാമിപ്പേശലാംഗിയെ
പാടില്ലതീണ്ടുവാനേററവും യോഗ്യത
കൂടും പുമാൻെറ കരതാരിനെന്നിയെ
ഇന്നുഞാനിക്കന്യയാളെമോഹിക്കുവ
തെന്നുമേസാഹസമെന്നുകരുതുവോർ
വന്നുപരീക്ഷിച്ചുനോക്കാം വിരോധമി-
ല്ലൂ" എന്നു പറഞ്ഞു.

അപ്പോൾ ദേവദത്തൻ, നന്ദൻ, അജ്ജുനൻ എന്നിവർ മുമ്പോട്ടുവന്നു്, ധനുർവ്വിദ്യയിൽ അവരുടെ സാമത്ഥ്യം കാണിപ്പാനായി വളരെദൂരത്തു ഒരു ലക്ഷ്യംവെച്ചു അമ്പെയ്യുവാൻ തുടങ്ങി. അവരിൽ ഓരോരുത്തക്കും ആ വിദ്യയിലുണ്ടായിരുന്ന നൈപുണ്യം കണ്ടു് ജനങ്ങൾ ആശ്ചയ്യഭരിതരായ്തീൎന്നു. ഗൌതമനു ഒരിക്കലും അവരെ ധനുർവ്വിദ്യയിൽ ജയിപ്പാൻ സാധിക്കുന്നതല്ലെന്നു പലരും പറഞ്ഞു. അവർ വെച്ചതായ ലക്ഷ്യം ഖണ്ഡിപ്പാൻ രാജകുമാരന്നു സാധിക്കാതെ വന്നാലോ എന്നു ശങ്കിച്ചു് യശോധര വളരെ പരിഭ്രമിച്ചു. എന്നാൽ സംശയലേശംപോലുംകൂടാതെ രാജകുമാരൻ മുന്നോട്ടുവന്നു് അദ്ദേഹത്തിൻെറ എതിരാളികൾ വെച്ചിരുന്നതായ ലക്ഷ്യത്തെ കുറേക്കൂടി ദൂരത്തേക്കു നീക്കിവെക്കുവാൻ പറഞ്ഞു. ഇങ്ങിനെ നീക്കിയതായ ലക്ഷ്യം മൈതാനത്തിലുണ്ടായിരുന്ന മിക്കവൎക്കും കാണുവാൻപോലും സാധിക്കാത്തത്ര ദൂരത്താണ് വെച്ചിരുന്നതു. അനന്തരം രാജകുമാരൻ തൻെറ മുമ്പിലുണ്ടായിരുന്ന വില്ലെടുത്തു് ഞാൺ വലിച്ചു മുറുക്കി. അപ്പോൾ വില്ലിൻെറ തലരണ്ടും മുട്ടുകയും അതു രണ്ടായി പൊട്ടിത്തെറിക്കുകയും ചെയ്കയാൽ, "ഈ വില്ലു് വിനോദത്തിന്നുമാത്രം ഉപയോഗിക്കത്തക്കതാണ്. അല്ലാതെ പുരുഷത്വം പ്രകടിപ്പിച്ചു് സ്ത്രീരത്നമായ യശോധരയെ സമ്പാദിക്കുവാൻ അഹ്റതയുണ്ടാക്കിത്തീൎക്കുന്നതല്ല. ശക്തനായ യോദ്ധാവിന്നുപയോഗിക്കത്തക്ക ഒരു വില്ലു് ഇവിടെയെങ്ങും കിട്ടുകയില്ലയോ?" എന്നു രാജകുമാരൻ ചോദിച്ചു. അതിന്നുത്തരമായി അവിടെക്കൂടിയിരുന്നവരിൽ ഒരാൾ "ഇവിടുത്തെ ക്ഷേത്രത്തിൽ ഒരു വിശേഷപ്പെട്ട വില്ലുണ്ടു്. അതു സിംഹ

ഹനു എന്ന ഒരു നൃപൻ പുരാതനകാലത്തു അവിടെ വെച്ചിട്ടുള്ളതാണ്. അതിനെ അദ്ദേഹത്തിന്റെ കാലത്തിന്നുശേഷം യാതൊരാൾക്കും എടുക്കുവാനോ തൊടുക്കുവാനോ സാധിച്ചിട്ടില്ല," എന്നു പറഞ്ഞു. ഇതുകേട്ടപ്പോൾ രാജകുമാരൻ, "പുരുഷന്മാർക്ക പററിയ ആ വില്ലുതന്നെയാണ' എനിക്കുവേണ്ടതു. അതിനാൽ നിങ്ങൾ അതിനെ ഇങ്ങോട്ടെടുത്തുകൊണ്ടു വരുവിൻ!" എന്നു പ്രസ്താവിച്ചു. അതുപ്രകാരം ആ കാരിരുമ്പുകൊണ്ടുണ്ടാക്കിയ ഘനമേറിയ വില്ലിനെ പലരും ചേന്നു എടുത്തുകൊണ്ടുവന്നു രാജകുമാരന്റെ സമീപത്തിൽ വെച്ചു. അപ്പോൾ, രാജകുമാരൻ ആ വില്ലെടുത്തു കുലച്ചു അമ്പെയ്യുവാൻ തന്റെ എതിരാളികളോടു അപേക്ഷിച്ചുവെങ്കിലും അവക്ക അപ്രകാരം ചെയ്യാൻ സാധിച്ചില്ല. ഉടനെ സിദ്ധാത്ഥൻ മന്ദഹാസത്തോടുകൂടി ആ ഭാരമേറിയ വില്ലിനെ പ്രയാസംകൂടാതെ എടുത്തു, ഞാൺ വലിച്ച്, ഒരമ്പെയ്തു. ആ അമ്പ് കാററിൽക്കൂടെ ഘോഷാരവമുണ്ടാക്കിക്കൊണ്ടുപോയപ്പോൾ ജനങ്ങളെല്ലാം വളരെ ആശ്ചയ്യപ്പെട്ടുപോയി. അതു എത്രയോ അകലത്തായി വെച്ചിരുന്ന ലാക്കിനെ തുളച്ചുകടന്ന്, മൈതാനത്തിൽക്കൂടെ വളരെദൂരം പറന്നുപോയ ശേഷമാണ് താഴത്തു പതിച്ചതു.

ഈ പരാജയംകൊണ്ടു മനസ്സമടക്കാതെ ദേവദത്തനും കൂട്ടുകാരും വീണ്ടും മത്സരത്തിന്നൊരുങ്ങി. ധനുർവ്വിദ്യയിൽ രാജകുമാരനു അല്പം മെച്ചമുണ്ടായെങ്കിലും വാൾവിദ്യയിൽ തനിക്കു സിദ്ധാത്ഥനെ തോല്പിപ്പാൻ സാധിക്കുമെന്നു ദേവദത്തൻ വീരവാദം പറഞ്ഞു. അതു

പ്രകാരം അയാൾ ആറംഗുലം വണ്ണമുള്ള ഒരു കരിമ്പനയെ ഒരൊററവെട്ടിൽ മുറിച്ചു. ഏഴംഗുലം വണ്ണമുള്ള പനയെ അൎജ്ജുനനും ഒമ്പതംഗുലമുള്ളതിനെ നന്ദനനും വെട്ടിമുറിച്ചു. എന്നാൽ സിദ്ധാൎത്ഥൻ ഒമ്പതംഗുലം വീതം വണ്ണമുള്ള അടുത്തടുത്തു മുളച്ചിരുന്ന രണ്ടു പനകളെ ഒരൊററവെട്ടിൽ നിഷ്പ്രയാസം മുറിച്ചു. പക്ഷെ വെട്ടിയ മുറികൾ താഴത്തു പതിക്കാതെ നിന്നതുകണ്ടപ്പോൾ രാജകുമാരന്റെ വെട്ടു പിഴച്ചുപോയെന്നും അദ്ദേഹത്തിന്റെ വാളിന്നു കേടു വല്ലതും പററിയിരിക്കാമെന്നും ശങ്കിച്ചു് യശോധര ഭയപ്പെട്ടു. പക്ഷെ ആ സമയത്തു ഒരു ഇളങ്കാററു വീശുകയും ഉടനെതന്നെ മുറിഞ്ഞ തടികൾ താഴത്തു പതിക്കുകയും ചെയ്തു. ഇതു കണ്ടപ്പോൾ യശോധരയുടെ ഹൃദയകമലം വികസിച്ചു. കാണികളെല്ലാം സന്തുഷ്ടചിത്തന്മാരായ്ത്തീരുകയും ചെയ്തു. അനന്തരം സിദ്ധാൎത്ഥനും മററ മൂന്നുപേരും കുതിരസ്സവാരിയിലുള്ള പാടവം പരീക്ഷിപ്പാൻ തീൎച്ചപ്പെടുത്തി. അതുപ്രകാരം സിദ്ധാൎത്ഥൻ കാന്തകം എന്ന അശ്വത്തിന്റെ പുറത്തും മററുള്ളവർ അവരവരുടെ കുതിരകളുടെ പുറത്തും കയറി സവാരിതുടങ്ങി. എന്നാൽ കാന്തകം എളുപ്പത്തിൽ മററ അശ്വങ്ങളെ തോല്പിക്കുകയാൽ ദേവദത്തൻ മുതലായവരുടെ അസൂയ മുമ്പിലത്തേതിലുമധികമായ്ത്തീൎന്നു. "കാന്തകത്തെപ്പോലുള്ള ഒരു അശ്വവീരനെ കിട്ടിയാൽ ഞങ്ങൾക്കും ഇതിലധികം വേഗത്തിൽ സവാരിചെയ്വാൻ സാധിക്കും. അതുകൊണ്ടു്, ഇണക്കം കുറഞ്ഞതും ശക്തിയേറിയതുമായ ഒരശ്വത്തെ കൊണ്ടുവരിക. അതിന്റെ പുറത്തുകയറി ശീഘ്രഗതിയിൽ ആരാണു് സവാരിചെയ്യുന്നതെന്നു പരീക്ഷി

ച്ചു നോക്കാം," എന്നു നന്ദൻ പറഞ്ഞു. അതുപ്രകാരം കറുത്തനിറത്തിലുള്ളതും കാഴ്ചയിൽ ഭയങ്കരത്വം ജനിപ്പിക്കുന്നതും മുമ്പു യാതൊരാളും പുറത്തുകയറി സവാരി ചെയ്തിട്ടില്ലാത്തതുമായ ഒരു കുതിരയെ അശ്വപാലന്മാർ വളരെ പണിപ്പെട്ടു അവിടേക്കു കൊണ്ടുചെന്നു. ഉടനെ തന്നെ സിദ്ധാത്ഥന്റെ എതിരാളികളിൽ ഓരോരുത്തരും അതിന്റെ പുറത്തു കയറുവാൻ ശ്രമിച്ചുനോക്കിയെങ്കിലും അവരെയെല്ലാം ആ ഭയങ്കരമൃഗം ക്ഷണത്തിൽ താഴത്തു പതിപ്പിച്ചു. എന്തുവന്നാലും അതിന്റെ പുറത്തു കയറാതെ മടങ്ങുന്നതല്ലെന്നു തീച്ചപ്പെടുത്തിപാഞ്ഞുചെന്ന അജ്ജുനൻ അതിന്റെ പുറത്തു ചാടിക്കയറി, കടിഞ്ഞാൺവലിച്ച് ഓടിപ്പാൻ തുടങ്ങി. അപ്പോൾ കുതിര അയാളേയും താഴത്തുവീഴ്ത്തി; അയാൾക്കു ഗണ്യമായ പരുക്കുകൾ പററുകയുംചെയ്തു. ആ സമയത്ത് അയാളുടെ രക്ഷക്കായി മൂന്നുനാലു പേർ അശ്വപാലന്മാർ ചെന്നിട്ടില്ലായിരുന്നുവെങ്കിൽ ആ ക്രൂരമൃഗം നിശ്ചയമായും അജ്ജുനനെ കൊല്ലുമായിരുന്നു.

അനന്തരം, സിദ്ധാത്ഥൻ കോപാക്രാന്തനായ്നിന്നിരുന്ന ആ ദുഷ്ടമൃഗത്തിന്റെ അരികിലേക്കു സാവധാനത്തിൽചെന്ന്, "ചങ്ങലയെല്ലാമഴിച്ചു വിടുവിൻ, സവാരിക്കു പററിയ നല്ലൊരു മൃഗമാണ് ഇതു," എന്നു അശ്വപാലന്മാരോടുപ്രസ്താവിച്ച്, കുതിരയുടെ ചെവിയിൽ എന്തോ ചിലതു മന്ത്രിച്ച്, സ്നേഹഭാവത്തോടെ മന്ദം മന്ദം അതിനെ തലോടിക്കൊണ്ടുനിന്നു. അല്പനേരത്തിനുള്ളിൽ കുതിരക്കുട്ടൻ സിദ്ധാത്ഥന്ന് കീഴടങ്ങുകയും

തലതാഴ്ത്തി അദ്ദേഹത്തിൻെറ അരികിൽ ഒതുങ്ങിനില്ക്കുകയും ചെയ്തു. ഇതുകണ്ടപ്പോൾ ജനങ്ങളെല്ലാം വിസ്മയിച്ചുപോയി! രാജകുമാരൻ കുതിരയുടെ പുറത്തുകയറി കുറച്ചുനേരം മൈതാനത്തിൽക്കൂടെ സവാരിചെയ്തു. അപ്പോൾ കാണികളെല്ലാവരും, "ഇനി സിദ്ധാൎത്ഥനോടു മത്സരിക്കുന്നതു വെറുതെയാണ്. യാതൊന്നിലും അദ്ദേഹത്തെ ജയിപ്പാൻ നിങ്ങൾക്കു സാധിക്കുന്നതല്ല. അതുകൊണ്ടു ഇനി രാജകുമാരനോടു മത്സരിക്കാതിരിക്കുകയാണ് നിങ്ങൾക്കുചിതമായിരിക്കുക," എന്നു പ്രസ്താവിക്കുകയും, ദേവദത്തൻ മുതലായവർ ആ അഭിപ്രായത്തെ അനുസരിക്കുകയും ചെയ്തു. യശോധരക്കും അവളുടെ പിതാവിന്നും, എന്നുവേണ്ട അവിടെ കൂടിയിരുന്ന എല്ലാവൎക്കുംതന്നെ, സിദ്ധാൎത്ഥൻെറ വിജയത്തെക്കുറിച്ചു വളരെ സന്തോഷമുണ്ടായി. അതുവരെ രമ്യമായ ഒരു ഉദ്യാനത്തിൽ ജീവിച്ച്, കായികാഭ്യാസങ്ങളിൽ പരിശ്രമിക്കാതെ കാലം കഴിച്ചുവന്ന സിദ്ധാൎത്ഥരാജകുമാരന്നു ഏതു പ്രകാരമാണ് ഇത്രത്തോളം ശക്തിയും ധൈൎയ്യവുമുണ്ടായതെന്നാലോചിച്ചു യശോധരയുടെ പിതാവായ സുപ്രബുദ്ധൻ വളരെ ആശ്ചൎയ്യപ്പെട്ടു.

അതിൽപ്പിന്നെ പിതാവിൻെറ അനുജ്ഞപ്രകാരം സുന്ദരീമണിയായ യശോധര വിശേഷപ്പെട്ട ഒരു പുഷ്പഹാരം കയ്യിലെടുത്ത്, താൻ ഇരുന്നിരുന്ന തൽപ്പത്തിൽനിന്നെഴുനീററ് ചേതോഹരനായ രാജകുമാരൻെറ സന്നിധിയിലേക്കു ചെന്നു. ആ സമയത്ത് രാജകുമാരൻ താൻ കീഴടക്കിയതായ കുതിരക്കുട്ടൻെറ പുറത്തുനിന്ന് ഇറങ്ങി അതിനെ തലോടിക്കൊണ്ടു നില്ക്കുകയായി

രുന്നു. അദ്ദേഹത്തിന്റെ സമീപത്തിലെത്തിയപ്പോൾ അവൾ മുഖകമലത്തിൽനിന്നു മൂടുപടം നീക്കംചെയ്തു് സുരഭിയായ ആ പൂമാലയെ സിദ്ധാത്ഥന്റെ കണ്ഠത്തിൽ അപ്പിച്ചശേഷം, "പ്രിയതമനായ രാജകുമാര! അങ്ങു എന്നെ വീക്ഷിച്ചാലും," എന്നു പ്രസ്താവിച്ചു. രാജകുമാരൻ തന്റെ നയനദളത്തെ യശോധരയിൽ അപ്പിച്ചു. അനന്തരം അദ്ദേഹം യശോധരയുടെ കരപല്ലവം കൈയിൽ ധരിച്ചുകൊണ്ടു ചാരുഹാസത്തോടെ ജനാവലിയുടെ ഇടയിൽക്കൂടെ കടന്നുപോകുകയും ചെയ്തു.

പിന്നീടു അധികം താമസിയാതെ പലവിധത്തിലുള്ള ആഘോഷങ്ങളോടുകൂടി സുപ്രബുദ്ധൻ യശോധരയെ രാജകുമാരന്നു വിവാഹംചെയ്തുകൊടുത്തു. ഇവരുടെ സുഖവാസത്തിന്നായി ഹിമവൽപാശ്വത്തിൽ നിമ്മിച്ചിട്ടുണ്ടായിരുന്ന നേത്രാനന്ദകരങ്ങളായ കാഴ്ചകളോടുകൂടിയ ഒരു പ്രത്യേകമന്ദിരത്തിൽ സിദ്ധാത്ഥനും യശോധരയും മാറിത്താമസിക്കുകയും ചെയ്തു.

രാജകുമാരന്റെ വസതിക്കു ചുററും സന്തോഷകരങ്ങളും സുഖപ്രദങ്ങളുമായ അവസ്ഥകളല്ലാതെ യാതൊന്നുമുണ്ടാകാതിരിപ്പാൻ ശുദ്ധോദനൻ നിഷ്കഷിച്ചിരുന്നു. നവദമ്പതിമാരുടെ കൂടെ പാത്തിരുന്ന യുവാക്കന്മാരോ യുവതികളോ മരണം, ജര, ദുഃഖം, വേദന, രോഗം എന്നിവയെപ്പററി യാതൊന്നുംഒരിക്കലും പ്രസ്താവിച്ചുപോകരുതെന്നും ആവക യാതൊരു സംഗതികളും സിദ്ധാത്ഥന്നു് അറിവാൻ ഇടവന്നുപോകരുതെന്നും പ്രത്യേകം ഏപ്പാടുചെയ്തിരുന്നു. വിശ്രമവനം എന്നു പ്രസിദ്ധമായ

ഈ ആരാമത്തെപ്പോലെ ഭംഗിയുള്ള ഒരു സ്ഥലം ഭൂമിയിൽ മററൊരേടത്തുമുണ്ടായിരുന്നില്ല. പച്ചച്ചെടികളും പുല്ലുകളും അവിടെയുള്ള കുന്നുകളെ മൂടിയിരുന്നു. സാലദ്രുമങ്ങൾ, തിന്ത്രിണീജാലങ്ങൾ, സുരഭിലങ്ങളായ പൂക്കൾ നിറഞ്ഞ വള്ളികൾ എന്നിവയെല്ലാം സമീപസ്ഥലങ്ങളിൽ ധാരാളമുണ്ടായിരുന്നു. നിരനിരയായി പൊങ്ങിനിന്നിരുന്ന ഹിമവൽപൎവ്വതത്തെ വിശ്രമവനത്തിൽ വസിക്കുന്നവൎക്ക എപ്പോഴും കാണാമായിരുന്നു. അതിൻെറ തൊട്ടപ്രദേശങ്ങളിലുണ്ടായിരുന്ന ശ്യാമളമായ മലഞ്ചരിവ്, മഞ്ഞുമൂടിയ ശൃംഗം, മഞ്ജുളമായ മലയിടുക്ക് മുതലായവയിലെ ചേതോഹരങ്ങളായ കാഴ്ചകൾ സിദ്ധാൎത്ഥനേയും യശോധരയേയും സൎവ്വദാ സന്തോഷിപ്പിച്ചു. വിശ്രമവനത്തിലെ പരിചാരകന്മാരിൽ വല്ലവൎക്കും രോഗം പിടിപെട്ടാൽ വിവരം സിദ്ധാൎത്ഥനറിവാകുന്നതിന്നുമുമ്പു ആ പരിചാരകന്മാർ വിശ്രമവനം വിട്ടുപോകേണമെന്നായിരുന്നു രാജകല്പന. യശോധരയുടെ ദാസിമാരിൽ ഏതൊരുത്തിയുടെയെങ്കിലും തലയിൽ ഒരൊററ വെളുത്ത രോമം കണ്ടാൽ ഉടനെതന്നെ അവളെ ആ രമണീയമായ രാജധാനിയിൽനിന്നു അകററേണമെന്നു നിൎബ്ബന്ധമുണ്ടായിരുന്നു. എല്ലാ ദിവസവും പ്രഭാതത്തിൽ രാജകുമാരൻ ഉണരുന്നതിന്നുമുമ്പുതന്നെ പഴയ പൂക്കൾ പറിച്ചു നീക്കുകയും താഴത്തുവീണ ഇലകൾ അടിച്ചു കളകയും ചെയ്തിരുന്നു. യശോധരയെ വിവാഹംചെയ്യുന്നതിന്നുമുമ്പ് ഇടയ്ക്കിടയ്ക്കു സിദ്ധാൎത്ഥനുണ്ടായ്ക്കൊണ്ടിരുന്ന കുണ്ഠിതം ഇനിഒരുകാലത്തും ഉണ്ടാവാനി

ടവരരുതെന്നും ദുഃഖാവസ്ഥയൊ ക്ഷയാവസ്ഥയൊ ഇന്നതെന്നു രാജകുമാരൻ അറിയരുതെന്നും ശുദ്ധോദനൻ തീച്ചപ്പെടുത്തീട്ടുണ്ടായിരുന്നു. "ഇനി എന്റെ പുത്രൻ രാജാധിരാജനും മഹായശസ്വിയുമായ്ത്തീരുവാൻ പയ്യാപ്ത ങ്ങളായ സകലതും ഞാൻ വിധിപൂവ്വം പ്രവൎത്തിച്ചുകൊള്ളാം," എന്നു രാജാവ' തന്നെത്താൻ പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ, ഇതു എത്രയോ അടിസ്ഥാനരഹിതമായിരുന്നുവെന്നു അദ്ദേഹം അറിഞ്ഞിരുന്നില്ല.

മേൽപ്രകാരമുള്ള പ്രവൃത്തികൾകൊണ്ടൊന്നും രാജാവിന്നു തൃപ്തിയുണ്ടായില്ല. രാജകുമാരൻ ഒരിക്കലും അവിടംവിട്ടു പുറത്തുപോകുവാനിടവരരുതെന്നു കരുതി അദ്ദേഹം ആ രാജമന്ദിരത്തിന്റെ ചുററും വലുതായ ഒരു മതിൽക്കെട്ടുണ്ടാക്കുകയും അതിന്നു, ഒന്നിന്നു മുമ്പിൽ ഒന്നു, അതിനുമുമ്പിൽ മറെറാന്നു, ഇങ്ങിനെ മൂന്നു പ്രവേശനദ്വാരങ്ങൾ നിമ്മിക്കുകയും, അവക്കു ഗംഭീരാകൃതിയിലുള്ള വാതിലുകൾ ഉണ്ടാക്കിക്കുകയും ചെയ്തു. എന്നാൽ ഇതിന്റെ സൂക്ഷ്മവിവരമൊന്നും അദ്ദേഹം രാജകുമാരനെ അറിയിച്ചതുമില്ല. ഒടുവിൽ ആ മൂന്നു മാൎഗ്ഗദ്വാരങ്ങളിലേയും കാവൽക്കാരോടു, "ഇതിൽക്കൂടെ യാതൊരാളും എന്റെ സമ്മതംകൂടാതെ പോയ്ക്കോകരുതു. രാജകുമാരനൊപ്പോലും കടത്തിവിടേണമെങ്കിൽ മുൻകൂട്ടി എന്റെ കല്പന വാങ്ങിക്കൊള്ളേണ്ടതാണു. അങ്ങിനെയല്ലാതെ പ്രവൎത്തിച്ചാൽ അതിന്നു മരണശിക്ഷയാണു വിധിക്കുക," എന്നാജ്ഞാപിച്ചശേഷം ശുദ്ധോദനൻ തൽക്കാലം സംതൃപ്തനായി ഭവിച്ചു.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

# മൂന്നാം അദ്ധ്യായം

---

## പ്രപഞ്ചജ്ഞാനം.

ശ്രീമയമായ വിശ്രമവനത്തിൽ കോമളരൂപനായ സിദ്ധാൎത്ഥൻ ലോകത്തിന്റെ യാഥാൎത്ഥ്യത്തേയും അതിൽ സൎവ്വത്ര വ്യാപിച്ചുകിടക്കുന്ന ദുഃഖാവസ്ഥകളേയും മനസ്സിലാക്കാതെ കുറെക്കാലം കഴിച്ചു. ഭീതി, ദാരിദ്ര്യം, വ്യാധി, വാൎദ്ധക്യം മുതലായവയുടെ യാതൊരു വിവരവും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. എങ്കിലും രാജകുമാരൻ മദ്ധ്യാഹ്നത്തിലെ സൂൎയ്യരശ്മിയിൽനിന്നു രക്ഷപ്പെട്ടുവാനായി തന്റെ പ്രേമസൎവ്വസ്വമായ യശോധരയുടെ മടിയിൽ തലവെച്ചു വിശ്രമിച്ചുകൊണ്ടിരിക്കെ ശോകാകുലനെപ്പോലെ ഞെട്ടിയുണൎന്ന്, "എന്റെ ലോകമേ! ഞാൻ കേൾക്കുന്നു! ഞാൻ അറിയുന്നു! ഞാനിതാ വരുന്നു!" എന്നു മൃദുസ്വരത്തിൽ പുലമ്പിക്കൊണ്ടിരിക്ക പതിവായിരുന്നു. ആ സമയത്ത് യശോധര പരിഭ്രാന്തിയോടെ ഇപ്രകാരം ചോദിക്കും:- "നാഥ! അങ്ങേക്ക് എന്താണ് സുഖക്കേട്?" അതിന്നുത്തരമായി "പ്രാണപ്രിയേ, പരിഭ്രമിക്കേണ്ട, ഒന്നുമില്ല. കുറച്ചുനേരം ആ വീണയെടുത്തു വായിക്കുക," എന്നുപറഞ്ഞ് രാജകുമാരൻ അവളെ ആശ്വസിപ്പിക്കുകയും ചെയ്യും. പലപ്പോഴും ഇങ്ങിനെ സംഭവിക്കാറുണ്ടായിരുന്നു. അങ്ങിനെയിരിക്കെ ഒരു രാത്രിയിൽ ജനൽ വാതിൽപ്പടിയിൽ ശ്രുതികൂട്ടിവെച്ചിരുന്ന വീണയുടെ കമ്പികളിൽ കാററടിച്ച്

അവയിൽനിന്നു് മനസ്സിന്നു് ആഹ്ലാദം ജനിപ്പിക്കുന്ന ഓരോ മൃദുസ്വരങ്ങൾ പുറപ്പെട്ടുകൊണ്ടിരുന്നു. യശോധരക്കു ഈ ശബ്ദം കൎണ്ണാനന്ദകരമായി തോന്നി. എന്നാൽ അതു് ദേവന്മാർ സ്വൎഗ്ഗലോകത്തിൽ വായിക്കുന്ന വീണയുടെ ശബ്ദമായിട്ടാണു് സിദ്ധാൎത്ഥന്നു തോന്നിയതു. ആ ശബ്ദം തന്നോടു ഇപ്രകാരം പറയുന്നുവെന്നു അദ്ദേഹത്തിന്നു തോന്നി:—

"ഇണ്ടലാൎന്നോടിവിശ്രമം കൊതിച്ചെല്ലാടവും
തിണ്ടാടും വായുവിന്റെ ശബ്ദങ്ങളല്ലോ ഞങ്ങൾ.
കണ്ടീടുന്നില്ലയെങ്ങുമാശ്വാസമതുമൂലം
കുണ്ഠതയാൎന്നിവണ്ണം കേഴുന്നിതറിഞ്ഞാലും
ഊഴിയിലൊക്കെപ്പോഴിക്കാററിനും മനുഷ്യന്റെ
പാഴാം ജീവിതത്തിന്നും ഗതിയൊന്നതായതു.
കേഴുക, നെടുവീൎപ്പിട്ടീടുക, തേങ്ങീടുക,
ചൂഴവും ചീറിക്കുതിച്ചീടുക; പിടയുക
എന്തിനായുണ്ടായു് ഞങ്ങളെങ്ങുനിന്നുണ്ടായെന്നും
ചിന്തിച്ചാലാൎക്കുമറിയാവതല്ല;തുപോലെ,
എങ്ങുനിന്നിജ്ജീവിതമുണ്ടായെന്നതും, പിന്നെ
എങ്ങോട്ടയ്ക്കതുപോകുന്നെന്നുമാൎക്കറിയാവു!
അന്തരമില്ല വിഭോ! നിങ്ങൾക്കും ഞങ്ങൾക്കും; നാ-
മന്തരാളത്തിൽ വൃഥാ തോന്നിയ ഭ്രമങ്ങൾതാൻ
സന്തതം രൂപം മാറിവരുമിക്ലേശങ്ങളി-
ലെന്തൊരു സൌഖ്യമുള്ളു ഞങ്ങൾക്കു നിരൂപിച്ചാൽ
ഇങ്ങുഴമവിശ്രാന്ത വിഷയഭോഗങ്ങളി-

ലങ്ങടയ്ക്കുമെറ്റു സുഖമോക്ഷങ്ങളറിവീല?

.................................

.................................

എന്നാൽ നിന്തിരുവടി ലോകരക്ഷാത്ഥമല്ലൊ
വന്നവതരിച്ചിതു; കാലവുമായിതല്ലൊ
എന്നെഴുന്നെള്ളീടുമങ്ങെന്നു കാത്തിരിക്കുന്നു
ഖിന്നമാം ജീവലോകം കഷ്ടതനീങ്ങീടുവാൻ
അന്തമില്ലാതെ നീണ്ട സംസാരയാത്രതന്നി-
ലന്ധമാംലോകം ചുററിത്തിരിഞ്ഞു വലഞ്ഞേററം
ആയാസത്തോടുമടിയിടറി വീഴുന്നതേ
മായാനന്ദനായേൽക്ക, യങ്ങിനിയുറങ്ങൊലാ
ഞെണ്ടിമണ്ടും വായുവിൻശബ്ദങ്ങളാണു ഞങ്ങൾ
തെണ്ടുകയങ്ങും‌പോയി നിർവ്വാണം നൃപാത്മജ!
സ്വാന്തരാഗത്തെ രാഗബദ്ധമാം ലോകത്തിന്റെ
സന്താപം കെടുപ്പതിന്നായ് സ്വയംവെടികനീ
ബന്ധുരരാജ്യഭോഗം വിട്ടു ദുഃഖിച്ചു ദുഃഖ
ബന്ധത്തിൽനിന്നു മോചിപ്പിക്കുക ഭുവനത്തെ."

ഇതു് രാജകുമാരന്റെ കർണ്ണരന്ധ്രങ്ങളിൽനിന്നു് ഒരിക്കലും വിട്ടുമാറിയില്ല. വിശ്രമവനത്തിന്റെ പുറത്തുള്ള ലോകം കണ്ടു മനസ്സിലാക്കുവാൻ അദ്ദേഹത്തിനു ആഗ്രഹമുണ്ടായി; അതിന്നായി ഒരു നിശ്ചിതദിവസത്തിൽപുറപ്പെടുവാനും തീർച്ചപ്പെടുത്തി. രാജകുമാരന്റെ ഈ തീരുമാനത്തെപ്പററി ശുദ്ധോദനൻ മനസ്സിലാക്കിയ

ഉടനെ പുത്രൻെറ പൎയ്യടനം സുഖപ്രദമാക്കിത്തീൎപ്പാൻ വേണ്ടുന്ന സകല ഏൎപ്പാടുകളും അദ്ദേഹം ചെയ്തു. രാജ്യലക്ഷ്മിയെകാണ്മാൻ കുമാരന്ന് കാലമായെന്നും അതുനിമിത്തം കുമാരൻ ഇഹലോകജീവിതത്തിൻെറ മഹിമയെ അറിഞ്ഞ് അതിൽമഗ്നനാകുമെന്നുമായിരുന്നു ശുദ്ധോദനൻ വിചാരിച്ചിരുന്നതു. അതിനാൽ രാജാവിൻെറ ഘോഷകജനങ്ങൾ താഴെ പ്രസ്താവിക്കുംവിധം നാടെങ്ങും വിളംബരപ്പെടുത്തി:—"അല്ലയോ, പൌരന്മാരെ! രാജകല്പന കേൾക്കുവിൻ! നാളെ തെരുവുകളിൽ യാതൊരേടത്തും കുരുടന്മാർ, മുടന്തന്മാർ, രോഗികൾ ആരോഗ്യം ക്ഷയിച്ചവർ, പ്രായാധിക്യത്താൽ കഷ്ടതകളനുഭവിക്കുന്നവർ എന്നിവരെ കണ്ടുപോകരുതു. ശവദാഹം ചെയ്വാനായി മൃതശരീരങ്ങൾ യാതൊരാളും നാളെ പുറത്തേയ്ക്കിറക്കരുതു. വീഥികൾ ശുദ്ധിചെയ്ത്, കൊടിക്കൂറകൾ നാട്ടുവിൻ! മുററത്ത് കോലങ്ങളെഴുതുവിൻ! പുതിയ പൂമാലകൾ എല്ലായിടത്തും തൂക്കുവിൻ! ക്ഷേത്രങ്ങളിലെ ബിംബങ്ങളെയെല്ലാം സവിശേഷം അലങ്കരിപ്പിൻ!"

സകലപൌരന്മാരും രാജകല്പനപ്രകാരം പ്രവൎത്തിച്ചു. ഹിമരാശികൾപോലെ വെളുത്ത രണ്ടു കാളകളെ കെട്ടിയതും മനോഹരമായ ശില്പവേലകളുള്ളതുമായ രഥത്തിൽ കയറി രാജകുമാരൻ തെരുവീഥികളിൽക്കൂടെ പോയപ്പോൾ പൌരന്മാർസന്തോഷപുരസ്സരം അദ്ദേഹത്തെ തൊഴുതും വാഴ്ത്തിയും നാലുപാടും നിറഞ്ഞുനിന്നു. ഇതുകണ്ട് സിദ്ധാൎത്ഥൻ തൻെറ സഹചരനോട്, "ഈ ലോകം യഥാൎത്ഥത്തിൽ വളരെ മനോജ്ഞമായിട്ടുള്ളതു

തന്നെ! ഇവക്കെല്ലാം എൻെറപേരിൽ വളരെ പ്രിയമുള്ളതായി കാണുന്നു. എന്തൊരുനന്മയാണ് ഞാൻ അവക്കു ചെയ്തിട്ടുള്ളതു്? ഇവരെ ഞാൻ സ്നേഹിക്കുന്നുണ്ടെന്നു് ഇവർ ഊഹിച്ചറിഞ്ഞതായിരിക്കുമോ? ഛന്ദ! നമ്മുടെ ശരീരത്തിൽ ദിവ്യമാല്യങ്ങൾ വാരിയെറിഞ്ഞ രമ്യരൂപനായ ആ ശാക്യബാലനെ എടുത്ത് ഈ രഥത്തിൽ ഇരുത്തുക," എന്നു പ്രസ്താവിച്ചു. തൽക്ഷണം ഛന്ദൻ അതുപ്രകാരം പ്രവൎത്തിച്ചു. താൻ പണ്ടൊരിക്കലുമനുഭവിച്ചിട്ടില്ലാത്ത ഈ അവസ്ഥനിമിത്തം ആ ചെറുബാലനും വലിയ ആഹ്ലാദമുണ്ടായി. രാജകുമാരൻ എത്രയോ എളിയനിലയിലുള്ള ഒരു ബാലനെ രഥത്തിൽ കയററിക്കൊണ്ടു പോകുന്നതുകണ്ടപ്പോൾ ജനങ്ങളുടെ സന്തോഷസമ്മിശ്രമായ ആശ്ചൎയ്യം പൂൎവ്വോപരി വൎദ്ധിച്ചു. രാജകുമാരൻ ഛന്ദനോടു്, "ഛന്ദ, അനഘരസമുള്ള ഈ ലോകത്തെ എനിക്കു് കുറേക്കൂടി കാണണം. തേർ മുന്നോട്ടു തെളിക്കുക," എന്നു് ആജ്ഞാപിക്കുകയാൽ ഘോഷയാത്ര വിശ്രമവനത്തിൻെറ കോട്ടവാതിലിൽക്കൂടെ പുറത്തേക്കുകടന്നു. "മഹാരാജനന്ദനൻ ജയിക്കട്ടെ! പ്രജാക്ഷേമതല്പരനായ രാജകുമാരൻ ചിരകാലം ജീവിച്ചിരിക്കട്ടെ! ശുദ്ധോദനമഹാരാജാവു് അതിഭാഗ്യവാൻതന്നെ!" എന്നിങ്ങിനെ ജനങ്ങൾ ജയഘോഷം മുഴക്കിക്കൊണ്ടിരുന്നു. ആ സമയത്തു്, ദൈവവശാൽ, മഹാദരിദ്രനും മലിനവേഷധാരിയും പ്രകൃത്യാ വിരൂപനും ദേഹമാസകലം ചുക്കിച്ചുളിഞ്ഞവനുമായ ഒരു വൃദ്ധൻ അടുത്തുണ്ടായിരുന്ന ഒരു ചെറുകുടിലിൽ നിന്നു രാജവീഥിയിലേക്കു് ചെന്നു. പ്രായാധിക്യ

ത്താൽ അവൻെറ നട്ടെല്ല് വില്ലുപോലെ വളഞ്ഞിരു ന്നു. കുഴിഞ്ഞു പീളനിറഞ്ഞ കണ്ണുകളോടും പല്ലുകളെ ല്ലാം പോകുകയാൽ ഒട്ടിക്കിടന്നിരുന്ന കവിൾത്തടങ്ങ ളോടും കൂടിയ ആ വൃദ്ധൻ തെരുവിലുണ്ടായ ഘോഷാ രവം കേട്ടിട്ടാണ് മാടത്തിൽനിന്നു പുറത്തേക്കു ഇഴ ഞ്ഞുചെന്നതു്. “മഹാജനങ്ങളെ! എനിക്ക് കുറച്ചു പി ച്ചതരുവിൻ! ഞാൻ ഇന്നോ നാളെയൊ ചാവാൻപോ കുന്നവനാണ്! കത്തിയെരിയുന്ന ജഠരാഗ്നിയെ പുലത്തു വാൻ വല്ലതും തരണെ!” എന്ന് അവൻ അത്യുച്ചത്തി ൽ വിലപിച്ചു. ഇതിന്നുള്ളിൽത്തന്നെ അവൻ വല്ലാതെ ക്ഷീണിക്കുകയും വിറച്ച് നിലത്തുവീഴുകയും ചെയ്തു. ഉട നെ അതുകണ്ടു നിന്നിരുന്ന ജനങ്ങൾ ഓടിച്ചെന്നു ആ കിഴവനെവലിച്ചു ദൂരത്തേക്കു മാററി. രാജകുമാരൻ ആ പരിതാപകരമായ കാഴ്ച കണ്ടാലോ എന്നുഭയപ്പെട്ടിട്ടാ ണ് അവർ അങ്ങിനെ ചെയ്തത്. അപ്പോഴേക്കും രാജ കുമാരൻ ആ കാഴ്ച കാണുകയാൽ തൻെറ സാരഥിയാ യ ഛന്ദനോട് അവനെപ്പററി അന്വേഷിപ്പാൻ തുട ങ്ങി. അതു് അത്ര സാരമുള്ളതല്ലെന്നുള്ള ഭാവത്തിൽ സാ രഥി, “പ്രഭോ! അവൻ ഒരു ശക്തിക്ഷയിച്ച വൃദ്ധനാ ണ്. അവൻെറ നല്ലകാലമെല്ലാം കഴിഞ്ഞിരിക്കുന്നു. സ്വാമി എന്തിനാണ് അവനെപ്പററി ചിന്തിക്കുന്നതു്?” എന്നു ചോദിച്ചു.

സിദ്ധാൎത്ഥൻ:—എന്നാൽ ഇപ്പോൾ സന്തോഷഭരിതരാ യിരിക്കുന്ന യുവാക്കന്മാരെല്ലാം ഒടുവിൽ ഈ നിലയി ലെത്തുമോ?

ഛന്ദൻ:—തീച്ചയായും എത്തും.

സിദ്ധാത്ഥൻ:—ഞാനും എന്റെ പ്രേമസവ്വസ്വമായ യശോധരയും നമ്മളൊന്നിച്ച് രഥത്തിലിരിക്കുന്ന ഈ ബാലനും ഇങ്ങിനെയാകുമോ?

ഛന്ദൻ:—പ്രഭോ! അവനോളംകാലം ജീവിച്ചിരുന്നാൽ നമുക്കെല്ലാവക്കും ആ അവസ്ഥ സംഭവിക്കും.

സിദ്ധാത്ഥൻ:—എന്നാൽ ഇന്നു കണ്ടതെല്ലാം മതി. രഥം അരമനയിലേക്കുതന്നെ തിരിക്കുക.

ഛന്ദൻ കല്പനപ്രകാരം പ്രവത്തിച്ചു. രാജകുമാരനാകട്ടെ, താൻ കണ്ട കാഴ്ചകളെപ്പററി ചിന്തിച്ച് വ്യാകുലപ്പെട്ടുകൊണ്ടാണ് വിശ്രമവനത്തിലേക്കു മടങ്ങിയതു. അരമനയിൽ അന്നേക്കു തയാറാക്കിവെച്ചിരുന്ന പദാത്ഥങ്ങൾ രാജകുമാരന്നു രുചികരമായ് തോന്നിയില്ല. സുന്ദരിമാരായ ദാസിമാരുടെ നൃത്തങ്ങളൊ കണ്ണാനന്ദകരങ്ങളായ ഗാനങ്ങളൊ സിദ്ധാത്ഥനെ ആകഷിച്ചില്ല. അതുകണ്ടു ദുഃഖിതയായ്ത്തീന്ന യശോധര, അദ്ദേഹത്തിന്റെ കാൽക്കൽവീണ്, തൊണ്ടയിടറിക്കൊണ്ട് മൃദുസ്വരത്തിൽ, "പ്രാണവല്ലഭ! അങ്ങയാണ് ജിവിതസവ്വസ്വമെന്നു കരുതിവരുന്ന ഈ യശോധരയിൽപ്പോലും അങ്ങക്ക് കരുണയില്ലാതായോ?" എന്നു ചോദിച്ചു. അതിന്ന് സിദ്ധാത്ഥൻ "പ്രിയേ, നാമെല്ലാവരും ഒരുകാലത്ത് വാദ്ധക്യദശയിലെത്തും—നമ്മുടെ സവ്വവിധസൌന്ദയ്യവും ശക്തിയും നശിക്കുകയും ചെയ്യും. മത്ത്യരെ വൃദ്ധരാക്കുന്ന കാലമാകുന്ന ഘാതകനെ ജയിപ്പാനുള്ള മാഗ്ഗമെന്തെന്നു കണ്ടുപിടിപ്പാനാണ് ഞാൻ ആഗ്രഹിക്കുന്നതു്," എന്നു പ്രസ്താവിച്ചു.

അന്നുരാത്രി മുഴുവൻ ഉറക്കമില്ലാതെ പട്ടുകിടക്കമേൽ ചിന്താകുലനായി ഇരിക്കുകയാണ് രാജകുമാരൻ ചെയ്തതു. അതേരാത്രിയിൽ ശുദ്ധോദനന്നും ചില ദുസ്വപ്നങ്ങളുണ്ടായി. പിറേറന്നു കാലത്ത് സിദ്ധാൎത്ഥന്റെ വൃത്താന്തം രാജദൂതന്മാർ ശുദ്ധോദനമഹാരാജാവിനെ അറിയിച്ചപ്പോൾ അദ്ദേഹം വിഷണ്ണനായ്തീൎന്നു. അതിനാൽ അദ്ദേഹം, രാജകുമാരന്ന് മുമ്പിലത്തേക്കാൾ സുഖമുണ്ടാകത്തക്കതരത്തിൽ പല പുതിയ ഏൎപ്പാടുകളും ചെയ്കയും കോട്ടവാതിൽ നല്ലവണ്ണം കാത്തുകൊൾവാനായി മുമ്പിലത്തേതിലിരട്ടി കാവൽക്കാരെ ഏൎപ്പെടുത്തുകയും ചെയ്തു.

"എന്നാലും ഫലമെന്തു? ഭവിതവ്യതതന്നെ-
യിന്നാരുതടുക്കുന്നു? വന്നീടും വരേണ്ടവ."

പിന്നീടു കുറെനാൾ ചെന്നശേഷം രാജകുമാരൻ തന്റെ പിതാവിനോട്, "നമ്മുടെ പുരവാസികളെ അവരുടെ യഥാൎത്ഥസ്ഥിതിയിൽ കണ്ടാൽക്കൊള്ളാമെന്നു ഞാനാഗ്രഹിക്കുന്നു. രാജകുമാരന്മാരും പ്രഭുക്കന്മാരുമല്ലാത്തവരുടെ ജീവിതാവസ്ഥ ഇന്നതാണെന്നു സൂക്ഷ്മമായി മനസ്സിലാകത്തക്കവണ്ണം എനിക്ക് അവരുടെയിടയിൽ സഞ്ചരിപ്പാനനുവാദം കിട്ടിയാൽക്കൊള്ളാം," എന്നഭ്യൎത്ഥിച്ചു. രാജാവ് അതുപ്രകാരം സമ്മതിക്കുകയും തന്റെ പുത്രൻ അസുഖകരങ്ങളായ സ്ഥിതികൾ നേരിട്ടുകണ്ടു പരിചയിച്ചാൽ അയാളുടെ വ്യാകുലതക്കു കുറവുവരുവാനിടയുണ്ടെന്നാലോചിച്ചു സമാധാനിക്കുകയും ചെയ്തു. അതിനാൽ പിറേറന്ന് സിദ്ധാൎത്ഥൻ ഒരു വണിക്കിന്റെ വേഷവും ഛന്ദൻ ഒരു കണക്കെഴുത്തുകാരന്റെ വേഷ

വും ധരിച്ച്, രാജമുദ്ര കാണിച്ച് കോട്ടവാതിൽ കടന്നു പുറത്തേക്കുപോയി.

ഇങ്ങിനെ അവർ രണ്ടുപേരും ജനാവലിയുടെ ഇടയിലേക്കു കടന്നു. അവിടെ കാലിൽകാലേററിയിരുന്ന് ധാന്യവ്യഞ്ജനസാമഗ്ര്യാദികൾ വിററിരുന്ന വ്യാപാരികളും വിലംപിശകിക്കൊണ്ടു ചരക്കുവാങ്ങിയിരുന്ന പൊതുജനങ്ങളും വളരെയുണ്ടായിരുന്നു. പല്ലക്കിൽ കയറിവന്നിരുന്ന പ്രഭുക്കന്മാർക്കു വഴിമാററിക്കൊടുപ്പാനായി അവരുടെ ചില പരിചാരകന്മാർ മുമ്പിൽനടന്ന് ജനങ്ങളെ ഒതുക്കിനിത്തിയിരുന്നു. ഭാരംചുമന്നുകൊണ്ടുപോയിരുന്ന ചുമട്ടുകാർ വെയിലിൻെറ ശക്തി സഹിപ്പാൻ വഹിയാതെ കുഴങ്ങിയിരുന്നു. വണ്ടിവലിച്ചിരുന്ന കാളകൾ അവയ്ക്കു ചുമക്കുവാൻ വയ്യാത്ത ഭാരംനിറച്ച വണ്ടികൾ കഷ്ടപ്പെട്ടു വലിച്ചുകൊണ്ടുപോകുന്നുണ്ടായിരുന്നു. ചില സ്ത്രീകൾ അടുത്ത കിണറുകളിൽനിന്ന് കുടങ്ങളിൽ ജലംനിറച്ച തലയിൽവെച്ചും ഒക്കിൽ കുട്ടികളെ എടുത്തും ശീഘ്രഗതിയിൽ പോകുന്നുണ്ടായിരുന്നു. എഴുത്തുപള്ളികളിൽ കുട്ടികൾ വട്ടമിട്ടിരുന്ന് ഉറക്കെ വായിക്കുന്നുമുണ്ടായിരുന്നു.

സിദ്ധാത്ഥന്ന് ഇതുപോലുള്ള നാനാതരം കാഴ്ചകൾ കാണുമാറായി. അതെല്ലാം അദ്ദേഹത്തെ ആശ്ചര്യപരതന്ത്രനാക്കിത്തീത്തു. അങ്ങിനെ കുറച്ചുദൂരം ചെന്നപ്പോൾ അവർ ഒരു ആത്തനാദം കേട്ടു. "അയ്യോ! എന്നെ ഒന്നു താങ്ങണെ! അല്ലെങ്കിൽ ഞാൻ വീട്ടിലെത്തുന്നതിന്നുമുമ്പ് വീണു മരിച്ചുപോകും! താങ്ങണെ!" എ

ന്നുള്ള പുലമ്പൽകേട്ടപ്പോൾ സിദ്ധാൎത്ഥന്റെ കനിവാൎന്ന കണ്ണുകൾ ആ ശബ്ദം കേട്ട ദിക്കിലേക്ക് തനിയെ തിരിഞ്ഞു. അവിടെ മഹാരോഗം ബാധിച്ചു വിവശനായ്ത്തീൎന്ന ഒരു വൃദ്ധൻ മണ്ണിൽക്കിടന്നുരുളുന്നതാണ് അവർ കണ്ടതു. ആ വൃദ്ധന്റെ ശരീരത്തിൽ മുഴുവൻ വ്രണങ്ങളുണ്ടായിരുന്നു. വിത്രപനായ അവൻ വേദനനിമിത്തം പല്ലിളിച്ചുകൊണ്ടും നെടുവീൎപ്പിട്ടുകൊണ്ടും വീണടിക്കിൽനിന്ന് എഴുനീല്പാൻ ശ്രമിച്ചുവെങ്കിലും അവശതനിമിത്തം വീണ്ടും അവിടത്തന്നെ പതിക്കുകയാണുണ്ടായതു. സിദ്ധാൎത്ഥൻ തൽക്ഷണം അവിടേക്കുപാഞ്ഞുചെന്ന്, രോഗിയെ സാവധാനത്തിൽ എടുത്തു മടിയിൽ വെച്ച് ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ രോഗികളെ പരിചരിപ്പാൻ അദ്ദേഹത്തിന്ന് കുറച്ചുപോലും പരിചയമില്ലാതിരുന്നതിനാലും ആ രോഗിയുടെ സ്ഥിതി ഏററവും വിഷമതയിലായിരുന്നതിനാലും പരിചയ്യ്കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായില്ല.

സിദ്ധാൎത്ഥൻ:—ചരന്ദ! ഇവൻ ഇപ്രകാരം പരിതപിക്കുന്നത് എന്തുകൊണ്ടാണ്? എന്തിനാണ് ഇവൻ വായപൊളിക്കുന്നത്? ഇവന്റെ ഉടൽ കിടുകിടെ വിറക്കുന്നുവല്ലൊ! ഇതിന്നുള്ള കാരണമെന്താണ്?

ചരന്ദൻ:—ഇവന്ന് ഭയങ്കരമായ രോഗബാധയുണ്ട്. അതിന്റെ വേദനസഹിക്കവെയ്യാത്തതുകൊണ്ടാണ് ഈ വിധം അവൻ ഉഴലുന്നതു്. സൎവ്വദുഃഖനാശകരമായ മരണം സംഭവിക്കുന്നതുവരെ ഇവൻ രോഗപീഡിതനായ്ത്തന്നെ ഇരിക്കും. പ്രഭോ! അങ്ങ് അവനെ തൊ

ടുന്നതു ശരിയല്ല. അവന്നു പകച്ച്വ്യാധിയാണ് പിടിപെട്ടിട്ടുള്ളതു്.

സിദ്ധാൎത്ഥൻ:—ഇവനെപ്പോലെതന്നെ രോഗപീഡിതന്മാരായ ജനങ്ങൾ ഈ ലോകത്തിൽ ഇനിയുമുണ്ടോ? എനിക്കും ഈവിധമുള്ള രോഗമുണ്ടാകുമോ?

ഛന്ദൻ:—സ്വാമിൻ! രോഗം എല്ലാവൎക്കുമുണ്ടാകാവുന്നതാണ്. നാം ലേശംപോലും ചിന്തിക്കാതിരിക്കുമ്പോഴാണ് ഈ വക രോഗങ്ങൾ നമ്മെ ബാധിക്കുക.

സിദ്ധാൎത്ഥൻ:—അങ്ങിനെയാണെങ്കിൽ മനുഷ്യൎക്ക് ഒരൊററ നിമിഷംപോലും ഭയം കൂടാതിരിപ്പാൻ സാധിക്കുന്നതല്ലല്ലൊ! ഇന്നുരാത്രിയിൽ സുഖനിദ്രയെ പ്രാപിക്കുന്ന ഞാൻ നാളെ മാൎത്താണ്ഡോദയത്തിൽ ഉണരുമെന്നുതന്നെ ആൎക്കാണ് പറയുവാൻ സാധിക്കുക! ഛന്ദ! ഇതിന്റെയെല്ലാം അവസാനംഎന്താണ്?

ഛന്ദൻ:—മഹാപ്രഭോ! സൎവ്വത്തിന്റേയും അവസാനം മരണമാകുന്നു.

സിദ്ധാൎത്ഥൻ:—മരണമോ? എല്ലാവരുടേയും ഗതി മരണംതന്നെയാണോ?

ഛന്ദൻ:—പ്രഭോ! നാം എന്തുതന്നെ പ്രവൎത്തിച്ചാലും, സ്വരക്ഷക്ക് എത്ര വളരെ പ്രയത്നിച്ചാലും, അവസാനത്തിൽ മരണത്തിന്നധീനന്മാരായ്ത്തീരാതിരിക്കയില്ല. സൎവ്വസുഖങ്ങളും അനുഭവിച്ചുവരുന്ന രാജാക്കന്മാരായാലും, രോഗഗ്രസ്തന്മാരായി ചിരകാലംജീവിക്കുന്ന

വൃദ്ധന്മാരായാലും, ദരിദ്രന്മാരായി നാനാദുഃഖങ്ങളിൽ പെട്ട് ഉഴലുന്നവരായാലും, അവരുടെയെല്ലാം അവസാനത്തെ ഗതി മരണമാകുന്നു.

ഇപ്രകാരം അവർ സംഭാഷണം ചെയ്തുകൊണ്ടിരിക്കെ അല്പംദൂരത്തായി, ഒരു മൃതശരീരം ചുമന്നുകൊണ്ടു പോകുന്ന ജനക്കൂട്ടത്തിന്റെ നിലവിളി അവക്കു കേൾക്കമാറായി. മൃതിപ്രാപിച്ച ഒരു മനുഷ്യനെ മുമ്പൊരിക്കലും കണ്ടിട്ടില്ലാതിരുന്ന രാജകുമാരൻ ഛന്ദനോട്, "സ്നേഹിത! അതാ ആ പോകുന്നത് എന്താണ്? എന്തിനാണ് അവരിൽ പലരും കരയുന്നതു?," എന്നു ചോദിച്ചു.

ഛന്ദൻ:—പ്രഭോ! എല്ലാവരുടേയും അവസാനത്തെ ഗതി ഇതുതന്നെയാണ്. മരണത്തെപ്പററി മുമ്പു പ്രസ്താവിച്ചുവല്ലൊ. ആ ജനക്കൂട്ടം ഒരു മൃതശരീരത്തെ അനുഗമിക്കുകയാകുന്നു. അവർ ഇനി ആ ശവശരീരത്തെ തീയ്യിൽവെച്ചു ദഹിപ്പിച്ചുകളയും. അവസാനത്തിൽ കുറെ എല്ലുകളും ഭസ്മവും മാത്രമെ ബാക്കിയുണ്ടായിരിക്കയുള്ളു.

ഇതെല്ലാം കേട്ട് സിദ്ധാത്ഥൻ കണ്ണുനീർ വാത്തു് കുറച്ചുനേരം ആകാശത്തിലേക്കു നോക്കി. അനന്തരം അദ്ദേഹം, "ഛന്ദ! ഇന്ന് എന്റെ കണ്ണുകൾ ശരിയായ് തുറന്നിരിക്കുന്നു. മററുള്ള മനുഷ്യരെപ്പോലെ എനിക്കും രോഗം, മരണം എന്നിവയുണ്ട്. കഷ്ടം! ദേവന്മാക്കു ലേശംപോലും കരുണയില്ലല്ലൊ! എന്തുകൊണ്ടാണ് അവർ മനുഷ്യരെ ഈ ദുഃഖാവസ്ഥകളിൽനിന്നു

രക്ഷിക്കാത്തത്? ഛന്ദ! ഞാൻ കാണേണ്ടതെല്ലാം കണ്ടുകഴിഞ്ഞു. ഇനി മടങ്ങിപ്പോകാം," എന്ന് വ്യസനപൂർവ്വം പ്രസ്താവിച്ചു.

ഉടനെതന്നെ അവർ വിശ്രമവനത്തിലേക്കു തിരിച്ചു. സിദ്ധാർത്ഥൻ ഇപ്രകാരം വീണ്ടും ഖിന്നനായിമടങ്ങിയ വൃത്താന്തംകേട്ട് ദുഃഖിതനായ രാജാവ് കോട്ടവാതിലുകളിലെ കാവൽക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

## നാലാം അദ്ധ്യായം.

### മഹാത്യാഗം.

സുഖഭോഗങ്ങൾക്കുള്ള സകല സാമഗ്രികളും നിറഞ്ഞതും പൊക്കമേറിയ മതിലുകളാൽ ചുററപ്പെട്ടതുമായ വിശ്രമവനത്തിലെ രമ്യഹർമ്മ്യത്തിൽ താൻമാത്രം സുഖമായി ജീവിക്കുന്നതു തന്റെ സ്ഥിതിക്കനുസരിച്ചതായിരിക്കയില്ലെന്ന് ഗാഢാലോചനക്കുശേഷം സിദ്ധാർത്ഥരാജകുമാരൻ തീർച്ചപ്പെടുത്തി. അദ്ദേഹത്തിനു വിശ്രമവനത്തിലെവിശേഷപ്പെട്ട തോട്ടങ്ങളിലുംമനോഹരങ്ങളായ ശില്പവിദ്യകളോടുകൂടിയ രാജമന്ദിരത്തിലും ഒരിക്കലും വെറുപ്പുതോന്നിയിരുന്നില്ല. രാജമന്ദിരത്തിലെ സുന്ദരിമാരായ ചേടിമാരുടേയും, തേജോരൂപിണിയായ യ

ശോധരയുടേയും കേളീവിലാസങ്ങൾ അദ്ദേഹത്തിൻെറ ഹൃദയത്തെ ആകർഷിച്ചിരുന്നു. അവയിലെല്ലാം അവർണ്ണനീയമായ സുഖമുള്ളതായും അദ്ദേഹത്തിന്നു തോന്നി. എന്നാൽ പുറത്തുള്ള ലോകമെല്ലാം ദുഃഖപരിപൂർണ്ണമായ സംസാരചക്രത്തിൽപ്പെട്ട് ഉഴന്നുകൊണ്ടിരിക്കുമ്പോൾ താൻ മാത്രം യഥാർത്ഥത്തിൽ അസ്ഥിരമായ സുഖത്തെ ശാശ്വതമായ സുഖമാണെന്നു തെററിദ്ധരിച്ച് ജീവിതം നയിക്കുന്നതു ശരിയല്ലെന്നും സകലജനങ്ങൾക്കും സുഖമുണ്ടാക്കിത്തീർപ്പാൻ പര്യാപ്തമായ പന്ഥാവ് ഏതോ അത് കാലതാമസംക്രൂടാതെ അന്വേഷിച്ചറിയേണ്ടത് തൻെറ കടമയാണെന്നും അദ്ദേഹം ആലോചിച്ചുറച്ചു.

മററുള്ളവരെല്ലാം നിശ്ചലമായ പാതിരാവിൽ ദീർഘനിദ്രചെയ്തുകൊണ്ടിരുന്ന സമയത്താണ് അദ്ദേഹം സർവ്വലോകസുഖപ്രദമായ മാർഗ്ഗം കണ്ടുപിടിപ്പാനായി ദുഃഖഹേതുക്കളായ താല്ക്കാലികസുഖങ്ങളെ ത്യജിപ്പാൻ തീർച്ചപ്പെടുത്തിയതു. അന്ന് ചൈത്രമാസത്തിലെ പൌർണ്ണമിയായിരുന്നു. എല്ലായിടത്തും പരന്നൊഴുകിക്കൊണ്ടിരുന്ന പൂനിലാവിൽ ധരാതലം മുങ്ങിക്കിടക്കുന്നുണ്ടായിരുന്നു. പ്രാണിവർഗ്ഗങ്ങളെല്ലാം സുഖനിദ്രയിൽ ലയിച്ചിരുന്നു. യശോധരയും നിസ്തുലരൂപലാവണ്യവതികളായ സഖിമാരും നൃത്തഗീതാദികൾ നിർത്തിയശേഷം ശാന്തമധുരമായ നിദ്രക്കുവശംവദകളായ്ത്തീർന്നിരുന്നു. യശോധരയും സിദ്ധാർത്ഥനും ശയിച്ചിരുന്ന ശയ്യാഗൃഹമണിമഞ്ചത്തിൽ ഭംഗിയേറിയ ചന്ദ്രരശ്മി സ്വച്ഛന്ദം പ്രകാശി

ച്ചിരുന്നു. ആ സമയത്ത് സിദ്ധാൎത്ഥൻ ശയ്യയിൽ എഴു നീററിരുന്ന് ഇപ്രകാരം തന്നെത്താൻ പറഞ്ഞു:—

"വന്നൂസമയം! പുറപ്പെട്ടുന്നുണ്ടുഞാ-
നിന്നുതാൻ! കില്ലിനി വേണ്ട തിരിച്ചു ഞാൻ
വല്ലഭേ! നീയുറങ്ങീടില്വമെന്നെ നിൻ
ഫുല്ലമുഖാംബുജശ്രീ തട്ടുകുന്നുതേ!
ഞാനിതു കണ്ടിന്നടങ്ങിമേലും ഭോഗ-
പാനീയരാശിയിലാണ്ടു കിടക്കുകിൽ
താനേയൊരിക്കലുടലുവെടിഞ്ഞതി
ദൂനരായ് നാം പിരിയേണ്ടിവരും പ്രിയേ.

..................................

ഭൂവിൽഞാൻ വന്നുപിറന്നു കാൎയ്യാൎത്ഥമായ്
രാവുംപകലും വൃഥാകഴിച്ചു ചിരം
കൈവന്നിടേണ്ടാനൃപൻെറ കിരീടവു-
മാവശ്യമില്ലിങ്ങെനിക്കു സാമ്രാജ്യവും

..................................

..................................

കാണികരുണക്കൂടാതസംഖ്യം സമ-
പ്രാണികളെ കഷണിപ്പിച്ചു കയ്യുകൾ
കാണിച്ചു വാച്ചു വിഭവഗൎവ്വം പൂണ്ടു
വാണാ സുഖിക്കയും.വേണ്ടാ എനിക്കിനി

..................................

എന്നുവേണ്ടാ ഏതഴലും സഹിക്കുവാൻ
സന്നദ്ധനാകുന്നു ഞാ;നെൻെറയിശ്രമം

എന്നും ജന്നനമരണദുഃഖങ്ങളാൽ
ഖിന്നമാം ലോകത്തിനാശ്വാസമേകുകിൽ

.................................................

വല്ലവിധവുമിത്ത്യാഗമവക്കൊരു
നല്ലമാർഗ്ഗം തെളിപ്പാനുതകീടുകിൽ
ഇല്ലവും ഭാര്യ്യയുമെൻെറ സുഖങ്ങളും
പുല്ലിലും തുച്ഛമെന്നായ് ഞാൻ ത്യജിക്കവൻ

.................................................

എന്തിനു ചൊല്ലുന്നു മർത്ത്യനിന്നൂഴിയിൽ
സ്വന്തമായ് തീൎന്നോരനുഗ്രഹമേതുള്ള
സന്തതം വേലചെയ്യേത്തെങ്കിലുമൊരു
ചിന്തകൻ കണ്ടുപിടിച്ചുള്ളതല്ലാതെ
നിശ്ചയമാകയാൽ സംസാരബന്ധവും
വിച്ഛിന്നമാകുമൊരുത്തൻെറ യത്നത്താൽ
ദുഃഖങ്ങളെല്ലാമകന്നു ലോകത്തിനു
മുഖ്യമാം നിർവൃതിയും വരും നിൎണ്ണയം.

.................................................

.................................................

എൻപ്രിയേ! ഹാ! ഗർഭശായിയാം പൈതലേ!
എൻപ്രിയമാന്നതാതാ! ഹാ! പ്രജകളെ!
ഇപ്പോൾ പിരിയുന്ന ഞാൻ വിയോഗവ്യഥ-
യല്പകാലം പൊറുത്തീടുവിനെല്ലാരും.
ലോകത്തിൽ നിന്നീയവിദ്യയാം ക്രൂരിരു-
ട്ടാകെ നീക്കിബ്ബോധസൂര്യ്യനുദിച്ചിട്ടും
ഏകാന്ത ധർമ്മമാർഗ്ഗം തെളിഞ്ഞാക്കുമേ

ശോകമകന്നു സുഖംവരുമോക്കുവിൻ
എല്ലാം നിരൂപിച്ചുറച്ചു കഴിഞ്ഞുഞാ-
നില്ലിനിമാററമിതാ നടകൊള്ളുന്നു."

അനന്തരം അദ്ദേഹം മണിമഞ്ചത്തിൽനിന്നെഴുനീററ്, ശാന്തതയോടെ കിടന്നുറങ്ങിയിരുന്ന യശോധരയെ പ്രേമപൂവ്വം വീക്ഷിച്ച് അവിടം വിടുവാൻ തുടങ്ങി. എന്നാൽ ഇങ്ങിനെ മൂന്നു പ്രാവശ്യം പരിശ്രമിച്ചുവെങ്കിലും, മൂന്നു പ്രാവശ്യവും ആ മനോഹരാംഗിയുടെ രൂപം അദ്ദേഹത്തെ പിന്നോക്കംതന്നെ ആകഷിച്ചതേ ഉള്ളു. പിന്നീട് അദ്ദേഹം, ദേവിയെ അതിസ്നേഹത്തോടെ ഒരിക്കൽക്കൂടി നോക്കിയശേഷം ഉത്തരീയമെടുത്തു തലയിലിട്ട്, മുഖം മൂടിക്കൊണ്ട് ധൈയ്യമവലംബിച്ച് ശയനഗൃഹത്തിൽനിന്ന് ഉദ്യാനത്തിലേക്കിറങ്ങി. പുറത്തുചെന്ന് ആകാശത്തിലേക്കു നോക്കിയപ്പോഠം നക്ഷത്രങ്ങഠം തന്നെ പിന്നോക്കം വിളിക്കുന്നുണ്ടോ എന്നും മധുരഗംഭീരമായ ഒരു മൃദുസ്വനം തന്റെ കണ്ണത്തിൽ എന്തോ ഒരു ഗൂഢസന്ദേശം നൽകുന്നുണ്ടോ എന്നും അദ്ദേഹത്തിന്നു തോന്നി. ആ സമയത്ത് എല്ലായിടത്തും പരിമളധോരണിയുണ്ടായി. കുറച്ചുനേരം സിദ്ധാത്ഥൻ ചിന്താമഗ്നനായി അവിടത്തന്നെ നിന്നു; പിന്നീട് സാരഥിയായ ഛന്ദൻ കിടന്നിരുന്ന ദിക്കിലേക്ക് ത്വരിതഗതിയിൽ ചെന്ന് ആയാളെ ഉണത്തി കാന്തകം എന്ന തന്റെ അശ്വത്തെ ജീനിയിട്ടുകൊണ്ടുവരുവാൻ ആജ്ഞാപിച്ചു.

ഇതുകേട്ട് ഛന്ദൻ, "പ്രഭോ! എന്തിനാണ് സവ്വലോകവും നിദ്രയിൽലയിച്ചിരിക്കുന്ന ഈ സമയത്ത് അ

ങ്ങു കുതിരസ്സവാരിക്കായി പുറപ്പെടുന്നതു്?," എന്നു് ആശ്ചൎയ്യഭരിതനായി ചോദിച്ചു.

സിദ്ധാൎത്ഥൻ:—പതുക്കെ സംസാരിക്കണം. വേഗത്തിൽ എന്റെ കുതിരയ്ക്കു് കടിഞ്ഞാണിട്ടു കൊണ്ടുവരിക. എന്തെന്നാൽ ഈ സ്വൎണ്ണമയമായ കാരാഗൃഹത്തെ ഉപേക്ഷിച്ചു സത്യാന്വേഷണത്തിന്നായി പുറപ്പെടേണ്ടതായ സമയം വന്നിരിക്കുന്നു. ഞാൻ നിമിത്തം ജീവലോകത്തിന്നുള്ള ഖിന്നതയെല്ലാം നീങ്ങി നിൎവ്വാണമുണ്ടാകുവാൻ പോകുന്നു.

ഛന്ദൻ:—സ്വാമിൻ! ഇതു എന്തൊരു പരിതാപകരമായ കാൎയ്യമാണു്! ശാക്യകുലദീപമായ അങ്ങു് പ്രാജ്യപരാക്രമംകൊണ്ടു് സൎവ്വരാജ്യങ്ങളും കീഴടക്കി കീൎത്തിമാനായി ചിരകാലം രാജ്യം വാഴുമെന്നു് ഞങ്ങൾ ആശിച്ചിരുന്നതിനെ നശിപ്പിപ്പാനാണോ ഈ പരിശ്രമം? ചെങ്കോൽ ധരിക്കേണ്ടതായ അങ്ങയുടെ കരപല്ലവത്തിൽ പിച്ചക്കാരന്റെ പൊട്ടച്ചട്ടിയാണോ അങ്ങു് എടുക്കുവാൻ പോകുന്നതു്?

സിദ്ധാൎത്ഥൻ:—ഛന്ദാ! ഞാൻ അന്വേഷിച്ചുപോകുന്ന സാമ്രാജ്യം ഈ ലോകത്തിലുള്ള സാമ്രാജ്യങ്ങളേക്കാൾ മഹത്തരമായിട്ടുള്ളതാകുന്നു. കാന്തകത്തെ കൊണ്ടുവരിക. ഇനി സമയം വൃഥാ കളവാൻ തരമില്ല.

ഛന്ദൻ:—കരുണാകരനായ പ്രഭോ! അങ്ങയുടെ അച്ഛന്റെയും അങ്ങുതന്നെയാണു് സൎവ്വസ്വമെന്നോൎത്തുവരുന്ന അന്തഃപുരജനങ്ങളുടേയും സങ്കടത്തെപ്പററി അങ്ങു ആലോചിക്കുന്നില്ലല്ലോ?

സിദ്ധാൎത്ഥൻ:—ഞാൻ അവരേയും രക്ഷിപ്പാൻതന്നെയാണ് പോകുന്നതു. കാന്തകത്തെ വേഗത്തിൽ കൊണ്ടുവരിക.

ഇതിന്ന് ഛന്ദൻ യാതൊരു മറുപടിയും പറഞ്ഞില്ല. ഉടനെ അയാൾ കുതിരപ്പന്തിയിൽപോയി അശ്വരത്നമായ കാന്തകത്തെ അഴിച്ചുകൊണ്ടുവന്ന് വെള്ളിക്കടിഞ്ഞാണും പൊന്നണിഞ്ഞ കോപ്പുകളും വിരിപ്പുമിട്ടു തയ്യാറാക്കിയശേഷം സാവധാനത്തിൽ രാജകുമാരന്റെ സന്നിധിയിലേക്കു കൊണ്ടുചെന്നു. തന്റെ സ്വാമിയെ കണ്ട മാത്രയിൽ ആ കുതിര സന്തോഷപൂൎവ്വം ഹേഷാരവമുണ്ടാക്കി. സിദ്ധാൎത്ഥന്റെ സൎവ്വലോകരക്ഷയ്ക്കായുള്ള ആ ഉദ്യമത്തിൽ അദ്ദേഹത്തെ സഹായിപ്പാനായി സന്നദ്ധന്മാരായി നിന്നിരുന്ന ദേവദൂതന്മാർ അവരുടെ മൃദുകരങ്ങളാൽ വിശ്രമാരാമത്തിലുണ്ടായിരുന്നവരെ തലോടി, ഉറക്കീട്ടില്ലായിരുന്നുവെങ്കിൽ കാന്തകത്തിന്റെ ഹേഷാരവം അവരെയെല്ലാം ഉണൎത്തുമായിരുന്നു.

രാജകുമാരൻ ആ അശ്വരത്നത്തെ തലോടിക്കൊണ്ട്, "കാന്തകാ! യാതൊരാളും ഇതുവരെ ചെന്നിട്ടില്ലാത്തത്ര ദൂരത്തോളം ഞാൻ നിന്റെ പുറത്തു സവാരിചെയ്തുപോകുന്നതായിരിക്കും. നീ ധൈൎയ്യത്തോടും ശക്തിയോടും എന്നെ വഹിച്ചുകൊണ്ട് ചണ്ഡവായുവിനെപ്പോലെ ഗമിക്കുക. ലോകത്തിന്റെ ദുഃഖനിവാരണമാൎഗ്ഗം ആരാഞ്ഞറിവാനാണ് ഞാൻ യാത്ര തുടരുന്നത്. എന്റെ പ്രയത്നം ഫലപ്രദമായാൽ നിനക്കും ചാരിതാൎത്ഥ്യത്തിന്നവകാശമുണ്ട്. ഹയരത്നമേ! എന്നെ സഹായിക്കുക," എന്ന് അതിനോട് സ്നേഹപൂൎവ്വം പറഞ്ഞു.

അനന്തരം സിദ്ധാൎത്ഥൻ ലഘുതരമായ് ഒന്നുകുതിച്ച് അതിൻെറപുറത്തുകയറി, ഇരിപ്പുറപ്പിച്ച്, കടിഞ്ഞാൺ പിടിച്ചു. ഉടനെ ആ അശ്വരത്നം അനിതരസാധാരണമായ വേഗതയോടെ പായുവാൻ തുടങ്ങി. ദേവന്മാരുടെ അനുഗ്രഹത്താൽ കാന്തകത്തിൻെറ കുളമ്പിൻെറ ശബ്ദം യാതൊരാളും കേട്ടില്ല. അത്രയുമല്ല, അനേകം ജനങ്ങൾ ഒന്നിച്ചുചേൎന്ന തള്ളിയാൽമാത്രം തുറക്കുന്നതും അങ്ങിനെ തുറക്കുന്നസമയത്ത് വളരെ ദൂരത്തോളം ശബ്ദമെത്തിക്കുന്നതുമായ മൂന്നു കോട്ടവാതിലുകളും നിശ്ശബ്ദമായും അനായാസമായും തനിയെതുറന്ന് സിദ്ധാൎത്ഥന്നു വഴിനൽകിപ്പോൽ! ആ സമയത്ത് ആനന്ദകരമായ മന്ദമാരുതൻ പ്രത്യേകമായി വീശുകയാൽ കാവൽക്കാരെല്ലാം അവരവരുടെ ആയുധങ്ങൾ നിലത്തിട്ട് മരിച്ചവരെപ്പോലെ ഗാഢനിദ്ര പ്രാപിച്ചിരുന്നു. "ദൈവഗതിക്കഥവാഭവനേസ്സിൻ, നൈവകവാടനിരോധമൊരേടം."

ഇപ്രകാരം പന്ഥാവുകളിലൊന്നിലും യാതൊരു പ്രതിബന്ധവുംകൂടാതെ കുറെ ദൂരം സവാരിചെയ്തു പോയപ്പോഴയ്ക്കും നേരം പ്രഭാതമായി. ആ സമയത്ത് സിദ്ധാൎത്ഥൻ അനോമാനദിയുടെ തീരത്തെത്തി. ഉടനെ കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങി, അതിനെ തട്ടിത്തലോടി നെററിത്തടത്തിൽ ചുംബിച്ചുമാററിനിൎത്തീട്ട്, തൻെറ സൎവ്വഭൂഷണങ്ങളും അഴിച്ചെടുത്ത് ഛന്ദനോട്, "ഛന്ദ! എൻെറ കുതിരയെ തിരിച്ചു കൊണ്ടുപോയ്ക്കൊൾക. അ

തോടുകൂടി, രാജയോഗ്യങ്ങളായ ഈ ഉടുപ്പുകളും ആഭരണങ്ങളുമെല്ലാം രാജധാനിയിലെത്തിക്കുക," എന്നു പറഞ്ഞ്, അദ്ദേഹം അവയെ ഛന്ദൻവശം കൊടുത്തു. അനന്തരം തന്റെ അരയിൽ തൂക്കിയിരുന്ന പൊൻപിടിയോടുകൂടിയ വാൾ എടുത്ത്, ശ്യാമളമായ തന്റെ ശിഖയെ അറിഞ്ഞ് അതും ഛന്ദന്റെ പക്കൽ ഏല്പിച്ചു ശേഷം വീണ്ടും ഇപ്രകാരംപറഞ്ഞു:—"സ്നേഹിത! ഈ വകയെല്ലാം എനിക്കിനി ആവശ്യമില്ല. ഇവയെ നൃപസന്നിധിയിൽ എത്തിക്കുക. അദ്ദേഹം കുറച്ചുപോലും വ്യസനിക്കാതിരിക്കേണമെന്ന് ഞാൻ അപേക്ഷിക്കുന്നതായും പറക!"

"ഏതു കഠിനവ്രതം നോററുമേകനായ്
ഭീതിയെഴും കാട്ടിൽ വാണുമാരാഞ്ഞുമേ
ബാധകളെല്ലാമകന്നു മനോരഥം
സാധിച്ചു വിശ്വംജയിക്കുമറിക ഞാൻ
ധന്യനായ് ജ്ഞാനസാമ്രാജ്യാധിപനായി
മന്നവന്മാർക്കഖിലക്കമാരാദ്ധ്യനായ്
മന്നിടമെന്നല്ല മററുലോകങ്ങളു-
മെന്നുടെയേതാദൃശസ്നേഹവൃത്തിയാൽ
ഖിന്നതതീർത്തുഞാൻകീഴടക്കിപ്രഭോ
പിന്നെബ് ഭവൽപദം വന്നുകണ്ടീടുവൻ

.....................................................

.....................................................

ആകയാലാശ്വാസമാന്നു താതൻ വാഴ്ക
പോകുന്നുഞാൻ പോയിതോത്തുകമൽസഖേ!"

ഇതെല്ലാം കേട്ടു ദുഃഖാക്രാന്തനായ ഛന്ദൻ രാജകുമാരൻെറ ആജ്ഞയെ നിരസിപ്പാൻ ശക്തിയില്ലാതെ തനിയായ് രാജധാനിയിലേക്കു മടങ്ങുകയും സിദ്ധാർത്ഥൻ താൻ പണ്ടൊരിക്കലും കണ്ടിട്ടില്ലാത്തതായ വിസ്തൃതലോകത്തിലേക്കിറങ്ങുകയും ചെയ്തു.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

## അഞ്ചാം അദ്ധ്യായം

ബിംബിസാരൻെറ യജ്ഞം.

മുൻഅദ്ധ്യായത്തിൽ പറഞ്ഞപോലെ ഛന്ദനെ അരമനയിലേക്കു മടക്കി അയച്ചശേഷം സിദ്ധാർത്ഥൻ, മഗധാധിപനായിരുന്ന ബിംബിസാരമഹാരാജാവിൻെറ രാജഗൃഹം എന്ന തലസ്ഥാനനഗരത്തിന്നരികിലേക്ക് കാൽനടയായി ചെന്നു. ആ നഗരത്തിൻെറ അടുത്തുള്ള രത്നഗിരി എന്ന പർവ്വതത്തിൽ ഒരു ഗുഹയുണ്ടായിരുന്നു. പാവനമായ ആ ഗുഹയെ സിദ്ധാർത്ഥരാജകുമാരൻ തൻെറ വാസസ്ഥലമാക്കുവാൻ തീർച്ചപ്പെടുത്തി. അടുത്തുണ്ടായിരുന്ന ചില ഗൃഹങ്ങളിൽ പോയി ഭിക്ഷ യാചിച്ചു കിട്ടുന്നതിനെ ഭക്ഷിച്ചിട്ടാണ് അദ്ദേഹം ദിവസം കഴിച്ചതു. കത്തിജ്വലിക്കുന്ന അഗ്നിപോലുള്ള വേനൽക്കാലത്തും അസഹനീയമായ മഴക്കാലത്തും ശ

രീരം തരിക്കുന്ന ഉഷസ്സിലും കാഷായവസ്ത്രം ധരിച്ചും ദൈവഗത്യാ കിട്ടുന്ന അല്പമായ ഭക്ഷണം കഴിച്ചും സിദ്ധാത്ഥൻ വിജനസ്ഥലത്തിലെ ആ ഗുഹയിൽ കുറച്ചു കാലം ഏകാഗ്രചിത്തനായി ജീവിച്ചു. സമാധിസ്ഥനായിരിക്കെ പാദങ്ങളിൽ അണ്ണാൻ മുതലായ പ്രാണികൾ പാഞ്ഞു കളിച്ചിരുന്നതും സമീപത്തിൽ വെച്ചിരുന്ന പാത്രത്തിൽനിന്നു ചെറുപക്ഷികൾ അരിമണി കൊത്തിത്തിന്നിരുന്നതും മററു പല സംഗതികളും അദ്ദേഹം അറിഞ്ഞിരുന്നില്ല. എത്രയോ ശക്തിയോടുകൂടിയാണ് അദ്ദേഹം ആ ഗുഹയിലിരുന്നു തപസ്സുചെയ്തതു.

രാജഗൃഹത്തിലെ ജനങ്ങൾ അദ്ദേഹം ഒരു യതിവയ്യനാണെന്നു വിചാരിച്ചു. നഗരത്തിലെ തെരുവുകളിൽ ഭിക്ഷക്കായി ചെന്നിരുന്നപ്പോൾ നഗരവാസികൾ അദ്ദേഹത്തിന്നു ആദരപൂവ്വം ഭിക്ഷ നൽകിയിരുന്നു. സിദ്ധാത്ഥന്റെ സത്വഗുണപ്രധാനമായ മുഖഭാവം ജനങ്ങളെ വളരെ ആകർഷിച്ചു. അത്രയുമല്ല,

"അമ്മമാർ നമ്മൾതൻ ദേവൻ നടകൊൾവതുകണ്ടുവെ
മക്കളോടനുശാസിക്കും തൃക്കാൽ ചുംബിച്ചുപോരുവാൻ
അല്ലെങ്കിലവിടെയ്ക്കുള്ള വസ്ത്രത്തുമ്പിനെ നെററിമേൽ
അണക്കുവാനോ, തൽപ്പാത്രം നിറക്കുവതിനായ്ക്ഷണാൽ
ചെൽവാനോ, അപ്പവുംപാലുംകൊണ്ടേകുവതിനായിയോ
പിന്നെപ്പലപ്പൊഴും ശാന്തഭാവംപൂണ്ടു പത്തുക്കവെ
ദിവ്യാനുകമ്പയാലേറെത്തേജസ്സാന്റും, സചൂല്യരായ്
ജീവിപ്പോരെന്നതല്ലാതെ താനേതുമറിയാത്തവർ

രക്ഷപ്പെടും മാൎഗ്ഗമെന്തെന്നാലോചനയിൽ മുങ്ങിയും
പോകുംവിധൌ കരുത്തുള്ള കൺകളാൽ ചിലകന്യമാർ
അത്ഭുതപ്പെട്ടു പെട്ടെന്നും പ്രേമമാൎന്നതിഭക്തിയിൽ
ആ ശ്രേഷ്ഠതമമാം രൂപം നോക്കിയുംകൊണ്ടു നിന്നുപോം"

ഇപ്രകാരം, യാതൊന്നും സംസാരിക്കാതെ പാവനമായ ശാന്തതയോടെ, തന്നെത്താൻ അറിയാതെ അദ്ദേഹം അനേകം സ്ത്രീപുരുഷന്മാരുടെ മനസ്സിനെ ഉത്തേജിപ്പിക്കുകയും ശ്രേഷ്ഠതരമായ തേജസ്സുകൊണ്ടു് അവരുടെയെല്ലാം ആത്മാവിനെ ആകൎഷിക്കുകയും ചെയ്യും. ഭിക്ഷാടനംകഴിഞ്ഞു് ഗുഹയിലേക്കു മടങ്ങിയാൽ വീണ്ടും യഥാപൂൎവ്വം ഘോരമായ തപസ്സിൽത്തന്നെ പ്രവേശിക്കുകയും ചെയ്യും. വിശിഷ്ടന്മാരായ പല പട്ടണവാസികളും പലപ്പോഴും അദ്ദേഹം വസിച്ചിരുന്ന സ്ഥലത്തുചെന്നു് ജീവൻ, മരണം, മോക്ഷം എന്നീ വിഷയങ്ങളെപ്പററി അദ്ദേഹത്തോടു് സംസാരിച്ചുകൊണ്ടിരിക്ക പതിവായിരുന്നു. ഇങ്ങിനെ, അദ്ദേഹം വസിച്ചിരുന്ന ഗുഹയുടേയും പട്ടണത്തിൻേറയും ഏറക്കുറെ മദ്ധ്യത്തിലായി ചില യോഗികൾ പാൎത്തിരുന്നു. ബാഹ്യശരീരം ആത്മാവിൻെറ ശത്രുവാണെന്നും അതിനാൽ അതിനെ കഴിയുന്നത്ര പീഡിപ്പിച്ചാൽ മാത്രമെ മോക്ഷം സാധിക്കയുള്ളു എന്നുമായിരുന്നു ഈ യോഗികൾ വിശ്വസിച്ചിരുന്നതു. കുറെനാൾ ചെന്നശേഷം ഒരിക്കൽ സിദ്ധാൎത്ഥൻ അവരിൽ ഒരാളുടെ അരികത്തുചെന്നു് ഇപ്രകാരം ചോദിച്ചു:—"സഹോദര! നിങ്ങൾ നിങ്ങളുടെ ദേഹത്തെ നിത്യം പീഡിപ്പിക്കുന്നതു് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. മനുഷ്യജീവിതം പ്രകൃത്യാ ദുഃഖമയമാ

ണ്. പിന്നെ എന്തിനായിട്ടാണ്ടാണ് ഈവിധമുള്ള പ്ര വൃത്തിയാൽ ദുഃഖം വൎദ്ധിപ്പിക്കുന്നതു?"

യോഗി:—അന്നമയമായ ഈ ശരീരത്തെ വളരെ വേദനിപ്പിച്ച് നശിപ്പിച്ചാൽ. നമ്മുടെ സൎവ്വപാപങ്ങളും നശിക്കുമെന്നും, ആത്മാവ് മായാബന്ധത്തിൽനിന്നു വേർപെട്ട് മുക്തി പ്രാപിക്കുമെന്നും നമ്മുടെ പ്രമാണങ്ങൾ ഘോഷിക്കുന്നു.

സിദ്ധാൎത്ഥൻ:—ഇത് ആശ്ചൎയ്യകരമായ വിശ്വാസം തന്നെ! അല്ലയോ സഹോദര! ശരീരമാകുന്ന ഗൃഹത്തെ ക്ലേശിപ്പിക്കുക നിമിത്തം മുക്തി സമ്പാദിപ്പാൻ സാധിക്കുമെന്നു യഥാൎത്ഥത്തിൽ അങ്ങേക്കു തോന്നുന്നുണ്ടോ?

ഇതുകേട്ടപ്പോൾ അവിടെയുണ്ടായിരുന്ന യോഗികൾ, "നിങ്ങളുടെ ന്യായമൊന്നും ഞങ്ങൾക്കു കേൾക്കേണ്ടതില്ല. ഞങ്ങൾ കണ്ടുവെച്ചിട്ടുള്ളതു ഈ പന്ഥാവാണ്. എന്തുതന്നെ സംഭവിച്ചാലും ഞങ്ങൾ ഇതിൽക്കൂടെത്തന്നെ ചരിക്കയും ചെയ്യും. ഇതിനേക്കാൾ ശ്രേഷ്ഠതരമായ മാൎഗ്ഗം നിങ്ങൾ വല്ലതും കണ്ടുവെച്ചിട്ടുണ്ടെങ്കിൽ ഞങ്ങളോടുപദേശിക്കുക. അല്ലാത്തപക്ഷം ഞങ്ങളെ ഞങ്ങളുടെ വഴിയിൽ വിട്ടുംവെച്ച് നിങ്ങൾ നിങ്ങളുടെ ഇഷ്ടംപോലെ പൊയ്ക്കൊൾക," എന്നുപ്രസ്താവിച്ചു.

സിദ്ധാൎത്ഥൻ ഇതെല്ലാം കേട്ടു പരിതപിച്ചുകൊണ്ടു മുന്നോട്ടുനടന്നുപോയി. എന്നാൽ മാൎഗ്ഗത്തിലുണ്ടായിരുന്ന ചില മനോഹരങ്ങളായ പുഷ്പങ്ങളേയും അട്ടു

ത്ത വൃക്ഷങ്ങളിൽ ഇണക്രൂടി ജീവിച്ചിരുന്ന പക്ഷികളേയും ഓലകൾ കാററിൽ ഉലയുകയാൽ മന്ദമായ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്ന പനകളേയും കണ്ട് അദ്ദേഹം, "നിങ്ങളെല്ലാം ആശ്ചര്യകരമായ ആത്മരഹസ്യത്തെ വെളിപ്പെടുത്തുകയല്ലയോ ചെയ്യുന്നത്! നിങ്ങൾ നിങ്ങളുടെ സൌഭാഗ്യത്തെ നശിപ്പിക്കുകയൊ ജീവിതമുപേക്ഷിക്കുകയൊ ചെയ്യുന്നില്ല. നേരെമറിച്ച്, ശരീരം ജീർണ്ണിപ്പിച്ചാൽ ആത്മമുക്തി ക്ഷിപ്രസാദ്ധ്യമായ്ത്തീരുമെന്നുള്ള അഭിപ്രായം തീരെ തെററാണെന്നു നിങ്ങൾ തെളിയിക്കുന്നതുമുണ്ട്," എന്ന് തന്നെത്താൻ പറഞ്ഞു.

ഇങ്ങിനെ അദ്ദേഹം ലോകോത്തരങ്ങളായ വിഷയങ്ങളെപ്പററി ചിന്തിച്ചുകൊണ്ടിരിക്കെ, രത്നഗിരിയുടെ മുകളിൽനിന്ന് ഒരുക്രൂട്ടം ആടുകളും ഇടയന്മാരും കീഴ്പോട്ട് ഇറങ്ങിവരുന്നതു കണ്ടു. ആടുകൾ മൈതാനത്തിലെ പുൽപ്പുറമ്പുകളിൽ മേയുവാൻ വരികയായിരിക്കാമെന്നാണ് സിദ്ധാത്ഥൻ വിചാരിച്ചതു. ആ ആട്ടിൻക്രൂട്ടത്തിലെ ഒരു പെണ്ണാടിന്ന് രണ്ടു കുട്ടികളുണ്ടായിരുന്നു. അവയിൽ ഒരു കുട്ടി വഴിയിൽ എവിടെയോ വീഴകയാൽ ചോര ഒലിപ്പിച്ചുകൊണ്ടും നൊണ്ടിക്കൊണ്ടുമാണ് നടന്നിരുന്നതു; മറേറ കുട്ടി അവിടവിടെ പാഞ്ഞുകളിച്ചും പോയ്ക്കൊണ്ടിരുന്നു. തൻെറ കുഞ്ഞുങ്ങൾക്ക് വല്ല ആപത്തും നേരിട്ടാലോ എന്നുള്ള ഭയത്താൽ തള്ളയാട് അസ്വാസ്ഥ്യത്തോടെ അങ്ങുമിങ്ങും പാഞ്ഞുകൊണ്ടിരുന്നു. അതുകൊണ്ട് ദയാർദ്രചിത്തനായ്ത്തീൎന്ന സിദ്ധാത്ഥൻ ആ നൊണ്ടിയായ ആട്ടിൻകുട്ടിയെ തൻെറ തോളിലെടുത്തുവെച്ച് "തള്ളയാടെ, സൈ്വരമാ

യി നടന്നുകൊൾക; ലേശംപോലും ഭയപ്പെടേണ്ടാ. നീ എവിടേയ്ക്കു പോകുന്നുവോ അവിടേയ്ക്ക് ഈ കുഞ്ഞിനേയും ഞാൻ ചുമന്നുകൊണ്ടുവരാം. പ്രാൎത്ഥനാപരന്മാരായി ലോകത്തിൻെറ അഴലിനെ കണ്ടുകൊണ്ട് ആ ഗുഹകൾക്കുള്ളിൽ ജീവിക്കുന്നതിനേക്കാൾ ഒട്ടും താണതല്ലാ ആൎത്തയായ ഈ ഒരു ഒററ ജീവിയെപ്പോലും ആശ്വസിപ്പിക്കുന്നതു," എന്നു പ്രസ്താവിച്ചു. അനന്തരം അദ്ദേഹം ആട്ടിടയന്മാരോട്, "സ്നേഹിതന്മാരെ! മദ്ധ്യാഹ്നത്തിന്നുശേഷം നിങ്ങൾ ഈ ആട്ടിൻകൂട്ടത്തെ എവിടേക്കാണ് കൊണ്ടുപോകുന്നതു? കുറച്ചുനേരംകൂടി കഴിഞ്ഞാൽ അവയെ മുളയ്ക്കേണ്ടസമയമാകുമല്ലൊ," എന്നു പറഞ്ഞു. അതിന്ന് ഇടയന്മാർ, "സ്വാമിൻ! ഇന്നുരാത്രി ഞങ്ങളുടെ രാജാവ് ഈശ്വരപ്രീത്യൎത്ഥം ഒരു യാഗം കഴിപ്പാൻ പോകുന്നു. അതിന്നായി നൂറു ചെമ്മരിയാടുകളേയും നൂറു കോലാടുകളേയും കൊണ്ടുചെല്ലുവാൻ പൊന്നുതിരുമേനി ഞങ്ങളോട് ആജ്ഞാപിച്ചിട്ടുണ്ട്," എന്നു മറുപടിപറഞ്ഞു. അപ്പോൾ ലോകഗുരുവായ സിദ്ധാൎത്ഥൻ "ഞാനും നിങ്ങളൊന്നിച്ചു പോരാം" എന്നു പറഞ്ഞു് ആട്ടിൻകുട്ടിയേയും എടുത്ത് വെയിലും പൊടിയും ഏററുകൊണ്ട് ബിംബിസാരമഹാരാജാവിൻെറ യാഗശാലയിലേക്കു പുറപ്പെട്ടു. ഈ പരമഗുരുവിൻെറ സാന്നിദ്ധ്യം ഇടയന്മാൎക്കുമാത്രമല്ല, വിശേഷബുദ്ധിയില്ലാത്ത ആടുകൾക്കുപോലും ആഹ്ലാദകരമായി ഭവിച്ചു.

ഇങ്ങിനെ അവർ കുറെദൂരം നടന്നുചെന്ന് ഒരു നദീതീരത്തിലെത്തി. അപ്പോഴയ്ക്കും കിശഗൌതമിയെന്ന ഒരു സ്ത്രീ കണ്ണുനീർവാൎത്ത്, കൈകൾ രണ്ടും ഉയൎത്തി

ക്കൊണ്ട് സിദ്ധാൎത്ഥന്റെ അരികിൽച്ചെന്ന്, "ഹേ മ ഹാത്മാവെ! ഇന്നലെ ഞാൻ വിഷം തീണ്ടിയ എന്റെ ശിശുവിനെ അങ്ങയുടെ അരികത്തു കൊണ്ടുവന്നപ്പോൾ ദയാലുവായ അങ്ങ്, 'സോദരി! നിനക്കും നിന്റെ ശി ശുവിന്നും ആശ്വാസമുണ്ടാകുവാൻ ഒരു ഒററ മരുന്നുമാ ത്രമേ ഉള്ളു. മരണം എന്ന അവസ്ഥ ഒരു കാലത്തും തീണ്ടീട്ടില്ലാത്തതായ ഏതെങ്കിലുമൊരു ഗൃഹത്തിൽനി ന്ന് ഒരു തോല കറുത്ത കടുകുമണികൊണ്ടുവരിക. എ ന്നാൽ എല്ലാം ഞാൻ ശരിപ്പെടുത്തിത്തരാം,' എന്നു പറ ഞ്ഞതു് അങ്ങ് ഓൎക്കുന്നുണ്ടോ?" എന്നു ചോദിച്ചു. അ പ്പോൾ സിദ്ധാൎത്ഥൻ വ്യസനപൂൎവ്വം, "പ്രിയപ്പെട്ട സ ഹോദരി! അതെ, ഞാൻ അങ്ങിനെ പറകയുണ്ടായി. ആട്ടെ, ഞാൻ ഏല്പിച്ചപ്രകാരമുള്ള കടുക് വല്ലേടത്തു നിന്നും നിനക്കു കിട്ടീട്ടുണ്ടോ?," എന്നു ചോദിച്ചു. അതി ന്നു കിശഗൌതമി, "ഞാൻ വീടുകൾതോറും കയറി ച്ചെന്ന് കറുത്ത കടുകിന്നായി അപേക്ഷിച്ചു. അതു യ ഥേഷ്ടം തരുവാൻ പലരും സന്നദ്ധന്മാരായിരുന്നു. എ ന്നാൽ, മരണം തീണ്ടാത്ത ഒരു ഒററ ഗൃഹംപോലുമി ല്ലെന്നാണ് ഞാനറിഞ്ഞതു. അവരിൽ പലരും,

'......അഹോനിങ്ങളെന്തു ചോദിപ്പു, സോദരി!
മരിച്ചപേരാണധികം, ജീവിപ്പോരതിദുൎല്ലഭം'

എന്നുപറയുന്നു. മഹാത്മൻ! ഇനി ഞാൻ എന്താ ണ് ചെയ്യേണ്ടതു? മുലകുടിയ്ക്കുകയോ പുഞ്ചിരിക്കൊൾ കയോ ചെയ്യാത്ത എന്റെ കൊച്ചുകുഞ്ഞിനെ പുഴവ ക്കിൽ കിടത്തി ഞാൻ ഇങ്ങോട്ടുവന്നിരിക്കയാണ്. മൃത്യു നേരിടാത്ത ഏതുഗൃഹത്തിൽനിന്നാണ് കടുകു കിട്ടുക

എന്ന് തിരുമേനിയോട് അന്വേഷിപ്പാനാണ് ഞാൻ വന്നിരിയ്ക്കുന്നതു," എന്നു പറഞ്ഞു.

അപ്പോൾ ആ സൎവ്വാൎത്ഥസിദ്ധൻ ഇപ്രകാരം അരുളിച്ചെയ്തു:—"സോദരി! ഇന്നലെ നീ നിന്റെ കുട്ടിയെ എന്റെ അരികിൽ കൊണ്ടുവന്നപ്പോൾത്തന്നെ അതു മൃതിപ്രാപിച്ചിരുന്നു. നിന്റെ ശക്തിയേറിയ സ്നേഹത്തിനുപോലും ആ ശിശുവിനെ വീണ്ടെടുപ്പാൻ സാധിക്കാതായിത്തീൎന്നിട്ടുണ്ട്. എന്നാൽ, ലോകത്തിലൊട്ടാകെ വ്യാപിച്ചിരിക്കുന്നതു ഈ അവസ്ഥതന്നെയാണെന്ന് നീ ഇപ്പോൾ അറിഞ്ഞുവല്ലോ. ഇതുമല്ല, നിന്റെ ദുഃഖാവസ്ഥ കണ്ടു് മററു പലരും പരിതപിച്ചിട്ടുണ്ട്. ഒരുത്തന്റെ ദുഃഖത്തിൽ മററുള്ളവർ പങ്കുകൊള്ളുമ്പോൾ ആ ദുഃഖത്തിന്ന് അല്പം ശാന്തിയുണ്ടാകുന്നതാണല്ലോ. എന്റെ ജീവത്യാഗത്തിലെങ്കിലും നിന്റെ ദുഃഖനിവൃത്തി വരുത്തുവാൻ സാധിക്കുമായിരുന്നുവെങ്കിൽ ഞാൻ അപ്രകാരം ചെയ്യുമായിരുന്നു."

അനന്തരം സിദ്ധാൎത്ഥൻ ആട്ടിടയന്മാരൊന്നിച്ചു രാജഗൃഹത്തിന്നുള്ളിലേക്കു കടന്നുചെന്നു. ആടിനെ ചുമന്നുകൊണ്ടുചെന്ന ആ ദിവ്യപുരുഷനെ കണ്ടപ്പോൾ ദ്വാരപാലകന്മാരെല്ലാം ഭക്തിപൂൎവ്വം വഴി ഒഴിഞ്ഞുകൊടുത്തു. ഇങ്ങിനെ സിദ്ധാൎത്ഥനും ആട്ടിടയന്മാരുംകൂടി തെരുവീഥികളിൽക്കൂടെ കടന്നുപോയ്ക്കൊണ്ടിരുന്നപ്പോൾ നഗരവാസികൾ അത്ഭുതപരതന്ത്രന്മാരായ്ത്തീൎന്നു. അവരിൽച്ചിലർ, "കരുണാകരനായ ഈ മഹാപ്രഭു ആരാണ്?" എന്നും, മററുചിലർ "യജ്ഞത്തിന്നുള്ള ആടുകളെ ആട്ടിക്കൊണ്ടുവരുന്ന ശാന്തനും സുന്ദരനുമായ ഈ യു

വാവ് ഏതാണ്. ഇദ്ദേഹം ശക്രനോ, അതോ ദേവ രാജനോ?," എന്നും, വേറെ ചിലർ, "ഇദ്ദേഹം രത്നഗരിയിലെ ഗുഹയിൽ പാൎക്കുന്ന ഒരു യോഗിയാണ്," എന്നും, ഇങ്ങിനെ പലവിധമായി പറഞ്ഞുകൊണ്ടിരുന്നു. സിദ്ധാൎത്ഥനാകട്ടെ, "കഷ്ടം! ഈ മൂകജന്തുക്കളെപ്പോലെതന്നെ മനുഷ്യരും അന്ധകാരമയമായ പ്രപഞ്ചത്തിൽ സഹായത്തിന്നാരുമില്ലാതെ വഴിതെററി അലയുന്നുവല്ലോ," എന്നു പരിതപിച്ചുകൊണ്ട് സാവധാനത്തിൽ നടന്നുപോയി.

ഇതിന്നുള്ളിൽ നഗരവാസികളിലൊരാൾ മുമ്പിൽക്കൂട്ടി രാജസന്നിധിയിൽച്ചെന്ന്, "യാഗത്തിന്നായി കൊണ്ടുവരുന്ന ആടുകളുടെ കൂട്ടത്തിൽ കഴുത്തിൽ ഒരു ആട്ടിൻകുട്ടിയെ എടുത്തുകൊണ്ട് തേജോമയനായ ഒരു സന്യാസിയും വരുന്നുണ്ട്," എന്നറിയിച്ചു. ബിംബിസാരമഹാരാജാവ് ശുഭ്രവസ്ത്രധാരികളായ അന്തണരാൽ ചുററപ്പെട്ട് യാഗശാലയിൽ നില്ക്കുകയായിരുന്നു. അന്തണർ മന്ത്രോച്ചാരണംചെയ്തു് യാഗകുണ്ഡത്തിൽ നെയ്യ്, സുഗന്ധപദാൎത്ഥങ്ങൾ, സോമനീര് എന്നിവ ഹോമിച്ചുകൊണ്ടിരുന്നു. അവരിലൊരാൾ മുഞ്ജകൊണ്ട് തലയെ പിന്നോക്കം കെട്ടിയിട്ട ഒരു കോലാടിന്റെ കഴുത്തിന്നുമീതെ ഖഡ്ഗം പൊന്തിച്ചുപിടിച്ച്, "ദേവഗണങ്ങളെ! ഈ ആടിന്റെ ചോര തെറിക്കുന്നതുകണ്ട് പ്രസാദിക്കുവിൻ! സൌരഭ്യമുള്ള അഗ്നിയിൽ ഇതിന്റെ സ്വാദുള്ള മാംസം പൊരിയുമ്പോൾ ഉൽഭൂതമാകുന്ന വാസനയേററിട്ട് നിങ്ങൾ ബിംബിസാരനെ അനുഗ്രഹിക്കുവിൻ! രാജാവിന്റെ പാപമൊക്കെ ഈ ആട്ടിന്മേൽ ചുമ

ത്തുവിൻ! ഇതാ ആടിനെ വെട്ടുകയായി," എന്നു പറഞ്ഞു് വെട്ടുവാനോങ്ങി. തൽക്ഷണം സിദ്ധാൎത്ഥൻ യാഗശാലയിൽ കടന്നു്, "അരുതു്, ആടിനെ നിഗ്രഹിക്കരുതു്!," എന്നു ശാന്തമായി ആജ്ഞാപിച്ചു. ദിവ്യതേജോമയനായ സിദ്ധാൎത്ഥന്റെ ഈ ആജ്ഞയെ നിരസിപ്പാനൊ ആക്ഷേപിപ്പാനൊ യാതൊരാൾക്കും ശക്തിയുണ്ടായില്ല. എല്ലാവരും പരിഭ്രമിച്ചു് അന്യോന്യം നോക്കി നിന്നതേയുള്ളു. അനന്തരം സിദ്ധാൎത്ഥൻ ഇപ്രകാരം തുടൎന്നു:-"അല്ലയോ മഹാരാജാവേ! അന്തണശ്രേഷ്ഠരേ! ഞാൻ പറയുന്നതു കേൾക്കുവിൻ! ഒരു ജീവിയുടെ ജീവനെ ആൎക്കും എളുപ്പത്തിൽ നശിപ്പിക്കുവാൻ കഴിയും. എന്നാൽ സകല ജീവികളും അത്യന്തം സ്നേഹിക്കുന്നതും എന്തു ത്യാഗംചെയ്തും നിലനിൎത്തുവാൻ പരിശ്രമിക്കുന്നതുമായ ജീവനെ യാതൊരാൾക്കും പ്രദാനം ചെയ്വാൻ സാധിക്കുന്നതല്ല. യാതൊരപരാധവും ചെയ്യാത്ത ഈ ജന്തുക്കളെ ഹിംസിക്കുന്നതിനാൽ അവരവർചെയ്ത പാപത്തെ നശിപ്പിക്കാമെന്നു ആലോചിക്കുന്നതു മഹാദോഷതപമാകുന്നു. സൎവ്വഗുണങ്ങളിലുംവെച്ചു മഹത്തരമായഗുണം ദയയാകുന്നു്; യാതൊരാധാരവുമില്ലാത്തവയായ ഈ സാധുമൃഗങ്ങളെ ക്രൂരമാംവണ്ണം നിഗ്രഹിച്ചിട്ടാണോ ദേവന്മാരുടെ ദയ സമ്പാദിക്കേണ്ടതു? ഇങ്ങിനെയുള്ള ക്രൂരകൃത്യംകൊണ്ടു മാത്രമേ ദേവന്മാർ തൃപ്തിപ്പെടുകയുള്ളുവെങ്കിൽ ആ ദേവന്മാർ തീൎച്ചയായും ദുഷ്ടദേവന്മാരാകുന്നു. അവരെ ആരാധിക്കുകയോ അവരുടെ തൃപ്തിക്കായി യാഗം കഴിക്കുകയോ അരുതു. താൻ താൻചെയ്യുന്ന കൎമ്മങ്ങളുടെ ശരിയായ ഫലം ഗുണമായോ

ല്പം ദോഷമായാല്പം താൻ താൻ അനുഭവിക്കാതെ കഴി കയില്ലെന്നുള്ളതു പ്രപഞ്ചധമ്മമാണ്."

മധുരഗംഭീരമായ സ്വരത്തിൽ ലോകഗുരുവായ സിദ്ധാത്ഥൻ മേൽപ്രകാരം പ്രസ്താവിച്ചപ്പോഠം പുരോഹിതർ പ്രാണിവധത്താൽ പങ്കിലമായ അവരുടെ കരങ്ങളെ വസ്ത്രങ്ങഠംകൊണ്ടു മൂടിക്കളഞ്ഞു. അവർ പശ്ചാത്താപം നിമിത്തം കണ്ണീർ വാക്കകയും യാഗകുണ്ഡത്തിലെ അഗ്നിയെയെല്ലാം കെടുക്കുകയും ചെയ്തു. മൃഗവധത്തിന്നായി കൈയിൽപിടിച്ചിരുന്ന കത്തികഠം അവർ വളരെ ദൂരത്തേക്കെറിഞ്ഞു. രാജാവാകട്ടെ, മേലിൽ തൻെറ രാജ്യാതൃത്തിക്കുള്ളിൽ യാഗങ്ങളൊ ഹിംസാപരങ്ങളായ മററു പ്രവൃത്തികളൊ യാതൊരേടത്തും നടത്തിക്കൂടെന്നും മനുഷ്യർ മറെറല്ലാ സഹജീവികളോടും കരുണ കാണിച്ചുകൊണ്ടു ജീവിക്കേണമെന്നും പ്രഖ്യാപനം ചെയ്കയുമുണ്ടായി.

പിന്നീട്, ബിംബിസാരമഹാരാജാവ് ഗുരുവയ്യനായ സിദ്ധാത്ഥൻെറ സന്നിധിയിൽച്ചെന്ന് ലോകതത്വങ്ങഠം പലതും മനസ്സിലാക്കി. അത്രയുമല്ല, മഹാത്യാഗിയായ സിദ്ധാത്ഥൻ രാജവംശജനാണെന്നുകൂടി കേട്ടപ്പോഠം അദ്ദേഹത്തിന്ന് ഗുരുവിൻെറ പേരിൽ അനിതരസാധാരണമായ ഭക്തിയുണ്ടായ്ത്തീൎന്നു. ബിംബിസാരൻ സിദ്ധാത്ഥനോട് ഇപ്രകാരംപറഞ്ഞു:—"മഹാത്മൻ! രാജനന്ദനനായ അവിടുന്ന് അവിടുത്തെ കരങ്ങളെ ചെങ്കോൽ ധരിപ്പാനുപയോഗിക്കുന്നതിന്നു പകരം ഭി

ക്ഷവാങ്ങുവാനുപയോഗിക്കുന്നതു വളരെ കഷ്ടമാണ്. എന്റെ കാലശേഷം എന്റെ വിസ്തൃതമായ രാജ്യം ഭരിപ്പാൻ ഒരു പുത്രനില്ലല്ലോ എന്നുവെച്ച് ഞാൻ അത്യന്തം പരിതപിക്കുന്നുണ്ട്. അതിനാൽ അവിടുന്നു എന്റെ നിൎവ്വാണകാലംവരെ പ്രജകൾക്ക് ജ്ഞാനോപദേശം ചെയ്തു് എന്റെ കൊട്ടാരത്തിൽ വസിക്കുക. പിന്നീട് എന്റെ പിൻഗാമിയായി ഈ രാജ്യം പരിപാലിക്കുകയും ചെയ്ക".

അതിന്നുത്തരമായി സിദ്ധാൎത്ഥൻ പറഞ്ഞു:—"നൃപോത്തമാ! അങ്ങു തരാമെന്നു പറയുന്ന ഈ അവസ്ഥകളെല്ലാം കുറച്ചുകാലം മുമ്പുവരെ എന്റെ സ്വാധീനത്തിലുണ്ടായിരുന്നവയാണ്. സത്യാന്വേഷണത്തിന്നായി അവയെ ഞാൻ ഉപേക്ഷിക്കുകയാണ് ചെയ്തതു. ഇപ്പോഴും ഞാൻ സത്യാന്വേഷണം ചെയ്തുകൊണ്ടുതന്നെ ജീവിക്കുന്നു. സ്വൎഗ്ഗത്തിന്റെ കവാടം തുറന്ന് സ്വൎഗ്ഗവാസികളായ ദേവസ്ത്രീകൾതന്നെ എന്നെ അകത്തേക്കു ക്ഷണിക്കുന്നതായാൽപ്പോലും അതെല്ലാം ഞാൻ തൃണവൽഗണിക്കും. പ്രപഞ്ചത്തിലെ എത്രയും വിസ്തൃതവും മനോഹരവുമായ സാമ്രാജ്യംപോലും എന്നെ ആകൎഷിക്കുന്നതല്ല. ധൎമ്മസാമ്രാജ്യം ഭരിപ്പാനാണ് ഞാൻ ആഗ്രഹിക്കുന്നതു. എന്റെ ആഗ്രഹം സാധിപ്പാൻ എനിക്കു ഭാഗ്യമുണ്ടായാൽ തീൎച്ചയായും ഞാൻ മടങ്ങിവന്ന് നിങ്ങളുടെ സ്നേഹത്തിന്നും ആദരവിന്നും കൃതജ്ഞത കാണിച്ചുകൊള്ളാം."

ഇതുകേട്ടപ്പോൾ, ബിംബിസാരൻ സിദ്ധാൎത്ഥനെ മൂന്നുപ്രാവശ്യം വലംവെച്ചു് അദ്ദേഹത്തിന്റെ മുമ്പിൽ

സാഷ്ടാംഗം നമസ്കരിച്ച ശേഷം, "സ്വാമിൻ! അങ്ങയു ടെ ഇഷ്ടംപോലെ പോയ്ക്കൊൾക," എന്നു പറഞ്ഞു.

* * * * * *

* * * * * *

ആറു സംവത്സരക്കാലം നാനാതരത്തിൽ പ്രയത്നിച്ചിട്ടും പരമാത്മതത്വമിന്നതാണെന്നു സൂക്ഷ്മമായി മനസ്സിലാക്കുവാൻ സാധിക്കായ്കയാൽ ഖിന്നനായ സിദ്ധാർത്ഥൻ വീണ്ടും അദ്ദേഹത്തിന്റെ സത്യാന്വേഷണ സഞ്ചാരം തുടൎന്നു.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

# ആറാം അദ്ധ്യായം

## സിദ്ധാർത്ഥൻ ബുദ്ധനായതു.

ഗംഗാതാഴ്വരയുടെ പശ്ചിമോത്തരഭാഗത്തായി മുൾച്ചെടിക്കൂട്ടങ്ങൾ നിറഞ്ഞ തരിശായ ഒരു വിസ്തൃത പ്രദേശമുണ്ടു്. അതിൽ അവിടവിടെ ഓരോ മണൽക്കുന്നുകളും, അവയുടെ പ്രാന്തത്തിൽ വൃക്ഷങ്ങൾ നിറഞ്ഞ രമണീയമായ ഒരു വനവുമുണ്ടു്. തുള്ളിക്കളിക്കുന്ന മത്സ്യങ്ങളും, വെളുത്തനിറത്തിലും നീലനിറത്തിലുമുള്ള

പങ്കേരുഹങ്ങളും നിറഞ്ഞ ഒരു നദി ഈ വനത്തിൽക്കൂ ടെ ശാന്തമായിഒഴുകിക്കൊണ്ടിരിക്കുന്നു. ആ നദിയുടെസ മീപത്തിലാണു് സേനാനി എന്ന ഗ്രാമമുള്ളതു. സേനാ നിയിലെ നിവാസികൾ നഗരജീവിതത്തിൻെറ യാതൊ രു ചടങ്ങുകളുമറിയാതെ ശാന്തമായ ജീവിതം നയിച്ചി രുന്ന കൃഷീവലന്മാരായിരുന്നു. പുല്ലുമേഞ്ഞുണ്ടാക്കിയ ചെറുഗൃഹങ്ങളിലാണു് ഈ പാവപ്പെട്ട കൃഷീവലന്മാർ പാത്തിരുന്നതു.

സിദ്ധാത്ഥൻ ഇവിടെ പാപ്പിടമുറപ്പിച്ചു്, വീണ്ടും സന്ന്യാസവൃത്തിതന്നെ കൈക്കൊണ്ടു. മത്ത്യരുടെ പീഡ കൾ, വിധിവിലാസം, ശാസ്ത്രാത്ഥങ്ങൾ എന്നിവയെപ്പ റ്റിയെല്ലാം രാവുപകൽ വ്യത്യാസംകൂടാതെ ഗാഢമാ യി ചിന്തിക്കുകയാൽ അദ്ദേഹം പലപ്പോഴും ഭക്ഷണ ത്തിൻെറ സമയംതന്നെ വിസ്മരിക്കുക പതിവായിരുന്നു. ധ്യാനം കഴിഞ്ഞു കണ്ണുമിഴിക്കുമ്പോൾ തൻെറ സമീപ ത്തിൽ വെച്ചിരുന്ന ചുരങ്ങത്തൊണ്ടിൽ ഒന്നുമില്ലാതെ കണ്ടാൽ, അടുത്ത വൃക്ഷത്തിൽനിന്നു കുരങ്ങന്മാർ കുലുക്കി താഴത്താക്കിയവനപകപങ്ങളെടുത്തു ഭക്ഷിക്കും. ഇപ്രകാരം ഘോരതപസ്സു ചെയ്കയാൽ സിദ്ധാത്ഥൻെറ സൌഭാഗ്യം ക്ഷയിച്ചു. വാടിവരണ്ട അദ്ദേഹത്തിൻെറ ശരീരത്തിൽ മാംസം തീരെ ഇല്ലാതായി. നിശ്ചഞ്ചലത പസ്സിൻെറ ശക്തിയാൽ സപ്തനാഡികളും തളന്നു. അ ങ്ങിനെയിരിക്കെ ഒരു ദിവസം അതിയായ ശക്തിക്ഷയ ത്താൽ അദ്ദേഹം മൂർച്ഛിച്ചു നിലത്തുവീണു. ആ വീഴ്ച യോടുകൂടി ശ്വാസം മുട്ടിപ്പോകുകയും രക്തം ലേശം പോലുമിളകാതായ്തീരുകയും ചെയ്തു. കിടന്നടിക്കിൽ

നിന്നു് അനങ്ങുവാനോ സഹായത്തിന്നപേക്ഷിപ്പാനോ അദ്ദേഹത്തിന്നു സാധിച്ചില്ല. പക്ഷെ, ഒരു ഇടയച്ചെറുക്കൻ സിദ്ധാൎത്ഥനെ ഈ അത്യന്താവശതയിൽ കാണുകയാൽ അവൻ കുറെ ചെടികൾ വെട്ടിക്കൊണ്ടുവന്നു് അദ്ദേഹത്തിന്റെ ദിവ്യമായ മുഖത്തു് തണലേല്പത്തക്കവണ്ണം ഒരു ലതാഗൃഹം നിൎമ്മിച്ചു; അനന്തരം ആ ഇടയൻ, സൎവ്വലോകത്തേയും തന്റെ ശ്രേഷ്ഠമായ ഉപദേശംകൊണ്ടു് സംസാരചക്രത്തിൽനിന്നു് രക്ഷിപ്പാനിടവരുത്തിയ ആ ദിവ്യപുമാന്റെ ചുണ്ടിൽ ആട്ടിൻപാൽ കറന്നു് ഇററവീഴിച്ചു. താണജാതിക്കാരനായ താൻ തൊട്ടാൽ അദ്ദേഹത്തിന്നു് രസക്കേടുണ്ടായാലോ എന്നു ഭയപ്പെട്ടിട്ടാണു് ആ ബാലൻ പാൽ ഇററവീഴിച്ചതു. അവൻഇപ്രകാരംപ്രവൎത്തിച്ചുകൊണ്ടിരിക്കെ, അപ്പോൾ മാത്രം നിൎമ്മിച്ചുകഴിഞ്ഞിരുന്നതായ ലതാഗൃഹത്തിലെ ചെടികൾ വേരൂന്നി പുതിയ തളിരുകളോടും സുഗന്ധപുഷ്പങ്ങളോടുംകൂടി വിലസുന്നതു അവന്നു കാണുമാറായി. ഉടനെ അവൻ അളവററ സന്തോഷമുള്ളവനായ്തീൎന്നു. ലതാഗൃഹത്തിന്റെ തണലിനാലും ആട്ടിൻപാൽ അല്പം തൊണ്ടയിൽ തട്ടുകയാലും സിദ്ധാൎത്ഥൻ ആലസ്യംതീൎന്നെഴുനീററിരുന്നു് ആട്ടിടയനോടു്, "ബാല! നീചെയ്ത ഉപകാരത്തിന്നു് ഞാൻ നിന്നോടു് കടപ്പെട്ടവനായ്തീൎന്നിരിക്കുന്നു. നിന്റെ ആ പാത്രത്തിലുള്ള പാൽ കുറച്ചുകൂടിതരിക. എന്റെ ക്ഷീണം തീൎക്കട്ടെ!" എന്നുപറഞ്ഞു. ഇതുകേട്ടു് ആ കുട്ടി ഇപ്രകാരം പ്രസ്താവിച്ചു:—"അയ്യോ, തമ്പുരാനെ! അടിയൻ ശൂദ്രനാണേ! അടിയൻ തൊട്ടതായ പാൽ അവിടേയ്ക്കു് കുടിപ്പാൻ

പാടില്ല." അപ്പോൾ ; കരുണാമൂൎത്തിയായ ആ ഗുരുവ ൎയ്യൻ പറഞ്ഞതിപ്രകാരമാണ്:—

"ബാല! നീ ഇന്നു കാണിച്ചതായ കനിവാണ് എല്ലാററിനേക്കാളും ശ്രേഷ്ഠമായിട്ടുള്ളതു. ഒരേനിറത്തിൽ പ്രസരിക്കുന്ന രക്തത്തിൽ ജാതിയെ നാം കാണുന്നില്ല. ഉപ്പുരസത്തോടുകൂടിയ കണ്ണുനീരിൽ ജാതിവ്യത്യാസമുണ്ടോ? ഒരിക്കലുമില്ല. ജനിയ്ക്കുമ്പോൾതന്നെ നെററിയിൽ തിലകമോ കഴുത്തിൽ പൂണൂലൊ യാതൊരാൾക്കുമുണ്ടാകുന്നില്ല. സൽക്കൎമ്മം ചെയ്യുന്നവർ വിപ്രരും ദുഷ്കൎമ്മം ചെയ്യുന്നവർ നീചരുമായി ഭവിക്കുന്നു. പ്രിയപ്പെട്ട സഹോദര, നിന്റെ പാത്രത്തിലെ പാൽ കുറെ കൂടി എനിക്കു തരിക. ഞാൻ തേടിക്കൊണ്ടിരിക്കുന്നതായ ആ മഹനീയവസ്തു എനിക്കു ലഭിച്ചാൽ നിനക്കും അതുനിമിത്തം നന്മയുണ്ടാകും. ഇതു കേട്ടപ്പോൾ ആ ആട്ടിടയൻ സിദ്ധാൎത്ഥന്ന് ആവശ്യമുള്ളതുപാൽ ഭക്തിപൂൎവ്വം കൊടുത്തു.

പിന്നീടൊരുദിവസം, സിദ്ധാൎത്ഥൻ വസിച്ചിരുന്ന പ്രദേശത്തിന്നരികിൽക്കൂടെ ഒരുകൂട്ടം നൎത്തകികൾപോയ്ക്കൊണ്ടിരുന്നു. അവരുടെകൂടെ സിത്താർ വായിക്കുന്ന ഒരുവനുമുണ്ടായിരുന്നു. അവർ ഇങ്ങിനെ പാടിക്കൊണ്ടാണ് പോയിരുന്നതു:—

"മീട്ടീടുകച്ചത്തിലോമെല്ലയോ ആയീടാതെ,
ആട്ടത്തിൽഞങ്ങൾ നരചിത്തത്തെയാട്ടിച്ചീടാം
കമ്പിപൊട്ടിപ്പോമേറെ മുറുകിൽ, സ്സ്വരിർപോകും

കമ്പിമിണ്ടാതാമേറെയയഞ്ഞാൽ സദിർനില്ക്കും.
മീട്ടീടുകച്ചത്തിലോ മെല്ലയോ ആയീടാതെ."

ഈ ഗീതം അത്തിമരത്തിൻെറ ചുവട്ടിൽ ധ്യാനമഗ്നനായി ഇരുന്നിരുന്ന ആ ദിവ്യപുരുഷൻെറ കണ്ണിത്തിൽ പതിച്ചു. "മൂഢന്മാക്കപോലും പലപ്പോഴും ശ്രേഷ്ഠതരങ്ങളായ സംഗതികൾ പണ്ഡിതന്മാരെ പഠിപ്പിപ്പാൻ കഴിയും. ഞാൻ എൻെറ ഈ ജീവിതതന്ത്രിയെ അധികമായി വലിക്കുന്നു. ഇതുനിമിത്തം സകലജീവികളേയും രക്ഷിപ്പാനുള്ള ഈ പരിശ്രമത്തിൽ സ്വജീവനെ നശിപ്പിക്കുക മാത്രമേ ഞാൻ ചെയ്യുയുള്ളുവെന്നു തോന്നുന്നുണ്ട്," എന്ന് അദ്ദേഹം തന്നെത്താൻ പറഞ്ഞു.

സാധുശീലനും സമ്പൽസമൃദ്ധിയോടുകൂടിയവനുമായ ഒരു പ്രഭുവായിരുന്നു മുമ്പു പ്രസ്താവിച്ച നദീതാഴ്വരയുടെ അക്കാലത്തെ അധിപൻ. സേനാനിയെന്നായിരുന്നു അദ്ദേഹത്തിൻെറ പേർ. ഗ്രാമവാസികൾക്കു അദ്ദേഹത്തോടുണ്ടായിരുന്ന ബഹുമാനത്തെ കാണിപ്പാനായിരുന്നു ആ ഗ്രാമത്തിന്നും സേനാനിയെന്ന പേർ നൽകപ്പെട്ടിരുന്നതു. അദ്ദേഹത്തിന്ന് 'സുജാത" എന്ന സുന്ദരിയായ ഒരു പത്നിയുണ്ടായിരുന്നു. പുത്രനില്ലാത്ത ദുഃഖമല്ലാതെ മററു യാതൊരു ദുഃഖവും ഇവക്കുണ്ടായിരുന്നില്ല. പതിവ്രതാശിരോമണിയും പരമഭക്തയുമായ സുജാത വളരെക്കാലം ഈശ്വരപ്രാത്ഥന നടത്തുകയും സാധുക്കൾക്കു ദാനങ്ങൾ നൽകുക, അവശതയുള്ളവരുടെ സങ്കടനിവൃത്തിക്കായി പലതരത്തിൽ പ്രവത്തിക്കുക, എന്നിവയും ചെയ്തുപോന്നു. അങ്ങിനെയിരിക്കെ അവ

ക്ക് സുകുമാരനായ ഒരു പുത്രനുണ്ടായി. സന്താനലാഭത്തെ ഉദ്ദേശിച്ച് സുജാത ഒരു ദിവസം വനദേവതകൾക്ക് നിവേദ്യം കഴിപ്പാനായി വിശേഷപ്പെട്ട ഭോജ്യം നിറച്ച തങ്കത്തളിക തലയിലും, ശിശുവിനെ ഒക്കിലും എടുത്തുകൊണ്ടു പോകയായിരുന്നു. അപ്പോഴയ്ക്കും, നിലമെല്ലാം അടിച്ചു വെടുപ്പാക്കി വൃക്ഷത്തിന്മേൽ മാലകൾ ചാർത്തുവാനായി മുൻകൂട്ടിത്തന്നെ ആരാധനാസ്ഥലത്തേക്കയയ്ക്കപ്പെട്ട രാധയെന്നവൾ മടങ്ങിവന്ന് വളരെ സന്തോഷത്തോടെ ഇപ്രകാരം പറഞ്ഞു:—"പ്രിയപ്പെട്ട സ്വാമിനി! അതാ, ആ വൃക്ഷത്തിൻെറ ചുവട്ടിൽ വനദൈവം പ്രത്യക്ഷനായിരിക്കുന്നു! അദ്ദേഹമിരിക്കുന്നതിൻെറ നാലുപാടും എന്തൊരു തേജസ്സാണ് വിലസുന്നതെന്നു നോക്കുക! ഇങ്ങിനെ ദേവനെ പ്രത്യക്ഷമായ കാണ്മാൻ സാധിച്ചതു നമ്മുടെ മഹാഭാഗ്യമല്ലേ?"

സുജാത വൃക്ഷസന്നിധിൽ ചെന്നപ്പോൾ, രാധ പറഞ്ഞതുവാസ്തവമാണെന്ന് അവൾക്കുതോന്നി. അതിനാൽ ആ പ്രഭുപത്നി, സിദ്ധാർത്ഥനെ ഭക്തിപൂർവ്വം നമസ്കരിച്ച്, ഭക്ഷണാദികൾ അദ്ദേഹത്തിൻെറ സന്നിധിയിൽവെച്ചു: സ്വാമി അതെടുത്തു സുഖമായി ഭക്ഷിച്ചപ്പോൾ അദ്ദേഹത്തിൻെറ മുഖകമലം പൂർവ്വോപരി തേജോമയമായ്ത്തീർന്നു. അപ്പോൾ അദ്ദേഹം പുത്രനെ തൊട്ട് അനുഗ്രഹിച്ചുകൊണ്ട് സുജാതയോടിപ്രകാരം പറഞ്ഞു:—"നിനക്കുണ്ടായ്ത്തീർന്നിട്ടുള്ള ആനന്ദംവളരെക്കാലം നിലനില്ക്കട്ടെ! ഈ ശിശു ഭാഗ്യവാനായും ആയുഷ്മാനായുംഭവിക്കട്ടെ! ഞാൻഈശ്വരനല്ല. നിൻെറ ഒരു സഹോ

ദരൻ മാത്രമാണ്. ഞാൻ ആറു കൊല്ലമായി സർവ്വജീവികളേയും മോചിപ്പിക്കുവാനുള്ള മാർഗ്ഗം കണ്ടുപിടിപ്പാനായി കായക്ലേശമനുഭവിച്ചും ഗാഢമായി ധ്യാനിച്ചും തുടങ്ങീട്ട്. ഒടുവിൽ സൂക്ഷ്മതത്വമിന്നതാണെന്നുള്ള ബോധമുണ്ടാകാറായപ്പോഴക്കും എന്റെ ശരീരം അത്യന്തം ക്ഷീണിച്ചു. ഇപ്പോൾ നിന്റെ ഈ പായസം അനുഭവിക്കുകയാൽ എനിക്ക് വീണ്ടും ശക്തിയുണ്ടായിരിക്കുന്നു. അതോടുകൂടി എന്നിൽ ഒരു പ്രത്യേകവെളിച്ചമുണ്ടായ്തീരുകയും ചെയ്തിട്ടുണ്ട്. സോദരി! നിനക്ക് നിന്റെ ഇപ്പോഴത്തെ സ്നേഹപരിപൂർണ്ണമായ ജീവിതം തൃപ്തികരമാകുന്നുണ്ടോ? നിന്നിൽനിന്ന് പല തത്വങ്ങളും ഗ്രഹിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു."

അതിന്ന് സുജാത, "പൂജ്യപാദരേ! എന്റെ ഹൃദയം എത്രയോ ചെറുതാകുന്നു; അതിന്റെ ആവശ്യങ്ങൾ വളരെ കുറച്ചു ഉള്ളതാനും. ഒരു ചെറുകുമ്പിൾ നിറക്കുവാൻ വളരെ കുറച്ചുജലമേ വേണ്ടതുള്ളു. എന്നാൽ വിസ്തൃതമായ ഭൂമിയെ നനക്കുവാൻ ആ ജലം ഒരിക്കലും മതിയാകുന്നതല്ലല്ലോ. എന്റെ ഭർത്താവിന്റെ പ്രണയവും കൊച്ചുകുമാരന്റെ പുഞ്ചിരിയും കളങ്കരഹിതമായിരുന്നാൽ ഞാൻ കൃതാർത്ഥയായ്തീരുന്നതാണ്. ഗൃഹകൃത്യങ്ങളനുഷ്ഠിക്കുന്നതിൽ നിരതയായി ഞാൻ സുഖമായി കാലം കഴിക്കുന്നുണ്ട്. ഈശ്വരപ്രാർത്ഥന നടത്തുക, ഭർത്തൃശുശ്രൂഷചെയ്ക, ദാസികളേയും മററും പരിരക്ഷിക്കുക, ബന്ധുക്കളോടും സഖിമാരോടും സല്ലപിച്ചുകൊണ്ടിരിക്കുക, ഇതെല്ലാമാണ് എന്റെ ജീവിതരീതി.

നല്ലതിൽനിന്നു നല്ലതും ചീത്തയിൽനിന്നു ചീത്തയും മാത്രമേ ഉണ്ടാകുകയുള്ളുവെന്നും സ്നേഹിച്ചാൽ സ്നേഹിതന്മാരുണ്ടാകുമെന്നും ക്ഷമയാൽ ആത്മശാന്തി ലഭിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. മരണശേഷമാണെങ്കിലോ, ഇന്നത്തെപ്പോലുള്ള അനുഭവംതന്നെ അന്നുമുണ്ടായ്ക്കൂടയോ? ഒരുപക്ഷെ, അതു ഇന്നത്തേക്കാറം ശ്രേഷ്ഠതരമായ്ത്തീൎന്നുവെന്നും വരാവുന്നതാണ്. ജീവിതത്തിൽ പല ദുഃഖങ്ങളുമനുഭവിപ്പാനുണ്ടെന്ന് എനിക്ക് നല്ല ബോധമുണ്ട്. എന്റെ ഈ ശിശു ഞാൻ മൃത്യുലോകം പ്രാപിക്കുന്നതിന്നുമുമ്പ് എന്നെ വിട്ടുപിരിയുന്നതായാൽ എന്റെ ഹൃദയം തീൎച്ചയായും പിളൎന്നുപോകാതിരിക്കയില്ല. ഭൎത്താവിന്റെ കഥയാണെങ്കിലോ, അദ്ദേഹത്തെ മരണം തീണ്ടുന്നതായാൽ, സന്തോഷപുരസ്സരം ചിതയിൽ ച്ചാടി അദ്ദേഹത്തിന്റെ ശിരസ്സെടുത്ത് എന്റെ മടിയിൽത്തന്നെവെച്ച് ഞാൻ ജീവനെ ഉപേക്ഷിക്കും. ഗുരോ! ഞാൻ സന്തോഷത്തോടുകൂടിത്തന്നെയാണ് ജീവിതം നയിക്കുന്നതു. എന്നാൽ എനിക്ക് അന്യൻ ഇന്നവിധം പ്രവൎത്തിക്കേണമെന്ന് ഉപദേശിപ്പാൻശക്തിയില്ല. എന്നാലും എളിയനിലയിൽ ജനിച്ചിട്ടുള്ളവരെ ഞാൻ ഒരിക്കലും വിസ്മരിക്കുന്നതുമല്ല. എന്റെ ഭൎത്താവിനാലും, എന്നാലും കഴിയുന്നതെല്ലാം ആൎത്ത്രാണനത്തിന്നായി ഞങ്ങൾ ചെയ്യുന്നുണ്ട്."

സിദ്ധാൎത്ഥൻ:—മററുള്ളവരെ പഠിപ്പിക്കുവാൻ പുറപ്പെടുന്നവൎക്കെല്ലാം നീ യഥാൎത്ഥത്തിൽ ഒരു ഗുരുവായ് ഭവിക്കുന്നു. എന്നെ ആരാധിച്ചവളായ നീ വാസ്തവത്തിൽ എന്നാൽ ആരാധിക്കപ്പെടുവാൻ യോഗ്യതയു

ള്ളവളാകുന്നു. അതിനാൽ നിന്നെ ഞാനിതാ മനഃപൂർവ്വം വന്ദിക്കുന്നു. മനുഷ്യനു എന്തുകൊണ്ടാണ് നിവൃത്തികിട്ടുക എന്ന് നിൻെറ ജീവിതം എന്നെ പഠിപ്പിക്കുന്നു. നിനക്ക് സപാസ്ഥ്യമുണ്ടാകട്ടെ! എല്ലാകാലത്തും നീ സൌഖ്യമായികഴിയുക! എനിക്കും സിദ്ധിയുണ്ടാവാൻ നീ മനസ്സാൽ നേരുക. നീ ആരെ ദൈവമെന്നു കരുതിയോ അയാളുടെ ആജ്ഞയാണ് ഇതു.

അപ്പോൾ സുജാത, "പ്രഭോ, അങ്ങയ്ക്ക് അഭീഷ്ട സിദ്ധിയുണ്ടാകട്ടെ," എന്നു ഹൃദയപൂർവ്വം പ്രസ്താവിച്ചു. ആ സമയത്ത് അവളുടെ ദൃഷ്ടികൾ തൻെറ കരതലത്തിലുണ്ടായിരുന്ന ശിശുവിൻെറമേൽ പതിഞ്ഞു. ആ ശിശുവാകട്ടെ, സിദ്ധാത്ഥൻെറ സൂക്ഷ്മാവസ്ഥയെ അറിഞ്ഞതുപോലെ അദ്ദേഹത്തിൻെറ അരികിലേക്ക് കൈ നീട്ടി. സിദ്ധാത്ഥൻ ആ മൃദുകരത്തെ സ്നേഹപൂർവ്വം തലോടുകയും ചെയ്തു.

അനന്തരം, ശുദ്ധഭോജ്യത്താൽ കെല്പുക്രടിയവനായ സിദ്ധാത്ഥൻ അവിടെനിന്നെഴുനീററ് ഫൽഗുനീ നദീതീരത്തുണ്ടായിരുന്ന ഒരു വലുതായ വടവൃക്ഷത്തിൻെറ അരികിലേക്കു ചെന്നു. അന്നുമുതൽക്ക് ആ വൃക്ഷം ക്ഷയം എന്നതു ഒരുകാലത്തുമറിയാത്തതായ്ത്തീന്നു. അതിൻെറ അടിയിൽവെച്ചാണ് സിദ്ധാത്ഥന്ന് ജ്ഞാനോദയമുണ്ടായതു. അതിനാൽ പിൻകാലങ്ങളിലെല്ലാം അതു ബോധിവൃക്ഷം എന്ന പേരിൽ അറിയപ്പെട്ടുവാനും തുടങ്ങി. സിദ്ധാത്ഥൻ ആ വൃക്ഷത്തിൻെറ അടിയിൽ ചെന്നിരുന്നപ്പോൾ, ഉണങ്ങി താഴത്തു വീണിരുന്ന ചെടിക

ൾപോലും പച്ചനിറമുള്ളവയും പുഷ്പങ്ങൾ നിറഞ്ഞവയുമായ്ത്തീൎന്നു. വൃക്ഷത്തിന്റെ കൊമ്പുകൾ അദ്ദേഹത്തിന്റെ ശിരസ്സിന്നു മീതെ കുനിഞ്ഞു് തണലുണ്ടാക്കിത്തീൎത്തു. അടുത്തുണ്ടായിരുന്ന നദിയിൽനിന്നു് പരിമളധോരണിയോടുകൂടിയ കുളിൎകാററുവീശി. മാൻ, പന്നി, പുള്ളിപ്പുലി മുതലായ കാട്ടുമൃഗങ്ങൾ, സിദ്ധാൎത്ഥന്റെ സന്നിധിയിൽ അവയുടെ ജാത്യാവൈരം വെടിഞ്ഞു്, സുഖമായി കളിച്ചുകൊണ്ടിരുന്നു. പാമ്പു്, ഓന്തു്, അണ്ണാൻ, കുയിൽ, പരുന്തു്, പ്രാവു് മുതലായ ജീവികളെല്ലാം സിദ്ധാൎത്ഥന്റെ നാലുപുറവും വന്നുനിറഞ്ഞു. അദ്ദേഹത്തിൽനിന്നു് ഉൽഭൂതമായ ചൈതന്യവിശേഷത്താൽ ആ പ്രദേശത്തിലെ ജീവലോകത്തിൽ അഭൂതപൂൎവ്വമായ സമഭാവനയുണ്ടായ്ത്തീൎന്നു.

സിദ്ധാൎത്ഥൻ ആ വൃക്ഷത്തിന്നടിയിൽ ചെന്നിരുന്നു് ധ്യാനിപ്പാൻ തുടങ്ങിയപ്പോഴക്കും നേരം രാത്രിയായി. എന്തുതന്നെ സംഭവിച്ചാലും പരമാൎത്ഥജ്ഞാനമുണ്ടായശേഷമല്ലാതെ താൻ അവിടെനിന്നു് ഇളകുന്നതല്ലെന്നു അദ്ദേഹം തീരുമാനിച്ചിരുന്നു. മനുഷ്യന്റെ ജ്ഞാനരത്നത്തെ അപഹരിക്കുന്നവയായ കാമക്രോധാദികൾ ആ സമയത്തു് സിദ്ധാൎത്ഥന്റെ മനസ്സിനെ വല്ലാതെ അലങ്കോലപ്പെടുത്തി. തന്റെ ഈ പ്രയത്നമെല്ലാം വ്യൎത്ഥമല്ലയൊ എന്നും, യശോധരയുടെ പ്രേമത്തെക്കാളധികം ആനന്ദപ്രദമായ അവസ്ഥ വേറെയുണ്ടോയെന്നും വിശ്രമവനത്തിലെ മനോഹരവസ്തുക്കളെ ഉപേക്ഷിച്ചു് ഈവിധമായ കായക്ലേശമനുഭവിക്കുന്നതു്



അനാവശ്യമല്ലയോ എന്നും മററുമുള്ള ചിന്തകൾ സിദ്ധാൎത്ഥനെ കണക്കിലധികം ക്ലേശിപ്പിച്ചുവെങ്കിലും, അദ്ദേഹം പരമാൎത്ഥജ്ഞാനലാഭത്താൽ ലോകത്തെ രക്ഷിപ്പാനുള്ള തന്റെ ഉദ്യമത്തെ വെടിഞ്ഞില്ല. താല്ക്കാലികങ്ങളായ സുഖങ്ങളെ ഇച്ഛിച്ചാൽ ലോകോത്തരമായ തന്റെ പ്രയത്നം നിഷ്ഫലമാകുമെന്നുള്ള ബോധത്തോടെ അദ്ദേഹം സമാധിയിലിരുന്നു. അങ്ങിനെ കുറെ നേരം ചെന്നപ്പോഴേക്കും രാത്രിയിലെ നാലാം യാമം അടുത്തു. അപ്പോൾ പരിമളമേറിയ മന്ദമാരുതൻ ദിക്കെങ്ങും വ്യാപിച്ചു; വൃക്ഷലതാദികൾപോലും പരമാനന്ദമനുഭവിക്കുന്നതുപോലെ കാണപ്പെട്ടു! ദുഃഖം, ദുൎഗ്ഗുണം മുതലായവയെല്ലാം നടുങ്ങി! മനുഷ്യനെ അധഃപതിപ്പിക്കുന്നതായ അജ്ഞാനാന്ധകാരം നാമാവശേഷമായി ഭവിച്ചു. പരമോത്തമവും, പാപരഹിതവും, അചഞ്ചലവും, പുനരാവൎത്തിരഹിതവും, ശോഭനവുമായ **നിൎവ്വാണം** എന്ന അവസ്ഥയെപ്പററി സിദ്ധാൎത്ഥന്ന് ബോധമുണ്ടായി. സിദ്ധാൎത്ഥൻ അന്നുമുതൽ ലോകഗുരുവായ **ബുദ്ധൻ** ആയ്ത്തീൎന്നു.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

## ഏഴാം അദ്ധ്യായം.

### പ്രത്യാഗമനം.

കപിലവസ്തുവിൽ ശുദ്ധോദനരാജാവ് അനിൎവ്വചനീയമായ ദുഃഖമനുഭവിച്ച് കാലം കഴിച്ചുകൂട്ടിക്കൊ

ണ്ടിരുന്നു. തന്റെ പുത്രനെ അന്വേഷിച്ചു കണ്ടുപിടി
പ്പാനായി അദ്ദേഹം പലരേയും പല ദിക്കുകളിലേക്കും
അയച്ചുനോക്കി. എന്നാൽ അതുകൊണ്ടൊന്നും പ്രയോ
ജനമുണ്ടായില്ല. ഭർത്തൃവിയോഗത്താൽ സന്തപ്തയായ്ത്തീ
ൎന്ന യശോധരയും ജീവിതസുഖമൊന്നുമറിഞ്ഞിരുന്നതേ
ഇല്ല. അവൾ രാജമന്ദിരത്തിൽ ചെന്നിരുന്ന വണിക്കുക
ൾ, പാന്ഥന്മാർ എന്നിവരോടെല്ലാം തന്റെ ഭർത്താവി
നെപ്പററി അന്വേഷിക്കുക പതിവായിരുന്നു. പക്ഷെ,
ശാക്യവംശാലങ്കരഭൂതനും യശോധരയുടെ പ്രേമസർവ്വ
സ്വവും ശുദ്ധോദനന്റെ സകല മനോരഥങ്ങൾക്കും
പാത്രവുമായ സിദ്ധാൎത്ഥനെപ്പററി യാതൊരാൾക്കും യാ
തൊരു വിവരവുമുണ്ടായിരുന്നില്ല. അദ്ദേഹം മൃതി പ്രാ
പിച്ചിരിക്കാമെന്നു പലരും വിചാരിച്ചു.

അങ്ങിനെയിരിക്കെ വൃക്ഷങ്ങളെല്ലാം തളിക്കുന്നതും
പക്ഷികൾ കൎണ്ണാനന്ദകരമായ ഗാനങ്ങൾ ചെയ്തുകൊ
ണ്ടിരിക്കുന്നതുമായ വസന്തകാലത്തിലെ ഒരു ദിവസ
ത്തിൽ യശോധര അവളുടെ ഉദ്യാനത്തിൽ മനോജ്ഞ
മായ ഒരു താമരപ്പൊയ്കയുടെ തീരത്തു് ചിന്താകുലയാ
യി ഇരിക്കയായിരുന്നു. അവളുടെ ശരീരം വിളൎത്തിരു
ന്നു. കണ്ണുകളിൽനിന്നു കണ്ണുനീർ ധാരധാരയായി ഒഴുകി
ക്കൊണ്ടിരുന്നു; അധരങ്ങൾ ദുഃഖാധിക്യത്താൽ പ്രകാ
ശം കുറഞ്ഞവയായ്ത്തീൎന്നിരുന്നു; വിധവകളുടേതുപോ
ലെ പററെ കെട്ടിവെക്കപ്പെട്ടിട്ടുണ്ടായിരുന്ന അവളുടെ
കേശഭാരം കുറച്ചുപോലും ഭംഗിയില്ലാത്തതായ്ത്തീൎന്നി
ട്ടുണ്ടായിരുന്നു. രാജകുമാരിമാൎക്കുചിതമായ വെ

ള്ളത്ത പരുക്കൻവസ്ത്രങ്ങളാണ് അവൾ ധരിച്ചിരുന്നതു; നല്ല ആഭരണങ്ങൾ യാതൊന്നും അണിഞ്ഞിരുന്നതുമില്ല. സിദ്ധാൎത്ഥൻ വിശ്രമവനത്തിലെ വിചിത്രമന്ദിരത്തെ ഉപേക്ഷിച്ചുപോയ രാത്രിയിൽ രത്നഖചിതമായ ഒരു മേഖല അദ്ദേഹം അവിടെ ഇട്ടുപോയിരുന്നു. അതുമാത്രം യശോധര കയ്യിൽ വെച്ചുകൊണ്ടിരുന്നു. ദിവ്യസൌന്ദൎയ്യവാനായ രാഹുലൻ എന്ന അവളുടെ പുത്രൻ സമീപത്തിൽ കളിച്ചുകൊണ്ടിരുന്നു. രാഹുലന്ന് അപ്പോൾ ഏഴുവയസ്സു പ്രായമേ ആയിരുന്നുള്ളൂ. അയാറം പുഷ്പങ്ങളുറുത്തും താമരപ്പൊയ്കയിലെ നീലനിറത്തിലും ധൂമ്രനിറത്തിലുമുള്ള മത്സ്യങ്ങൾക്ക് അരിയെറിഞ്ഞുകൊടുത്തും വിനോദിക്കയായിരുന്നു.

ഇങ്ങിനെ മാതാവ് കരഞ്ഞുകൊണ്ടും പുത്രൻ കളിച്ചുകൊണ്ടുമിരിക്കെ, അന്തഃപുരകന്യകമാരിൽ ചിലർ യശോധരയുടെ അരികത്തുചെന്ന് സന്തോഷത്താൽ നാവിടറിക്കൊണ്ട് ഇപ്രകാരം പറഞ്ഞു:—"യശോധരേ! രാജധാനിയുടെ തെക്കെ ഗോപുരത്തിൽ കുറെ കച്ചവടക്കാർ വന്നിട്ടുണ്ട്. അവർ വിശേഷപ്പെട്ട പട്ടുകളും കൊത്തുപണിത്തരങ്ങളും സുഗന്ധവസ്തുക്കളും നവരത്നമാലകളും മററനേകം ആശ്ചൎയ്യകരങ്ങളായ പദാൎത്ഥങ്ങളും കൊണ്ടുവന്നിരിക്കുന്നു. എന്നാൽ, അവയേക്കാളധികം വിലമതിക്കത്തക്ക ഒരു വൃത്താന്തം അവർ കൊണ്ടുവന്നിട്ടുണ്ട്. നിന്റെ നാഥനും ഞങ്ങളുടെ സ്വാമിയും രാഹുലന്റെ പിതാവുമായ സിദ്ധാൎത്ഥരാജകുമാരനെ അവർ നേരിട്ടു കണ്ടുവത്രെ! യശോധരേ! അദ്ദേഹം

ജഗൽപൂജ്യനും പ്രസിദ്ധനുമായ ഒരു ഗുരുവായ്ത്തീൎന്നിട്ടുണ്ട ത്രെ! അത്രമാത്രമല്ല, അദ്ദേഹം ഇങ്ങോട്ടു വരുന്നുണ്ടെന്നും അവർ പറയുന്നു—ഇങ്ങോട്ടുതന്നെ വരുന്നുവത്രെ!"

ഇതു കേട്ട ഉടനെ യശോധര ഇരുന്ന ദിക്കിൽനിന്ന് ചാടിയെഴുന്നീറ്റ് ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ട് "സഖിമാരെ! പ്രിയസഖിമാരെ! ആ കച്ചവടക്കാരെ വേഗത്തിൽ ഇങ്ങോട്ടു ക്രൂട്ടിക്കൊണ്ടുവരുവിൻ! അവരോട് ഞാൻതന്നെ എല്ലാ വിവരങ്ങളും നേരിട്ടു ചോദിച്ചറിയട്ടെ. വേഗത്തിൽ വിളിക്കുവിൻ! അവർ പറയുന്നതു വാസ്തവമാണെങ്കിൽ അവൎക്ക് ഞാൻ അനേകവസ്ത്രങ്ങൾ സമ്മാനമായി കൊടുക്കുന്നതാണെന്നു പറയുവിൻ!" എന്നു പറഞ്ഞു. അതുപ്രകാരം ഒട്ടും താമസിയാതെ ആ കച്ചവടക്കാർ വിശ്രമവനത്തിലേക്കു ചെല്ലുകയാൽ യശോധര അത്യൽക്കണ്ഠയോടെ അവരോട് പല വിവരങ്ങളും ചോദിക്കുവാൻ തുടങ്ങി.

അപ്പോൾ അവരിൽ ഒരാൾ ഇപ്രകാരം പറഞ്ഞു:— "ഞങ്ങൾ അദ്ദേഹത്തെ നേരിട്ടുകണ്ടിരിക്കുന്നു. അല്ലയോ രാജ്ഞി! അദ്ദേഹം ബുദ്ധനായ്ത്തീൎന്നിരിക്കുന്നു! സകല ജനങ്ങളും അദ്ദേഹത്തെ ആരാധിക്കുന്നുണ്ട്. ഞങ്ങളും അദ്ദേഹത്തിൻെറ പാദാരവിന്ദങ്ങളിൽ നമസ്കരിക്കയുണ്ടായി. അദ്ദേഹം അരോഗദൃഢഗാത്രനും തേജോമയനുമായിരിക്കുന്നുണ്ട്. ഇങ്ങിനെലോകഗുരുവായബുദ്ധനായ്ത്തീരുന്നതിന്നുമുമ്പ് അദ്ദേഹത്തിന്നു പല ക്ലേശങ്ങളുമുണ്ടായെങ്കിലും ആവകയെല്ലാംസഹിച്ച്, സൎവ്വജീവലോകത്തിൻേറയും ക്ലേശത്തെ നശിപ്പിക്കത്തക്കതായ പരമാത്ഥതത്വം അ

ദ്ദേഹം അറിഞ്ഞിരിക്കുന്നു. ആ തത്വത്തെ സകലജനങ്ങളോടും ഉപദേശിച്ചുകൊണ്ടാണ് അദ്ദേഹം ഇപ്പോഠം യാത്രചെയ്യുന്നതു. കാശിയിലെ മൃഗധാവനത്തിൽവെച്ച് തൻെറ പണ്ടത്തെ സ്നേഹിതന്മാരായിരുന്ന അഞ്ചുതാപസന്മാക്ക് അദ്ദേഹം തത്വോപദേശം ചെയ്യുകയും അതിൽ പ്രധാനനായ കൌണ്ഡിന്യൻ അദ്ദേഹത്തെ ഗുരുവായി അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. പിന്നീട് ഭദ്രകൻ, അശ്വജിത്ത്, വാസവൻ, മഹാനാമൻ എന്നിവരും ബുദ്ധധമ്മം കൈക്കൊണ്ട് സ്വാമിയുടെ ശിഷ്യസംഘത്തിൽ ചേൻ. ഇത്രയൊന്നുമല്ല, യശദൻ എന്ന ഒരു രാജകുമാരനും അദ്ദേഹത്തിൻെറ കീഴിലുള്ള പ്രഭുക്കന്മാരും മററനേകംപേരും സ്വാമിയെ ഗുരുവായി വരിച്ചിട്ടുണ്ട്. അനന്തരം അദ്ദേഹം ബിംബിസാരമഹാരാജാവിൻെറ നാട്ടിൽച്ചെന്ന് പലക്കും ധമ്മോപദേശം നൽകി കുറച്ചുകാലം പാത്തു. ആ മഹാരാജാവും മററനേകംപേരും സ്വാമിയുടെ മതത്തിൽ ചേൻകഴിഞ്ഞു. അധികം താമസിയാതെ അദ്ദേഹം ഇവിടെ എത്തുകയും ചെയ്യും."

ഇതെല്ലാംകേട്ട് ഏററവും ആഹ്ലാദഭരിതയായ്ത്തീന്ന രാജ്ഞി ആ കച്ചവടക്കാക്ക് അനേകം വിശേഷപ്പെട്ട സമ്മാനങ്ങഠം കൊടുത്തു. ശരിക്ക് ഇന്നവഴിക്കാണ് ബുദ്ധൻ വരുന്നതെന്നുക്രൂടി അറിയിച്ചശേഷം കച്ചവടക്കാർ വിശ്രമവനത്തിൽനിന്ന് പിരിഞ്ഞുപോകുകയും ചെയ്തു.

ബുദ്ധൻെറ ആഗമനത്തെക്കുറിച്ച് അറിവുകിട്ടിയ ഉടനെ അദ്ദേഹത്തെ എതിരേല്ക്കുവാനായി ശുദ്ധോദന

രാജാവ് തന്റെ പ്രഭുക്കന്മാരിൽ ചിലരെ അയച്ചു. തന്റെകാലശേഷം സിദ്ധാൎത്ഥൻ തന്റെ പിൻവാഴ്ചക്കാരനായി ചിരകാലം ജീവിക്കുമാറാകേണമെന്നുള്ള ആശ ശുദ്ധോദനനെ വിട്ടുപിരിഞ്ഞിരുന്നില്ല. അതിനാൽ അദ്ദേഹം ദൂതന്മാരായ പ്രഭുക്കന്മാരോട്, "വേഗത്തിൽ തിരിച്ചുവന്ന് എന്റെ വിസ്തൃതമായ രാജ്യത്തിന്റെ ഭാവിഭരണാധികാരിയാകത്തക്ക സ്ഥാനം ഇപ്പോൾതന്നെ കൈക്കൊള്ളുവാൻ സിദ്ധാൎത്ഥനോട് പറയുവിൻ," എന്നു പറഞ്ഞയച്ചു. യശോധരയുടെ സന്ദേശം താഴെ ചേക്കും വിധമായിരുന്നു:—"അദ്ദേഹത്തിന്റെ പുത്രനായ രാഹുലന്റെ മാതാവ് അദ്ദേഹത്തിന്റെ മുഖദൎശനത്തിന്നായി കൊതിച്ചുകൊണ്ടിരിക്കുന്നുവെന്നും, വിശ്രമവനം വിട്ടുപിരിഞ്ഞശേഷം അദ്ദേഹം സമ്പാദിച്ചിട്ടുള്ള നിധികളിൽ അവൾ പങ്കുകൊള്ളുവാനാഗ്രഹിക്കുന്നുവെന്നും അവസരോചിതം അദ്ദേഹത്തെ ഉണൎത്തിക്കുക. അദ്ദേഹം രാജകുമാരനായി മടങ്ങിയാലും ശരി, ഭിക്ഷുവായി മടങ്ങിയാലും ശരി, യശോധര അദ്ദേഹത്തിന്റെ വരവിനെ മാത്രമേ കാംക്ഷിക്കുന്നുള്ളുവെന്നുംകൂടി അദ്ദേഹത്തോടു പറയുവിൻ!"

രാജദൂതന്മാർ ബുദ്ധന്റെ സന്നിധിയിൽ ചെന്നപ്പോൾ അദ്ദേഹം ഒരുകൂട്ടം ശിഷ്യന്മാൎക്ക് മധുരഗംഭീരമായ സ്വരത്തിൽ ജ്ഞാനോപദേശം നല്കുകയായിരുന്നു. ആ ശിഷ്യന്മാരും പ്രസംഗസ്ഥലത്തുണ്ടായിരുന്ന മറ്റുള്ളവരും ബുദ്ധന്റെ കൎണ്ണാനന്ദകരങ്ങളായ വാക്കുകൾ കേട്ടും അദ്ദേഹത്തിന്റെ തേജോമയമായ സ്വരൂപം കണ്ടും ആനന്ദസാഗരനിമഗ്നരായ്ത്തീൎന്നിരുന്നു. ബു

ദ്ധന്റെ പ്രസംഗം കേട്ടപ്പോൾ രാജദൂതന്മാർ അവരുടെ കൎത്തവ്യം മറന്നു; അവരും മററുള്ളവരുടെ കൂട്ടത്തിൽ കൂടുകയും ചെയ്തു.

കണക്കിലധികം കാലം കഴിഞ്ഞിട്ടും തന്റെ ദൂതന്മാർ മടങ്ങിക്കാണായ്കയാൽ രാജാവ്, സിദ്ധാൎത്ഥന്റെ ചങ്ങാതിയായിരുന്ന, സ്വാമിഭക്തനായ ഉദയി എന്ന മന്ത്രിമുഖ്യനെ ബുദ്ധന്റെ അരികിലേക്കയച്ചു. ബുദ്ധന്റെ തത്വോപദേശം ചെവിയിൽ പതിഞ്ഞ്,തന്റെ കൎത്തവ്യം മറക്കാതിരിപ്പാൻ ബുദ്ധിമാനായ ഈ ദൂതൻ ചെവിയിൽ പഞ്ഞി കുത്തിനിറച്ചിട്ടാണ് ഗുരുവയ്യന്റെ സന്നിധിയിലേക്കു ചെന്നതു. അതുനിമിത്തം രാജാവിന്റെയും യശോധരയുടെയും സന്ദേശവാക്യങ്ങൾ യഥോചിതം ബുദ്ധനെ അറിയിപ്പാൻ അദ്ദേഹത്തിന്നു സാധിച്ചു.

തന്റെ പിതാവായ ശുദ്ധോദനരാജാവയച്ച സന്ദേശം കേട്ടപ്പോൾ ബുദ്ധൻ ഇപ്രകാരമാണ് മറുപടി പറഞ്ഞതു:—"തീൎച്ചയായും ഞാൻ കപിലവസ്തുവിലേക്കു വരുന്നുണ്ട്. ഇത് എന്റെ മുറ മാത്രമല്ല, വലുതായ ആഗ്രഹവുമാണ്. ഒട്ടും താമസിയാതെ ഞാൻ അങ്ങോട്ട് വരുന്നുണ്ടെന്നു രാജാവിനേയും യശോധരയേയും അറിയിക്കുക." ഈ വൃത്താന്തം രാജദൂതൻ കാലതാമസം കൂടാതെ ശുദ്ധോദനനേയും രാജ്ഞിയേയും അറിയിച്ചു. ഉടനെതന്നെ കപിലവസ്തുവിൽ ബുദ്ധനെ വിധിപൂൎവ്വം സൽക്കരിക്കേണ്ടതിന്നുള്ള ഒരുക്കങ്ങളെല്ലാം തുടങ്ങുകയും ചെയ്തു.

സിദ്ധാൎത്ഥൻ മടങ്ങുന്ന വൃത്താന്തംകേട്ട് പൌരന്മാരെല്ലാം തെരുവീഥികളെ അലങ്കരിച്ച്, പലേടങ്ങളിലും കൊടിക്കൂറകൾ തൂക്കിത്തുടങ്ങി. തെക്കേ ഗോപുരദ്വാരത്തിൽ വിചിത്രതരമായ ഒരു മണ്ഡപം നിൎമ്മിക്കപ്പെട്ടു. രാജകുമാരനെ എതിരേല്ക്കുവാനുള്ള ആനകൾക്ക് പ്രത്യേകം അമ്പാരികൾ പണിചെയ്യപ്പെട്ടു. നൎത്തകികൾ അവരുടെ അത്ഭുതകരമായ പാടവം പ്രദൎശിപ്പാനുള്ള അവസരം കാത്തുകൊണ്ടിരുന്നു; എന്തിനേറെപ്പറയുന്നു! കപിലവസ്തുവിലെ ജനങ്ങൾ പണ്ടൊരുകാലത്തുമുണ്ടായിട്ടില്ലാത്തത്ര ആഘോഷത്തോടുകൂടി ആ മഹോത്സവം കൊണ്ടാടുവാൻ തീൎച്ചയാക്കി.

യശോധരയാകട്ടെ, മററുള്ളവൎക്കാൾ മുമ്പിൽ തനിക്ക് ബുദ്ധനെ കാണേണമെന്നുള്ള ആഗ്രഹത്തോടെ പല്ലക്കിൽക്കയറി ഗോപുരദ്വാരത്തിലെ മണ്ഡപത്തിൽ ചെന്നിരുന്നു. ആ മണ്ഡപത്തിലുണ്ടായിരുന്നവൎക്ക് വളരെ ദൂരത്തു വരുന്ന പാന്ഥന്മാരെപ്പോലും കാണ്മാമായിരുന്നു. അങ്ങിനെയിരിക്കെ, ഒരുദിവസം യശോധര മുണ്ഡിതശിരസ്കനും കാഷായവസ്ത്രധാരിയും കാരുണ്യപൂൎണ്ണമായ മുഖഭാവത്തോടുകൂടിയവനുമായ ഒരു താപസൻ അതിദൂരത്തായി വരുന്നതു കണ്ടു. ചുരങ്ങപോലുള്ള ഒരു മൺപാത്രം മാത്രമേ അദ്ദേഹത്തിൻെറ. കയ്യിലുണ്ടായിരുന്നുള്ളു. വഴിവക്കത്തുണ്ടായിരുന്ന കുടിലുകളുടെ മുമ്പിൽച്ചെന്നാൽ അദ്ദേഹം ആ മൺപാത്രം മലൎത്തിക്കാണിച്ച് ഭക്ഷണദ്രവ്യങ്ങൾ കിട്ടുന്നതു വാങ്ങി നന്ദിപറയും; ഒന്നുംകൊടുക്കാതിരുന്നാൽ അങ്ങിനെയുള്ള ദിക്കിൽനിന്ന് സൌമ്യനായി മുന്നോട്ടുപോകുകയും

ചെയ്യും. ഇങ്ങിനെയാണ് അദ്ദേഹം തെരുവീഥിയിൽ ക്കൂടെ നടന്നുചെന്നിരുന്നതു. അദ്ദേഹത്തിൻെറ അനുയായികളും രണ്ടുപേരുണ്ടായിരുന്നു. എന്നാൽ എളിയ നിലയിലുള്ള വേഷം ധരിച്ചും കുടില്ലകളിൽനിന്ന് ഭിക്ഷ വാങ്ങിയും സഞ്ചരിച്ചിരുന്ന ആ മഹാപുരുഷൻെറ ശാന്തഗംഭീരമായ മുഖഭാവം കണ്ടവർ "ഇതെന്തൊരാശ്ചര്യമാണ്!" "തേജോമയനായ ഇദ്ദേഹം, ആരാണെന്നു മനസ്സിലായില്ലല്ലൊ!" "ഇദ്ദേഹത്തിന്ന് ഇത്ര ചുരുങ്ങിയ നിലയിൽ ഭിക്ഷ നൽകിയതു ശരിയായില്ല," എന്നിങ്ങിനെ പലവിധമായി പറഞ്ഞുകൊണ്ട്, അദ്ദേഹത്തെ അനുഗമിച്ചു. ഇപ്രകാരം സാവധാനത്തിൽ നടന്നുവന്നിരുന്ന ബുദ്ധൻ മണ്ഡപത്തിന്നരികിലെത്തിയപ്പോൾ യശോധരയിരുന്നിരുന്ന പല്ലക്കിൻെറ വാതിൽ തുറന്നു; അനന്തരം, മുഖവസ്ത്രം മുഴവൻനീക്കി യശോധര "നാഥ!" എന്നുച്ചരിച്ചുകൊണ്ട് ബുദ്ധൻെറ തൃച്ചരണങ്ങളിൽവീണു.

* * * * * *

* * * * * *

എന്നാൽ, തൻെറ പുത്രനായ സിദ്ധാൎത്ഥൻ ഭിക്ഷുവിൻെറ വേഷംധരിച്ചും "നീചജാതിക്കാർ" കൊടുത്ത ഭക്ഷണം വാങ്ങിക്കഴിച്ചുമാണ് വന്നിരുന്നതെന്നു കേട്ടപ്പോൾ ശുദ്ധോദനരാജാവ് ക്രോധാക്രാന്തനായ്ത്തീൎന്നു. അദ്ദേഹത്തിൻെറ പുത്രവാത്സല്യമെല്ലാം നാമാവശേഷമായി. കോപാവേശത്താൽ അദ്ദേഹം നിലത്തു രണ്ടുമൂന്നു പ്രാവശ്യം 'കാറിത്തുപ്പി,' തൻെറ പടക്കുതിരയുടെ

പുറത്തുകയറി, ബുദ്ധൻ പാൎത്തിരുന്ന സ്ഥലത്തേക്കു അതിവേഗത്തിൽ ചെന്നു.

ശുദ്ധോദനൻ ചെന്നെത്തിയ സമയത്തു് പരമശ്രേഷ്ഠനായ ആ ഗുരുഭൂതൻ, തൻെറ നാലുപാടും ഭക്തിപൂൎവ്വം തൊഴുതുകൊണ്ടു നിന്നിരുന്ന ജനങ്ങൾക്കു് ജ്ഞാനോപദേശം നൽകുകയായിരുന്നു. രാജാവിനെ കണ്ട ഉടനെ ബുദ്ധൻ എഴുനീററു് അദ്ദേഹത്തിൻെറ അരികത്തുചെന്നു വണങ്ങി. എന്നാൽ ആ സമയത്തും അദ്ദേഹത്തിൻെറ മുഖത്തു് ശാന്തമായ ഗാംഭീൎയ്യം പ്രത്യക്ഷപ്പെട്ടു.

ബുദ്ധനെ കണ്ടപ്പോൾ രാജാവിൻെറ ക്രോധത്തിന്നു് തല്ക്കാലശാന്തിയുണ്ടായി. എങ്കിലും അതു വീണ്ടും രാജാവിനെ കീഴടക്കുകയാൽ അദ്ദേഹം, "കുറച്ചുകാലം മുമ്പുവരെ ഒരു ദേവനെപ്പോലെ കാലംകഴിച്ചിരുന്ന രാജകുമാരൻെറ അവസാനത്തെ കഥ ഇതാണോ? കപിലവസ്തുവിലെ യുവരാജാവായ സിദ്ധാൎത്ഥനെ കേമമായി ആദരിക്കേണമെന്നു കരുതി ഞങ്ങൾചെയ്ത ഒരുക്കങ്ങളുടെയെല്ലാം പരിണാമം ഇതാണോ? കീറിയ പുതപ്പും പൊട്ടിപ്പൊളിഞ്ഞ മെതിയടിയും ധരിച്ചു്, കണ്ടവരോടെല്ലാംഭിക്ഷയാചിച്ചു്, ഇങ്ങിനെ തെണ്ടിത്തിരിഞ്ഞുകൊണ്ടു് സിദ്ധാൎത്ഥരാജകുമാരൻ വരാമോ? കുമാരാ! നിൻെറ ഉന്നതപദവിക്കനുസരിച്ച നിലയിലല്ലയോ നീ കപിലവസ്തുവിലേക്കു വരേണ്ടിയിരുന്നതു? നോക്കുക, എൻെറ പടകളും കപിലവസ്തുവിലെ പൌരന്മാരും നിന്നെ ആദരിക്കുവാൻ കാത്തുകൊണ്ടിരിക്കുന്നതു! നിൻെറ അച്ഛനും ആ നില്ക്കുന്ന യശോധരയും ദുഃഖത്തിൽ മുഴ

കി കാലംകഴിച്ചുകൊണ്ടിരിക്കെ നീ എവിടെയാണ് ഇതുവരെ കഴിച്ചുകൂട്ടിയതു? പുത്രാ! എന്താണ് നീ ഈവിധമെല്ലാം പ്രവൎത്തിക്കുന്നതു?" എന്നു ചോദിച്ചു.

അതിന്നു് ബുദ്ധൻ ശാന്തതയോടെ, "പ്രിയപിതാവെ! എന്റെ വംശക്കാരുടെ സമ്പ്രദായം ഇതാണ്," എന്നു പ്രസ്താവിച്ചു.

അപ്പോൾ ശുദ്ധോദനൻ, "നീ രാജവംശജനാണ്, നിന്റെ വംശത്തിൽ ഇതുവരെ യാതൊരാളും ഇപ്രകാരം പ്രവൎത്തിച്ചിട്ടില്ലല്ലൊ!" എന്നു പറഞ്ഞു.

അതിന്നുത്തരമായി ബുദ്ധൻ ഇപ്രകാരം അരുളിച്ചെയ്തു:—"ഞാൻ മനുഷ്യവംശജന്മാരെപ്പററിയല്ലാ പറഞ്ഞതു്. അദൃശ്യന്മാരും ലോകരക്ഷക്കായി ജീവിക്കുന്നവരുമായ ബുദ്ധന്മാരെപ്പററിയാകുന്നു പ്രസ്താവിച്ചതു. അവർ ഇഹത്തിലെ പ്രതാപത്തെ ഇച്ഛിക്കുന്നവരല്ല. മനുഷ്യരെയെന്നുവേണ്ടാ, സകല ജീവജാലങ്ങളേയും സ്നേഹിക്കുന്നതിനാൽ അവർ ശക്തന്മാരായ്ത്തീരുന്നു. എന്നാൽ ഇപ്പോൾ ഞാനിതാ, ആദരവോടും പുത്രസഹജമായ സ്നേഹത്തോടും അവിടേയ്ക്കു് മഹത്തരമായ ഒരു നിധി നൽകുവാൻ പോകുന്നു. ഞാൻ ഈ നിധി എത്രയോ ദൂരസ്ഥമായ ഒരു പ്രദേശത്തുനിന്നു കൊണ്ടുവന്നതാണ്. പ്രിയപിതാവെ, ഇതിനെ അംഗീകരിച്ചാലും!"

അതുകേട്ടു് ആശ്ചൎയ്യഭരിതനായ രാജാവ്, "അതു എന്തൊരു നിധിയാണ്?" എന്നു ചോദിച്ചു.

അപ്പോൾ ബുദ്ധൻ ശുദ്ധോദനരാജാവിന്റെ കൈപിടിച്ചുകൊണ്ട്, അത്ഭുതപ്പെട്ടുനിന്നിരുന്ന ജനങ്ങളുടെയിടയിൽക്കൂടെ നടന്നുതുടങ്ങി. യശോധരയും അവരുടെ ഒന്നിച്ചുതന്നെ നടന്നുകൊണ്ടിരുന്നു. ഇങ്ങിനെ അവർ മൂന്നുപേരുംകൂടി സാവധാധത്തിൽ നടന്നുപൊയ്ക്കൊണ്ടിരിക്കെ, ലോകഗുരുവായ ബുദ്ധൻ, അദ്ദേഹത്തിന്റെ പര്യ്യടനകാലത്തുണ്ടായ അനുഭവങ്ങളെ സംബന്ധിച്ചും, ശാന്തിയും ശുദ്ധിയുമെങ്ങിനെയുണ്ടാകുമെന്നതിനെക്കുറിച്ചും, ദിവ്യജ്ഞാനത്തെ നിലനിത്തുന്നതായ നാലുസത്യങ്ങളെപ്പററിയും പ്രതിപാദിച്ചുതുടങ്ങി. അങ്ങിനെയിരിക്കെ അവർ രാജമന്ദിരത്തിലെത്തി. ഉടനെ രാജാവ് ശാന്തമായ മന്ദഹാസത്തോടും ബുദ്ധന്റെ കർണ്ണാമൃതമായ വാക്കുകേട്ട് ആനന്ദിച്ചുകൊണ്ടും ബഹുമാനപൂർവ്വം അദ്ദേഹത്തെ സൽക്കരിച്ചിരുത്തി.

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE
PUTHIYARA

## എട്ടാം അദ്ധ്യായം.

### നിർവ്വാണം.

രാജമന്ദിരത്തിലെത്തിയ ശേഷവും ഗൌതമബുദ്ധൻ തന്റെ പിതാവിന്നും മററുള്ളവക്കും ബൌദ്ധധർമ്മത്തെപ്പററി ഉപദേശം നൽകിക്കൊണ്ടിരുന്നു. ബുദ്ധൻ ഇപ്രകാരം പറഞ്ഞു:—

"പ്രിയപിതാവെ, അങ്ങയോടും ഇവിടെ കൂടീട്ടുള്ള മററുള്ളവരോടും ഞാൻ യഥാൎത്ഥധൎമ്മമാൎഗ്ഗത്തെപ്പററി പറയാം.

"സകലജനങ്ങളും നിൎവ്വാണം എന്ന അവസ്ഥയെ പ്രാപിപ്പാനാണ് ആഗ്രഹിക്കേണ്ടതു. ആ അവസ്ഥ പുനരാവൎത്തിരഹിതവും ദുഃഖവിഹീനവുമാണ്.

"ഈ സ്ഥിതിയിലെത്തേണമെങ്കിൽ നാലു മഹാസത്യങ്ങളെപ്പററി അറിയേണ്ടതുണ്ട്.

"ഒന്നാമതായി, ജീവിതത്തിൽ സുഖമെന്നു തോന്നുന്നതു ഒരു ഭ്രമം മാത്രമാണെന്നും ദുഃഖമാണ് യഥാൎത്ഥത്തിൽ അനുഭവപ്പെടുന്നതെന്നും സുഖങ്ങൾപോലും ദുഃഖത്തിലാണ് പൎയ്യവസാനിക്കുന്നതെന്നും മനസ്സിലാക്കണം.

"രണ്ടാമത്, ആശയാണ് ദുഃഖകാരണമായ്ത്തീരുന്നതു്. നിൎവ്വാണം ലഭിപ്പാനാഗ്രഹിച്ചാൽ ദുഃഖരാഹിത്യമുണ്ടാകും. നേരെമറിച്ച്, പ്രപഞ്ചസുഖങ്ങളിൽ ആസക്തിയുള്ളവനായ്ഭവിച്ചാൽ ജീവിതം ദുഃഖത്തിലവസാനിക്കുകയും ചെയ്യും.

"മൂന്നാമത്തേത്, ദുഃഖം ശാശ്വതമായിട്ടുള്ളതല്ല. എപ്പോഴെങ്കിലും ഒരിക്കൽ പാപകൎമ്മങ്ങളുടെ ഫലമനുഭവിച്ചു തീരുന്നുവോ അപ്പോൾ ദുഃഖവും ഇല്ലാതായ്ത്തീരും. പാപകൎമ്മങ്ങളില്ലാതാകുവാൻ ജീവിതം ദയാപൂൎണ്ണവും പരിശുദ്ധവുമായ്ത്തീരേണം.

"നാലാമതായി, പരിശുദ്ധവും ദയാപൂൎണ്ണവുമായ ജീവിതം നയിക്കുന്നതെങ്ങിനെയാണെന്നു മനസ്സിലാക്കേണം.

"നിർവ്വാണം സാധിക്കണമെന്നുവെച്ചു പ്രവർത്തിക്കു ന്നവൻ സകലജീവികളോടും ശരിയായി പെരുമാറേണ്ട താണ്. ഒരിക്കലും അസത്യം സംസാരിക്കരുതു. എന്തെ ന്നാൽ, അതു നമ്മെ നമ്മുടെ ശ്രേഷ്ഠമായ ഉദ്ദേശത്തിൽ നിന്നു അകററിക്കൊണ്ടുപോകുന്നു.

"ഹിംസിക്കരുതു, കളവുചെയ്യരുതു, അസത്യം പ റയരുതു, ധർമ്മവിരോധമായ സുഖാനുഭോഗങ്ങളെ ഇ ച്ഛിക്കയുമരുതു."

മേൽപ്രകാരമുള്ള അനേകം സൂക്ഷ്മതത്വങ്ങളെപ്പ ററി ധരിച്ചപ്പോൾ, ശുദ്ധോദനരാജാവ് സിംഹാസന ത്തിൽനിന്നെഴുനീററ്, ലോകഗുരുവായ ബുദ്ധനെ വ ണങ്ങിക്കൊണ്ട് "പുത്ര, എന്നെ നിന്റെ ശിഷ്യന്മാരി ലൊരുവനായി അംഗീകരിക്കുക!" എന്നു പ്രസ്താവിച്ചു. സന്തുഷ്ടയായ യശോധര ആ സമയത്ത്, "പ്രഭോ! പര മാർത്ഥധർമ്മമായ അവിടുത്തെ നിധിയെ അവിടുത്തെ പു ത്രനായ രാഹുലന്ന് പിതൃസ്വമായി കൊടുത്താലും!" എന്നപേക്ഷിച്ചു. അങ്ങിനെ, ശുദ്ധോദനരാജാവും രാ ഹുലനും ബൌദ്ധസംഘത്തിൽ ചേരുകയും ചെയ്തു.

അനന്തരം, ബുദ്ധൻ പലസ്ഥലങ്ങളിലും ചെന്ന് പ ലക്കും അവസരോചിതങ്ങളായ ഉപദേശങ്ങൾ നല്കി, അവരെ സന്മാർഗ്ഗചാരികളാക്കിത്തീർത്തു. അദ്ദേഹത്തി ന്റെ സംഘത്തിൽ അനേകംപേർ ചേർന്നു. സ്ത്രീകളെ തന്റെ സംഘത്തിൽ ചേർക്കണമെന്ന് ബുദ്ധന്ന് ആ ദ്യത്തിൽ വിചാരമുണ്ടായിരുന്നില്ല. എന്നാൽ ശുദ്ധോദ നന്റെ മരണശേഷം മഹാപ്രജാപതി ഗൌതമിയും യ ശോധരയും ധർമ്മോപദേശംകേട്ട് പ്രപഞ്ചത്തെ വെറു

ക്കുകയും, അവരേയും "സംഘത്തിൽ" ചേക്കേണമെന്ന് അവർ ബുദ്ധനോട് താണുകേണ് അപേക്ഷിക്കുകയും ചെയ്കയാൽ ബുദ്ധൻ അവരേയും ശിഷ്യസംഘത്തിലുൾപ്പെടുത്തി. അതുമുതൽക്കാണ് സ്ത്രീകൾക്കും ബൌദ്ധസംഘത്തിൽ ചേരാമെന്നായ്തീന്നതു്.

ആനന്ദൻ മുതലായ പല ശാക്യന്മാരും അദ്ദേഹത്തിന്റെ സംഘത്തിൽ ചേരുകയുണ്ടായി. എന്നാൽ, ദേവദത്തനും ബിംബിസാരന്റെ പുത്രൻ മുതലായ മററു ചിലരും അദ്ദേഹത്തെ കഴിയുന്നതരത്തിലെല്ലാം ഉപദ്രവിച്ചുനോക്കി. അവർ അദ്ദേഹത്തെ വിഷംകൊടുത്തു കൊല്ലുവാൻപോലും ശ്രമിച്ചു. പക്ഷെ, അതുകൊണ്ടൊന്നും യാതൊരുപ്രയോജനവുമുണ്ടായില്ല. ബുദ്ധൻ അദ്ദേഹത്തിന്റെ ശാന്തതയാലും അപാരമായ ബുദ്ധിവൈശിഷ്ട്യത്താലും ശത്രുക്കളെയെല്ലാം ജയിച്ച് തേജോമയനായി ജീവിച്ചു.

ബുദ്ധൻ തന്റെ ബാക്കികാലങ്ങളിലധികഭാഗവും മരച്ചുവട്ടിലിരുന്ന് സമാധിസ്ഥനായി ~~കാലം~~ കഴിച്ചുവെന്നാണ് പലരും വിശ്വസിക്കുന്നതു. ഇതു വാസ്തവമല്ല. യഥാൎത്ഥത്തിൽ, ഗൌതമബുദ്ധനെപ്പോലെ കമ്മോദ്യുക്തന്മാരായി ജീവിച്ചവർ നന്നെ ദുല്ലഭമാണ്. ബുദ്ധപദം പ്രാപിച്ചുമുതൽ നിവ്വാണംവരെ അദ്ദേഹം ലോകോപകാരാൎത്ഥം ധമ്മനീതിയെ പ്രചരിപ്പിച്ചുകൊണ്ടും സംഘബലം വദ്ധിപ്പിച്ചുകൊണ്ടും ഭാരതഖണ്ഡത്തിന്റെ മിക്കഭാഗങ്ങളിലും ചുററിത്തിരിഞ്ഞു് കാലംകഴിച്ചു. അദ്ദേഹം സത്യാന്വേഷണത്തിനായി കപിലവസ്തു വിട്ടത് ഇരുപത്തിയൊമ്പതാമത്തെ വയസ്സിലാണ്; ഇതി

നുശേഷം ആറുകൊല്ലക്കാലം പരമാത്ഥതത്വമറിവാനായി പരിശ്രമിച്ചു. പിന്നീട്, ഏറക്കുറെ മുപ്പത്തിയഞ്ചാമത്തെ വയസ്സിലാണ് അദ്ദേഹം ബൌദ്ധധമ്മം പ്രചരിപ്പിക്കുവാൻ തുടങ്ങിയതു. അതുമുതൽ അനിതരസാധാരണമായ പരിശ്രമശീലത്തോടെ അദ്ദേഹം നാല്പത്തിയഞ്ചുകൊല്ലം ധമ്മപ്രചാരം ചെയ്തു. അങ്ങിനെ, തന്റെ എൺപതാമത്തെ വയസ്സിലാണ് ഗൌതമബുദ്ധൻ കുശിനഗരത്തിലെ മല്ലികോദ്യാനത്തിൽവെച്ച് നിവ്വാണം പ്രാപിച്ചതു.

"എന്നുടെ ജീവിതോദ്ദേശമീനശ്വമാം
മന്നിടം പാലിപ്പതല്ലെന്നറിക നീ
ഉവ്വിതന്നൈകാധിപത്യത്തിനെന്നല്ല
സവ്വലോകാധിപത്യത്തിനുംമേലായി
നിവ്വേദമാന്നമഹാന്മാർ കൊതിക്കുന്ന
നിവ്വാണസാമ്രാജ്യമല്ലോതിരവുഞാൻ,"

എന്ന് കപിലവസ്തു വിട്ടപ്പോൾ ഛന്ദനോട് പ്രഖ്യാപനം ചെയ്തുപിരിഞ്ഞ സിദ്ധാത്ഥൻ, ബുദ്ധപദം പ്രാപിച്ചശേഷം, താൻ പ്രതീക്ഷിച്ചിരുന്നതുപോലുള്ള "നിവ്വാണസാമ്രാജ്യം" ലോകത്തിൽ സ്ഥാപിക്കുകയും ദയയാകുന്ന മഹത്തരമായ ഗുണത്തെ സവ്വദിക്കിലും വ്യാപിപ്പിക്കുകയും ചെയ്തു.

ഇന്ന് അനേകംകോടിജനങ്ങൾ ബുദ്ധമതം ആചരിച്ചുവരുന്നുണ്ട്. ലോകമുള്ളകാലം ഈ ശ്രേഷ്ഠമതം ഉത്തരോത്തരം പ്രചരിക്കുകയും ചെയ്യും.

ശുഭം.

# ഗ്രന്ഥകാരന്റെ മററു പുസ്തകങ്ങൾ.

| | | |
|---|---|---|
| | | ക. ണ. പ. |
| അവതാരപുരുഷന്മാർ | | 1—2—0 |
| ശ്രീ ശങ്കരാചാര്യർ | | 0—8—0 |
| ശ്രീ രാമാനുജാചാര്യർ | | 0—4—0 |
| ശ്രീ മദ്ധ്വാചാര്യർ | | 0—4—0 |
| ആരോഗ്യരത്നം | | 0-10—0 |
| രത്നമാല (നോവൽ) | | 1—0—0 |
| മോഹനസുന്ദരം (,,) | | 0-12—0 |
| സ്വർണ്ണകുമാരി (,,) | മൂന്നാം പതിപ്പ് | 0—8—0 |
| വ്യാപാരബന്ധു | രണ്ടാം പതിപ്പ് | 1—0—0 |
| കച്ചവടകണക്ക് | | 1—8—0 |
| കണക്കെഴുത്ത് | | 2—0—0 |
| വാണിജ്യഭൂമിശാസ്ത്രം | | 0-12—0 |
| ഹിതോപദേശകഥകൾ | മൂന്നാം പതിപ്പ് | 0—6—0 |
| ചിലപ്പതികാരം, മണിമേഖല | വി. സുന്ദരയ്യർ & സൺസ്, തൃശ്ശിവപേരൂർ. | |
| കിട്ടുവിന്റെ പൊട്ടത്തം (പ്രഹസനം) | | 0—6—0 |
| അന്തഃഛിദ്രം (,,) | | 0—1—0 |
| ചാമുവിന്റെ കേമത്തം (,,) | | 0—6—0 |
| കരുണ | രണ്ടാം പതിപ്പ് | 0—4—0 |
| ശബ്ദരത്നാവലി | | 0-10—0 |
| അശോകൻ | രണ്ടാം പതിപ്പ് | 0-12—0 |
| ഗൌതമബുദ്ധൻ | മൂന്നാം പതിപ്പ് | 0—8—0 |
| പതിവ്രതാരത്നം | | 0—8—0 |
| ചെറുകഥകൾ P. I | | 0—4—0 |
| ഹൈസ്കൂൾ ഭൂമിശാസ്ത്രം | P. I | 0-10—0 |
| ,, ,, | P. II | 0-14—0 |
| ,, ,, | P. III | 0-14—0 |
| ,, ,, | P. IV | 0-10—0 |

ടി. കൃഷ്ണപിഷാരടി,

THE SEN GUPTA PUBLIC LIBRARY
LOVE & SERVICE.
PUTHIYARA

G. ~~46~~ 47